2011
October 25
Vol: 04
Issue : 20

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

എല്ലാവിധ ഡി.റ്റി. പി. വർക്കുകളും പുസ്തക പ്രസിദ്ധീകരണം, (ട്രാൻസ്ലേഷൻ ഉൾപ്പെടെ) സുവനിയറുകൾ എന്നിങ്ങനെയുള്ള എല്ലാവിധ ജോലികൾക്കും

ദ ജേണൽ യു. എസ്. എ

P.O. Box: 620 742, Atlanta
GA 30362, USA
bjpathramonline@gmail.com

RNI. No.KERMAL/2008/26530 | POSTAL Reg.No. KL/TLA 225/2009-11 | Annual Subscription Rs. 100/- | Pages: 12


## സർവ്വേ : പ്രതികരണം ശക്തം




**തിരുവല്ല:** ഐ. പി. സി. ഇലക്ഷൻ 2012 ബിലീവേഴ്സ് ജേണൽ അഭിപ്രായ സർവ്വേയുമായി ബന്ധപ്പെട്ട് വിശ്വാസികളിൽ നിന്നും ശുശ്രൂഷകരിൽ നിന്നും വൻ പ്രതികരണമാണ് ലഭിക്കുന്നത്. ഇലക്ഷൻ ആരു ജയിക്കുമെന്നോ തോൽക്കുമെന്നോ ഉള്ളത് ജേണലിന്റെ താല്പര്യമല്ല. കാരണം ഐ. പി. സി. രാഷ്ട്രീയത്തിൽ ജേണലിന് കക്ഷി താല്പര്യങ്ങളില്ല. അതിനാൽ തന്നെ ആരുടെയും താല്പര്യങ്ങൾ സംരക്ഷിക്കുവാനുള്ള ബാധ്യതയും ജേണലിനില്ല. അതുകൊണ്ട് ജേണൽ നടത്തുന്ന അഭിപ്രായ വോട്ടെടുപ്പ് മുഖപക്ഷമില്ലാതെ ജനവികാരം ഉൾക്കൊള്ളുന്നതായിരിക്കും. ഞങ്ങൾ അവതരിപ്പിച്ച പാനലിൽ ഉള്ളവർ സ്ഥാനാർത്ഥിയാകുമെന്നോ ജയിക്കുമെന്നോ ഞങ്ങൾക്കുറപ്പില്ല. എന്നാൽ ഇവർ അധികാരത്തിൽ എത്തുവാൻ ജനം ആഗ്രഹിക്കുന്നുവോ എന്നുമാത്രമാണ് ഞങ്ങൾ ആരായുന്നത്.

## സ്വകാര്യ ട്രസ്റ്റുകാരെ അയോഗ്യരാക്കണം

### ജോസഫ് താന്നിയ്ക്കൽ (ഐ. പി. സി. മുൻ ജനറൽ ട്രഷറാർ)



**ഓതറ:** വരുവാൻ പോകുന്ന ഐ. പി. സി. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജേണൽ നടത്തുന്ന സർവ്വേയുടെ അറിയിപ്പു കണ്ടു. അഭിനന്ദനം. സഭയുടെ നന്മയെ ലാക്കാക്കി പ്രവർത്തിക്കുന്നവർ മുമ്പിൽ വന്നെങ്കിലെ സഭയ്ക്ക് പ്രയോജനമുള്ളു. പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്നവർ പൂർണ്ണ സമയ ശുശ്രൂഷകർ ആയിരിക്കണം. അവർക്ക് മറ്റ് സൈഡ് ബിസിനസ്സ് പാടില്ല. മാത്രമല്ല സ്വകാര്യ ട്രസ്റ്റുകൾ നടത്തുന്നവർ എക്സിക്യൂട്ടീവ് സ്ഥാനങ്ങളിൽ വരുവാൻ പാടില്ല. അതിനാൽ അത്തരക്കാരെ മത്സരിക്കുന്നതിൽ നിന്നും അയോഗ്യരാക്കണം. അതിന് ഭരണഘടനയിൽ ഭേദഗതിവരുത്തണമെങ്കിൽ അതിനും തയ്യാറാകണം. സഭയുടെ സമ്പത്ത് വ്യക്തികളിലേക്ക് എത്തുന്നത് ഒഴിവാക്കുവാൻ അതാണ് പോംവഴി. സുതാര്യമായ തെരഞ്ഞെടുപ്പ് നടക്കട്ടെ എന്നാണ് എന്റെ പ്രാർത്ഥന.

# ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

### ഐ. പി. സി.




റവ. കെ. സി. ജോൺ
റവ. വത്സൻ ഏബ്രഹാം

**2012 ജനുവരി 8 – 15**

**കുമ്പനാട്:** ഇന്ത്യൻ പെന്തെക്കോസ്ത് ദൈവസഭയുടെ 88–ാമത് ജനറൽ കൺവൻഷനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. ഐ. പി. സി. ജനറൽ കൺവൻഷൻ എന്നതിനെക്കാൾ പെന്തെക്കോസ്തു സമൂഹത്തിന്റെ മുഴുവനായും ഉള്ള കൺവൻഷൻ എന്നറിയപ്പെടുന്ന കുമ്പനാട് കൺവൻഷൻ ചരിത്ര പ്രസിദ്ധമാണ്. വിദേശീയരും സ്വദേശീയരുമായ പ്രസംഗകർ ഇത്തവണയും ശുശ്രൂഷയ്ക്കായി എത്തും. പാസ്റ്റർ കെ. സി. ജോൺ, പാസ്റ്റർ വത്സൻ ഏബ്രഹാം എന്നിവർ ജനറൽ കൺവീനറന്മാരായി പ്രാരംഭ ഒരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. വിപുലമായ കമ്മറ്റി ഉടനെ തെരഞ്ഞെടുക്കപ്പെടും.

### ഏ. ജി.




റവ. പി. എസ്. ഫിലിപ്പ്
റവ. ബാബു ജോർജ്ജ്

**2012 ജനുവരി 17 – 22**

*ഷാജൻ ജോൺ ഇടയ്ക്കാട്*
*(മീഡിയ കൺവീനർ)*

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ ജനറൽ കൺവൻഷൻ വിവിധ പരിപാടികളോടെ 2012 ജനുവരി 17 ചൊവ്വ മുതൽ 22 ഞായർ വരെ പുനലൂർ എ.ജി. ഗ്രൗണ്ടിൽ നടക്കും. സഭ സംസ്ഥാന സൂപ്രണ്ട് ഡോ. പി.എസ്. ഫിലിപ്പ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ശുശ്രൂഷക സെമിനാർ, മിഷൻ സെമിനാർ, സണ്ടേസ്കൂൾ സമ്മേളനം, വനിതാ സമ്മേളനം, യുവജനസമ്മേളനം, പൊതുസമ്മേളനങ്ങൾ തുടങ്ങിയവ ക്രമീകരിച്ചിട്ടുണ്ട്. മലയാളം ഡിസ്ട്രിക്ടിലെ മുഴുവൻ സഭകളും ഒന്നിച്ചുസമ്മേളി

### ചർച്ച് ഓഫ് ഗോഡ്




റവ. എം. കുഞ്ഞപ്പി
റവ. പി. ജി. മാത്യൂസ്

**2012 ജനുവരി 16 – 22**

**മുളക്കുഴ:** ഇൻഡ്യാ ദൈവസഭ കേരളാ സ്റ്റേറ്റ് 89–ാമത് ജനറൽ കൺവൻഷൻ 2012 ജനുവരി 16–22 വരെ തിരുവല്ലയിലുള്ള കൺവൻഷൻ സ്റ്റേഡിയത്തിൽ നടക്കും. റവ. ടിം ഹിൽ (ഫസ്റ്റ് അസിസ്റ്റന്റ് ജനറൽ ഓവർസിയർ), റവ. കെൻ ആൻഡേഴ്സൺ (ഫീൽഡ് ഡയറക്ടർ), റവ. ഡെന്നീസ് ഹെപ്നർ (ഏഷ്യൻ സൂപ്രണ്ട്) എന്നിവർ മുഖ്യ പ്രസംഗകർ ആയിരിക്കും. കൂടാതെ സ്വദേശിയരായ കർത്തൃദാസന്മാരും വിവിധ സെക്ഷനുകളിൽ പ്രസംഗിക്കും. ബൈബിൾ ക്ലാസ്സ്, യുവജന - സൺഡേസ്കൂൾ വാർഷികം, ലേഡീസ് മീറ്റിംഗ്, മിഷനറി സമ്മേളനം, ധ്യാനയോഗങ്ങൾ, ബൈബിൾ കോളേജുക

### ശാരോൻ



റവ. ഡോ. റ്റി. ജി. കോശി

**നവം. 30 – ഡിസം. 4**

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷൻ നവംബർ 30 മുതൽ ഡിസംബർ 4 വരെ തിരുവല്ല ശാരോൻ സ്റ്റേഡിയത്തിൽ നടക്കും. ഡിസംബർ1–ന് പാസ്റ്റേഴ്സ് കോൺഫറൻസ് നടക്കും. ഡോ. റ്റി. ജി. കോശി, ഡോ. റ്റി. പി. ഏബ്രഹാം എന്നിവർ ജനറൽ കൺവീനർമാരായി വിവിധ കമ്മറ്റികൾ രൂപീകരിച്ചു. പാസ്റ്റർ ഒ. റ്റി. ജോൺസൺ, പാസ്റ്റർ ജോർജ്ജ് തോമസ് (പ്രാർത്ഥന), കെ. കെ. തോമസ്, ജയിംസ് ജോൺ (ഫിനാൻസ്), പാസ്റ്റേഴ്സ് ജോൺസൺ കെ. ശമുവേൽ, റവ. എം. ജെ. ജോൺ (ഫുഡ്), കുര്യൻ മാത്യു, കെ. എസ്. മാത്യു, നൈനാൻ കെ. ജോർജ്ജ് (പബ്ലിസിറ്റി), എം.

### ഫിലദെൽഫ്യാ




റവ. ജോയി പുന്നൂസ്
റവ. കെ. ഒ. വർഗ്ഗീസ്

**നവംബർ 1 – 6**

**നവാപൂർ:** ഉത്തരഭാരതത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്തു സംഗമമായ നവാപൂർ കൺവൻഷൻ നവംബർ 1–6 വരെ മഹാരാഷ്ട്രയിലെ നവാപൂരിനു സമീപമുള്ള കരിഞ്ചികുർദ് ഫിലദൽഫിയ സ്റ്റേഡിയത്തിൽ നടക്കും. ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയുടെ നാഷണൽ ഓവർസിയർ പാസ്റ്റർ ജോയി പുന്നൂസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ബാബു ചെറിയാൻ, ബ്രദർ ആർ. സ്റ്റാൻലി, ബിഷപ്പ് ജോനാഥാൻ അൻസാർ എന്നിവർ പ്രധാന പ്രഭാഷകരായിരിക്കും. പാസ്റ്റർമാരായ കെ. വി. ഏബ്രഹാം

☞ 11

## സാക്ഷി



വില്യം ലീയെ നാടുകടത്തി
*അമേരിക്കൻ സർക്കാർ ചില സ്ഥിരം സന്ദർശകരെയും ഇതുപോലെ നാടുകടത്തിയിരുന്നെങ്കിൽ അമേരിക്കയിലെ വിശ്വാസികൾ രക്ഷപ്പെട്ടേനെ*

# വില്യം ലീയെ നാടുകടത്തി



**എറണാകുളം:** വിസാ ചട്ടം ലംഘിച്ച് സുവിശേഷ പ്രസംഗം നടത്തി എന്നപേരിൽ അറസ്റ്റിലായ ലോക പ്രശസ്ത സുവിശേഷകൻ വില്യം ലീയെ നാടുകടത്തി. ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡിന്റെ ചുമതലയിൽ എറണാകുളം കലൂർ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടന്ന മ്യൂസിക് സ്പ്ലാഷ് 2011 എന്ന പരിപാടിയിൽ പ്രസംഗിച്ചതിനാണ് ലീയെ അറസ്റ്റ് ചെയ്തത്. വിസിറ്റിംഗ് വിസയിലെത്തി പ്രാർത്ഥനാ പരിപാടിയിൽ പ്രസംഗിച്ചത് വിസാചട്ട ലംഘനംആയതിനാലാണ് പോലീസ് നടപടിയുണ്ടായത്. 15–ാം തീയതി കീഴടങ്ങിയ ലീയെ 18–ാം തീയതിവരെ റിമാൻഡ് ചെയ്തു. നെഞ്ചുവേദനയെ തുടർന്ന് തൃശൂർ മെഡിക്കൽ കോളേജ് സെല്ലിലേക്കു മാറ്റിയ ലീയെ 18 നു കോടതിയിൽ ഹാജരാക്കി. ഫോറിനേഴ്സ് ആക്ട് അനുസരിച്ചുള്ള ചട്ടലംഘനം നടത്തി എന്ന പേരിൽ കോടതി 3 ദിവസത്തെ ജയിൽവാസവും പതിനായിരം രൂപ പിഴയും ചുമത്തി. തുടർന്ന് അദ്ദേഹത്തെ നാടുകടത്തുകയായിരുന്നു.

ലോക പ്രശസ്തനും മലയാളികൾക്ക് ഏറെ പ്രിയങ്കരനുമായ വില്യം ലീ ഇതിനു മുമ്പും കേരളത്തിൽ ശുശ്രൂഷയ്ക്കായി എത്തിയിട്ടുണ്ട്. പതിനായിരങ്ങളെ ആകർഷിച്ച വില്യം ലീയുടെ പ്രസംഗങ്ങൾ മലയാളികളുടെ മനസ്സിനെ കീഴടക്കുകയും ചെയ്തു. കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് ലോക പ്രശസ്തനായ ഈ പ്രഭാഷകന്റെ അറസ്റ്റ് ഒഴിവാക്കാമായിരുന്നു എന്ന് ചിന്തിക്കുന്നവരുണ്ട്. വരുവാൻ പോകുന്ന കൺവൻഷൻ സീസണിൽ വിദേശത്തുനിന്നും വരുന്ന പ്രസംഗകരുടെ സ്ഥിതി എന്താകും എന്നത് പരക്കെ ചർച്ചയാവുകയാണ്. കാത്തിരുന്നു കാണാം.

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
ജെയ്സൺ ജോസഫ്

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

ജനറൽ എഡിറ്റർ
അനിൽ കൊടിത്തോട്ടം

ബോർഡ് മെംബേഴ്സ്
മോനി കൊടുന്തറ
പാസ്റ്റർ സണ്ണി വാകത്താനം

പബ്ലീഷർ
പീറ്റർ മാത്യു വല്ല്യത്ത്

ചീഫ് കറസ്പോണ്ടന്റ്
പാസ്റ്റർ തോമസ് തോന്നയ്ക്കൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 100 രൂപ
യു.എസ്.എ. & കാനഡ: $ 30
യു.കെ: £ 15
ഗൾഫ് രാജ്യങ്ങൾ: 1000 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
India
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105

Usa
P.O. Box:620 742
Atlanta
GA 30362, USA

Mob: 9447368795 (INDIA)

E- mail
beljourn@gmail.com
bjpathramonline@gmail.com

Website
www.beljourn.com
www.beljourn. Org

## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# ഇത് മുന്നറിയിപ്പ്



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

സമ്പന്നർക്കുവേണ്ടി മാത്രം നിയമ നിർമ്മാണം നടത്തുകയും അവർക്കു വേണ്ടി മാത്രം ഭരണം നടത്തുകയും ചെയ്യുന്ന ഭരണക്കാർക്കെതിരെ ലോകമെങ്ങും പ്രതിഷേധം വ്യാപിക്കുന്നു. ദുർഭരണത്തിലൂടെ രാഷ്ട്രീയക്കാരും ലാഭക്കൊതിയിലൂടെ ധനകാര്യ സ്ഥാപനങ്ങളും ലോകരാജ്യങ്ങളുടെ സമ്പദ് വ്യവസ്ഥകളെ തകർക്കുകയും കോടാനുകോടി സാധാരണക്കാരുടെ ജീവിതം ദുസഹമാക്കുകയും ചെയ്യുന്നതിനെതിരെ ലോകമാകെ ഉയരുന്ന പ്രതിഷേധം ഭരണാധികാരികൾക്കെതിരെ ഉയരുന്ന മുന്നറിയിപ്പാണ്. യു. എസിൽ തുടങ്ങിയ സമര പ്രകമ്പനം കടലുകൾ കടന്ന് ന്യൂസിലണ്ട്, റോം, ജപ്പാൻ ഓസ്ട്രേലിയ ഫിലിപ്പിയൻസ്, ന്യൂസിലണ്ട്, ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി തുടങ്ങിയ 82 രാജ്യങ്ങളിൽ ആഞ്ഞടിക്കുകയാണ്. ചിലയിടങ്ങളിൽ അക്രമത്തിലേക്കു സമരം അതിരുകടന്നിരിക്കുന്നു.

രാജ്യത്തിന്റെ സമ്പത്ത് ചെറിയ ന്യൂനപക്ഷം കൈയടക്കുകയും ബഹുഭൂരിപക്ഷവും ദാരിദ്ര്യത്തിലേക്കു കൂപ്പുകുത്തുകയും ചെയ്യുന്ന കാഴ്ചയാണ് ലോകമെങ്ങും കാണുന്നത്. ലാഭക്കൊതിമൂത്ത ധനകാര്യ സ്ഥാപനങ്ങളും മുതലാളിമാരും അഴിമതിയിൽ മുങ്ങിക്കുളിച്ച രാഷ്ട്രീയക്കാരും ഒന്നുചേർന്നപ്പോൾ രാജ്യങ്ങളിലെ വിഭവങ്ങൾ ചിലരിലേക്കു മാത്രം കേന്ദ്രീകരിക്കപ്പെട്ടു. ഇതിനെതിരെയാണ് ജനരോഷം ഉയരുന്നത്. വോൾസ്ട്രീറ്റിലേക്കു പതിനായിരങ്ങൾ നടത്തിയ മാർച്ച് ഭരണാധികാരികളെ ഞെട്ടിച്ചു. ഈ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചാണ് ലോകമെങ്ങും സമരം വ്യാപിച്ചത്.

ഭാരത്തിലും അഴിമതിക്കെതിരെ അണ്ണാഹസാരെയുടെ നേതൃത്വത്തിൽ നടന്ന ജന ലോക്പാൽ സമരം ശക്തിപ്പെട്ടു. എന്നാൽ രാഷ്ട്രീയ മുഖം കൈവരിച്ച സമരം ഒരു വിഭാഗം ഇപ്പോഴും സംശയത്തോടെ വീക്ഷിക്കുന്നുവെന്നത് മറ്റൊരു കാര്യം.

നമ്മുടെയിടയിലും ധനംകുമിഞ്ഞുകൂടുകയാണ്. പക്ഷേ അത് കൈകാര്യം ചെയ്യുന്നതാകട്ടെ ചെറിയ ഒരു ന്യൂനപക്ഷവും. സുവിശേഷത്തിന്റെ പേരിൽ പിരിച്ചെടുക്കുന്ന പണം സ്വകാര്യ ട്രസ്റ്റുകളിലൂടെ ഈക്കൂട്ടർ സ്വന്തമാക്കുകയാണ്. എന്നാൽ ഇവിടുത്തെ സാധാരണ വിശ്വാസികളുടെയും ഗോത്രങ്ങളുടെ വംശങ്ങളുടെ ഭാഷകളുടെയും ഒക്കെ പേരിൽ ഇവർ സ്വരൂപിച്ച പണം അംബാനിമാരുടെ ശേഖരത്തെക്കാൾ കവിയുമെന്ന് സ്പഷ്ടം. ഇവിടെയും ഒരു ജന മുന്നേറ്റത്തിനു താമസമില്ല. സുവിശേഷീകരണത്തിനോ സഭകളുടെ നന്മക്കോ ചില്ലിക്കാശുമുടക്കാതെ തന്നെ ഇക്കൂട്ടർ ആത്മീയ നേതൃത്വ കുപ്പായം ധരിച്ച് ജനത്തെ വഞ്ചിക്കുകയാണ്. കബളിപ്പിക്കപ്പെടുന്നവർ നടത്തുന്ന തിരിച്ചടിയാണ് വോൾസ്ട്രീറ്റ് സമരത്തിലൂടെ വെളിപ്പെട്ടത്. പെന്തെക്കോസ്തിലും ആ കാലം വിദൂരമല്ലെന്ന് നേതാക്കന്മാർ മനസിലാക്കുന്നത് നന്ന്.

അകം പൊരുൾ

# സിക്ലാഗ് ഒരു വിജയപാഠം



പാസ്റ്റർ തോമസ് തോന്നയ്ക്കൽ
tthonnackal@gmail.com

പഴയനിയമത്തിലെ സിക്ലാഗ് ഫെലിസ്ത്യദേശത്തിന്റെയും യഹൂദയുടെയും അതിർത്തിയിലുള്ള ഒരു ചെറുപട്ടണമായിരുന്നു. ശൗൽരാജാവിനാൽ നിരന്തരം വേട്ടയാടപ്പെട്ട ദാവീദിന് ഗത്ത് രാജാവായ ആഖീശ് നല്കിയ അഭയ കേന്ദ്രമായിരുന്നു സിക്ലാഗ്. ദാവീദിന്റെ പിതൃദേശമായ ബെത്ലഹേമിൽ നിന്നും രാജാവായി പട്ടാഭിഷേകം ചെയ്യപ്പെട്ട യെരുശലേമിനും മദ്ധ്യേയുള്ള ഒരു ഇടത്താവളമായിരുന്നു സിക്ലാഗ്.

സിക്ലാഗിൽ വലിയൊരു ദുരന്തത്തിന് ദാവീദും അനുചരന്മാരും സാക്ഷ്യം വഹിക്കേണ്ടിവന്നു. കൊള്ളയും കൊള്ളിവെയ്പും തൊഴിലാക്കി ദേശാന്തരഗമനം (nomadic) ചെയ്യുന്ന അമാലേക്യർ സിക്ലാഗ് ആക്രമിച്ചു. യിസ്രായേല്യരും ഫെലിസ്ത്യരുമായുള്ള യുദ്ധത്തിൽ ദാവീദും കൂട്ടരും ആഖീശ് രാജാവിനെ സഹായിക്കാൻ അഫെക്കിൽപോയ തക്കത്തിനു സിക്ലാഗിൽ എത്തിയ അമാലേക്യർ കൊള്ള നടത്തുകയായിരുന്നു. ഭാര്യമാരെയും മക്കളെയും ആടുമാടുകളെയും പിടിക്കയും സിക്ലാഗ് തീവെച്ച് നശിപ്പിച്ചശേഷം അമാലേക്യർ മടങ്ങുകയായിരുന്നു. സിക്ലാഗിൽ എത്തിയ ദാവീദും കൂട്ടരും ഈ ദുരന്തരംഗം കണ്ട് ഞെട്ടി. ഹൃദയം തകരുന്ന അവസ്ഥ. തങ്ങളുടെ ഭാര്യമാരെയും മക്കളെയും ഓർത്ത് അവർ വാവിട്ട് കരഞ്ഞു. അവർ ബലമില്ലാതാകുവോളം ഉറക്കെ കരഞ്ഞു. കനത്ത പ്രലാപനത്താൽ സിക്ലാഗ് മുഖരിതമായി. പുരുഷ കേസരികൾ ഹൃദയ ഭേദകമാംവിധം വിലപിച്ചു.

വേദപുസ്തക വിശുദ്ധന്മാരെല്ലാം വേദനകളിൽ കരഞ്ഞവരായിരുന്നു. ഹൃദയ ദു:ഖങ്ങൾ അവർ അടക്കിവെച്ചില്ല. അവർ സങ്കടം ദൈവമുമ്പാകെ പകർന്നു. ഭക്തന്മാരുടെ പ്രാർത്ഥനകളിൽ കണ്ണീർ ചാലുണ്ടായിരുന്നു. യേശു കർത്താവ് പോലും ലാസറിന്റെ കല്ലറയ്ക്കൽ വെറുമൊരു മനുഷ്യനെ പോലെ കരഞ്ഞു. യേശു കണ്ണീർ വാർത്തുവെന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നു. മനുഷ്യ ദു:ഖങ്ങളോട് ദൈവപുത്രനായ യേശുവിന്റെ താദാത്മ്യതയെ ഇത് കാണിക്കുന്നു. കരയുവാൻ പോലും ക്രിസ്തു മാതൃകയാവുകയായിരുന്നു. ദാവീദും സിക്ലാഗിൽ തന്റെ അനുചരന്മാർക്കൊപ്പം കരഞ്ഞു. സഹജീവികളുടെ ദു:ഖങ്ങളിൽ ദൈവമക്കൾ പങ്കാളിയാവണം.

ദാവീദും കൂട്ടരും അവരുടെ ഭാര്യമാരെയും മക്കളെയും ഓർത്ത് കരഞ്ഞപോലെ ആത്മീകമായി നഷ്ടമായവരെ ഓർത്ത് ദൈവഭക്തർ കരയേണ്ടിയിരിക്കുന്നു. രക്ഷിക്കപ്പെടാത്തവർ ആത്മീയമായി ശത്രുവായ പിശാചിന്റെ പിടിയിലാണ്, ബന്ധനത്തിലാണ്. ഭാര്യമാരോ ഭർത്താക്കന്മാരോ മക്കളോ ബന്ധുക്കളോ മറ്റുപ്രീയപ്പെട്ടവരോ രക്ഷിക്കപ്പെടാത്തവരായി ഉണ്ടെങ്കിൽ അവരെഓർത്ത് ദൈവമുമ്പാകെ കയ്പ്പോടെ കരയേണ്ടതാണ്. കരച്ചിൽ കർത്താവ് കാണുകയും വിടുതൽ നൽകുകയും ചെയ്യും.

സങ്കടവും നിരാശയും മുത്ത് ദാവീദിന്റെ അനുചരന്മാർ ദാവീദിന് എതിരെ തിരിഞ്ഞു. അവർ ദാവീദിനെ കല്ലെറിയാൻ തീരുമാനിച്ചു. പക്ഷെ ദാവീദ് യഹോവയിൽ ധൈര്യപ്പെട്ടു. (1 ശമു 30:6). സകലവും പ്രതികൂലമായ സാഹചര്യത്തിൽ മാനുഷികമായ പരിഹാരം തേടാതെ ഭക്തനായ ദാവീദ് യഹോവയെ ശരണപ്പെട്ടു. സകലവും നഷ്ടമായ സാഹചര്യത്തിൽ തമ്മിലടിച്ച് പിരിയുക എന്ന ഭോഷത്തരം കാണിക്കാതെ ദാവീദ് സംയമനം പാലിച്ച് യഹോവയുടെ ആലോചന തേടി. അമാലേക്യരെ പിന്തുടർന്ന് അവരെ തോല്പിക്കാനും നഷ്ടമായതെല്ലാം തിരികെ പിടിക്കാനും ദാവീദിന് യഹോവ ആലോചന നൽകി. യഹോവയുടെ ആലോചന പ്രകാരം മുന്നോട്ടുപോയ ദാവിദിനും സംഘത്തിനും യഹോവ വൻ വിജയം നൽകി. അമാലേക്യർ അപഹരിച്ചു കൊണ്ടു പോയതിൽ ചെറുതോ വലുതോ പുത്രന്മാരോ പുത്രിമാരോ കൊള്ളയോ യാതൊന്നും കിട്ടാതിരുന്നില്ല; ദാവീദ് എല്ലാം മടക്കി കൊണ്ടുപോന്നു. (1ശമു 30:19).

ഭക്തന്മാരുടെ ജീവിതത്തിൽ സിക്ലാഗിനു സമാനമായ നഷ്ടങ്ങളും കഷ്ടങ്ങളും വേദനകളും സംഭവിക്കാം. അത്തരം പ്രതിസന്ധികളെ കർത്തൃഹിതത്തിനൊത്ത് നേരിടുകയാണെങ്കിൽ തീർച്ചയായും വിജയം നമ്മുടേതാണ്. പ്രശ്നങ്ങളുടെ മുമ്പിൽ ദൈവമക്കൾ വളരെ കരഞ്ഞ് പ്രാർത്ഥിക്കയും ദൈവഹിതത്തിന്റെ നേരായ മാർഗങ്ങൾ തേടുകയും വേണം. അപ്പോൾ അത്ഭുതകരമായ വഴികൾ തുറക്കപ്പെടും.

ബെത്ത്ലഹേമിലെ ഒരാട്ടിടയബാലനായ ദാവീദിനെ ദൈവം അഭിഷേകം ചെയ്തു ശൗലിന്റെ കൊട്ടാരത്തിൽ എത്തിച്ചു. അവിടെ സുഖസൗകര്യങ്ങളുടെ പട്ടുമെത്തയല്ല പോരാട്ടങ്ങളുടെ ദുർദിനങ്ങളാണ് ദാവീദിനെ കാത്തിരുന്നത്. കാട്ടിലും മലയിലും മരുഭൂമിയിലും ദാവീദ് ശൗലിനാൽ വേട്ടയാടപ്പെട്ടു. ഒടുവിൽ ഗത്തിൽ ആഖീശ് രാജാവിനടുക്കൽ അഭയം തേടി സിക്ലാഗിൽ എത്തി. സിക്ലാഗ് സുരക്ഷിതമായിരിക്കുമെന്നാണ് ദാവീദ് കരുതിയത്. പക്ഷെ അവിടെ എല്ലാ പ്രതീക്ഷകളും അസ്തമിക്കുകയായിരുന്നു.

കടുത്ത നിരാശയ്ക്കടിമപ്പെടേണ്ട ദാവീദ് യഹോവയിൽ ശരണപ്പെട്ടു. സകലവും കത്തിയമർന്ന ചാര കൂനയിൽ നിന്നും ഒരു ഫിനിക്സ് പക്ഷിയെപോലെ ദാവീദിന്റെ പ്രതീക്ഷകൾ പറന്നുയർന്നു. നഷ്ടമായതൊക്കെ ദാവീദ് തിരികെ പ്രാപിച്ചു. നമുക്കു നഷ്ടമായ ആത്മീകാനുഗ്രഹങ്ങൾ, ആരോഗ്യം, സമ്പത്ത്, മന:സമാധാനം എന്നിവ യേശുവിന്റെ നാമത്തിൽ തിരികെ പ്രാപിക്കാം എന്ന സന്ദേശം ദാവീദിന്റെ സിക്ലാഗ് വിജയത്തിലുണ്ട്.

# എൽ. എ. സമ്മേളനം

പാറമ്പുഴ: ഇന്ത്യ പൂർണ്ണ സുവിശേഷ ദൈവസഭ കേരള റീജിയൻ ഏറ്റുമാനൂർ സെന്റർ എൽ. എ. സമ്മേളനം ഒക്ടോ. 5 ന് തിബെര്യാസ് വർഷിപ്പ് സെന്ററിൽ വച്ചു നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ ലാലുതോമസ് ഉദ്ഘാടനം ചെയ്തു. സിസ്റ്റർ കൊച്ചുമോൾ ലാൽ അദ്ധ്യക്ഷതവഹിച്ചു. സിസ്റ്റർ ഗ്രേസിക്കുട്ടി എം. മുഖ്യ സന്ദേശം നൽകി. പാസ്റ്റേഴ്സ് മാത്യൂ ശമുവേൽ വി. ജെ. ഐസക് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

വേദശാസ്ത്ര പഠനം

ക്രമീകൃത ദൈവശാസ്ത്രം

# സഭാ വിജ്ഞാനീയം



എഡിസൺ തോമസ്, വേങ്ങൂർ

– കഴിഞ്ഞ ലക്കം തുടർച്ച –

**ശുശ്രൂഷകന്മാരുടെ യോഗ്യതകൾ**

പൗലോസ് നല്കുന്ന യോഗ്യതകളാണ്

തിമൊ 3:8-13 -ൽ കാണുന്നത്

1. ഫലനശാലി
2. ഇരുവാക്കുകൾ അരുത്
3. മദ്യപ്രിയൻ അരുത്
4. ദുർലാഭ മോഹി അരുത്
5. ഏക ഭാര്യയുടെ ഭർത്താവായിരിക്കണം
6. കുടുംബ ജീവതത്തിൽ കുറ്റമില്ലാത്തവൻ ആയിരിക്കണം.

**സഭയുടെ കർമ്മങ്ങൾ (കൂദാശകൾ)**

ക്രൈസ്തവ സഭയ്ക്കു പ്രധാനമായും രണ്ടു കൂദാശകളാണ് അഥവാ കർമ്മങ്ങളാണ്, സ്നാനവും, തിരുവത്താഴവും. എന്നാൽ ചില പ്രൊട്ടസ്റ്റന്റ് സഭകൾ അതിനോടു കൂടെ ഒന്നുകൂടി ചേർത്തുമൂന്നാക്കിത്തീർത്തിരിക്കുന്നു, അതായത് സ്നാനവും, തിരുവത്താഴവും, പാദം കഴുകലും. എന്നാൽ കത്തോലിക്കാ സഭയ്ക്ക് ഏഴ് കർമ്മങ്ങളാണ്. മാമോദീസ, കുർബ്ബാന അഥവാ തിരുവത്താഴം ..................കരണം, കുമ്പസാരം, തൈലാഭിഷേകം, വിശുദ്ധ....., വിവാഹം പട്ടത്വ സഭകൾ ഇതിനെ സാക്രമെന്റും (Sacramentum) എന്ന ലാറ്റിൻ പദമാണ് ഉപയോഗിച്ചത് ഇതിനെ അർത്ഥമാക്കുന്നത് കൂദാശകൾ എന്നാണ്. കൂദാശ എന്നാൽ എന്ത്? വിശുദ്ധമായതിനുവേണ്ടി വേർതിരിക്കപ്പെട്ട കാര്യം എന്നത്രേ. ഒരു ഭക്തനു ഹൃദയത്തിൽ പകർന്നിരിക്കുന്ന ആത്മീയ കൃപകളുടെ ദൃശ്യമായ അടയാളമാണ് കർമ്മങ്ങൾ എന്ന് സെന്റ് അഗസ്റ്റിൻ പ്രസ്താവിച്ചിട്ടുണ്ട്. സ്നാനവും, തിരുമേശയും ക്രിസ്തുവിന്റെ പ്രത്യേക കല്പനയാൽ സ്ഥാപിതമായിരിക്കുന്നതുകൊണ്ട് ദൈവീക രാജ്യത്തിന്റെ ആന്തരീക ബന്ധത്തെക്കുറിക്കുന്നതുകൊണ്ടും ഈ കൂദാശകളിൽ നിന്നും ഒരു സഭയ്ക്കും സംഘടനയ്ക്കും ഒഴിഞ്ഞുമാറുവാൻ കഴിയുകയില്ല. ക്രിസ്തുവിനു ശേഷം ജീവിച്ചിരുന്ന എല്ലാ ഭക്തന്മാരും എല്ലാക്കാലത്തും ജീവിക്കുന്ന ഭക്തന്മാരും എല്ലാ രാജ്യങ്ങളിലും ജീവിക്കുന്ന ഭക്തന്മാരും ഒരുപോലെ പാലിക്കേണ്ടതും സ്വീകരിക്കേണ്ടതുമായ കർമ്മങ്ങളാണ് മുകളിൽ പ്രസ്താവിച്ചിരിക്കുന്നത്.

**സ്നാനം**

യോഹന്നാൻ സ്നാപകന്റെ കാലം വരെ യെഹൂദമതത്തിൽ ചേരുവാൻ ആഗ്രഹിച്ച യെഹൂദന്മാരല്ലാത്ത വർക്കു സ്നാനം നല്കി സ്വീകരിക്കുന്ന രീതി ഉണ്ടായിരുന്നു. അത് യോഹന്നാൻ സ്നാപകൻ പാപത്തിൽ നിന്നും പിൻതിരിയുന്നതിന്റെ ലക്ഷണമായി യെഹൂദന്മാരോട് സ്നാനം സ്വീകരിക്കുവാൻ ആവശ്യപ്പെട്ടു. മത്താ. 3: 1-5,9. സ്നാനം എന്നതിന് ഗ്രീക്കിൽ ബാപ്റ്റിസോ (Baptizo) എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. 'താഴ്ത്തുക, മുക്കുക, നിമർജ്ജനം ചെയ്യുക' എന്നൊക്കെ അർത്ഥം. നയമാൻ യോർദ്ദാനിൽ മുങ്ങി എന്ന ഭാഗത്ത് ഇതേ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. സ്നാനം എന്നാൽ കുളി എന്നു വിളിക്കും. യേശുവും ശിഷ്യന്മാരും സ്നാനം ഏറ്റതായി വിശ്വസിക്കുന്നു. പലരും ചോദിക്കുന്ന ഒരു ചോദ്യമാണ് സഭയോടും ക്രിസ്തുവിനോടും ചേരുവാൻ സ്നാനം അനിവാര്യമാണോ എന്റെ അഭിപ്രായത്തിൽ തീർച്ചയായും അനിവാര്യമാണ്. അതിന്റെ കാരണങ്ങൾ.

1. യേശുവിന്റെ കല്പന. മത്താ. 28:18-20
2. ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളിയാകുന്നു. റോമ 6:1-7
3. ക്രിസ്തുവിനെ ധരിക്കുവാൻ ഗലാ 3:27
4. ദൈവനീതി നിവർത്തിയാക്കുവാൻ മത്താ. 3:15

സ്നാനം, പാപസംബന്ധമായി മരിച്ച് പുതുജീവനായി ഉയർത്തെഴുന്നേറ്റിരിക്കുന്നതിന്റെ അടയാളവും നമ്മുടെ രക്ഷകനായ യേശു ക്രിസ്തുവിന്റെ ക്രൂശീകരണം, അടക്കം, ഉയർപ്പ് എന്നിവയോടുള്ള ഏകീഭാവവിശ്വാസത്തിന്റെ ലക്ഷണമായി സ്നാനത്തെ കാണാം. ഇത് പിതാവിന്റെയും, പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പ്രാദേശിക സഭയുടെ അധികാരത്തിൻ കീഴിൽ ഒരു വിശ്വാസി ഏൽക്കേണ്ടതാണ്. സഭയുടെ ഉപദേശത്തെക്കാൾ വചനാനുസരണമുള്ള ക്രൈസ്തവ സ്നാനമാണ് വിശ്വാസികൾക്കു ആവശ്യം. പ്രത്യേകം ഓർക്കേണ്ടത് സ്നാനം രക്ഷയ്ക്കു വേണ്ടിയുള്ളതല്ല മറിച്ച് രക്ഷിക്കപ്പെട്ടവർ അനുഷ്ഠിക്കേണ്ടതായ കല്പനയാണ്.

**തിരുവത്താഴം**

ക്രൈസ്തവ സഭയുടെ രണ്ടാമത്തെ കർമ്മമാണ് അഥവാ കൂദാശയാണ് തിരുവത്താഴം. യേശു ശിഷ്യന്മാരുമായി കഴിച്ച അന്ത്യ അത്താഴത്തെ അടിസ്ഥാനപ്പെടുത്തിയത്രേ. ഇത് അനുഷ്ഠിക്കുന്നത്. തിരുമേശ കർത്താവിന്റെ മരണത്തെ സ്മരിക്കുന്നതിനായി തന്റെ കല്പനപ്രകാരവും അപ്പോസ്തലിക മാതൃക അനുസരിച്ചും പ്രാദേശിക സഭയിലെ ഓരോ അംഗവും തന്നെത്താൻ ശോധന ചെയ്തു വിശുദ്ധിയോടും, ഭയത്തോടും. ഭക്തിയോടും പുളിപ്പില്ലാത്ത അപ്പവും മുന്തിരിച്ചാറുമെന്ന സ്മാരക വസ്തുക്കളിൽ ഭാഗഭാക്കാക്കുന്നത് സഭാംഗമെന്ന പദവിക്കും തിരുമേശ പങ്കാളിത്തത്തിനും അനിവാര്യമാണ്. സ്നാനം ഒരിക്കൽ മാത്രവും കർത്തൃമേശ കർത്താവിന്റെ മേഘ പ്രത്യക്ഷതവരെയും ആവർത്തിക്കപ്പെടേണ്ടതുമാണ്. 1 കൊരി 11:23-28.

**തിരുവത്താഴത്തിന്റെ വ്യത്യസ്ത പേരുകൾ**

1. തിരുവത്താഴം, 1 കൊരി 11: 20,25, ഇത് സന്ധ്യാസമയത്ത് കഴിച്ചതുകൊണ്ട് കർത്താവ് ഇതിനെ നല്കിയ പേരാണ് തിരുവത്താഴം.
2. കർത്തൃമേശ - വേർപെട്ട സഭകൾ പൊതുവെ അംഗീകരിച്ചിരിക്കുന്ന പേരാണ് കർത്തൃമേശ. കർത്താവിന്റെ ശരീരവും, രക്തവും എന്ന സ്മരണയോടെ അപ്പവീഞ്ഞുകൾ വച്ചിരിക്കുന്ന തിരുമേശയാണ്. 1 കൊരി 10:21
3. കൂട്ടായ്മ കൂട്ടായ്മ എന്ന ഗ്രീക്കു പദത്തിൽനിന്നാണ് ഈ ആശയം ഉണ്ടായത്. പൊതുവായ പങ്കാളിത്വം എന്നതാണ് ഇതിൽ ഉദ്ദേശിക്കുന്നത്. 1 കൊരി 10:16
4. മുസ്റ്റീറിയോൻ - മർമ്മം എന്നർത്ഥം നല്കുന്ന ഈ പദം കർത്താവിനോടുള്ള ബന്ധത്തിൽ വളരെ രഹസ്യവും പാപനവുമായി കാണേണ്ട ശുശ്രൂഷയാകുന്നു. ഇത് ഒരു മർമ്മമായി സൂക്ഷിച്ചുകൊണ്ട് അർത്ഥം വരുന്ന മുസ്റ്റീറിയോൻ എന്ന പേര് സഭാ പിതാക്കന്മാർ ഇതിനുപയോഗിച്ചു
5. യൂക്കാറ്റിസ്റ്റ്- നന്ദി അർപ്പണം എന്നാണ് ഈ ഗ്രീക്ക് വാക്കിന്റെ അർത്ഥം നമ്മേ വീണ്ടെടുത്തതിന് ദൈവത്തിനു നന്ദി അർപ്പിക്കു എന്നാണ്. ഇതുകൊണ്ട് അർത്ഥമാക്കുന്നത്.

ക്രിസ്തീയ സഭയുടെ ഒരു പ്രധാന കൂദാശയായ കർത്തൃമേശ

04

---

യുവജന പംക്തി

# തീവ്രമായ ശ്രമം



ബിനുജോസഫ് വടശ്ശേരിക്കര
09495834994

– കഴിഞ്ഞ ലക്കം തുടർച്ച –

**3. ആത്മവിശ്വാസം (Self confidence)**

ആത്മവിശ്വാസത്തിന്റെ താക്കോലും ദൈവാശ്രയം തന്നെയാണ്. മറ്റൊരദ്ധ്യായത്തിൽ ആത്മവിശ്വാസത്തെപറ്റി പ്രതിപാദിക്കുന്നതിനാൽ ഇവിടെ വിശദീകരിക്കുന്നില്ല. വിജയത്തിലേക്കുള്ള മറ്റൊരു പടിയാണ് ആത്മവിശ്വാസം. തനിക്ക് കഴിയുമെന്ന ഹൃദയബോദ്ധ്യമാണ് ആത്മവിശ്വാസം എന്നത്; ജീവിതത്തിൽ ലക്ഷ്യം നേടിയെടുക്കാൻ കഴിയുമെന്ന ബോദ്ധ്യം നാം വളർത്തിയെടുക്കണം. സ്വന്തം ആത്മവിശ്വാസത്തെ തകർക്കുന്നവയെ ഒഴിവാക്കണം.

**4. ദൈവാശ്രയം (Dependence on God)**

വിജയത്തിലേക്കുള്ള പരമപ്രധാനമായ ചുവടാണ് ദൈവാശ്രയം എന്നത്. ദൈവാശ്രയം (Dependence on God) എന്നതുകൊണ്ട്; **സ്വന്തം ജീവിതത്തിൽ ദൈവത്തെ കൂടാതെ ഒന്നും സാദ്ധ്യമല്ലെന്നറിവും ദൈവമാണ് സർവ്വശക്തിയുടെയും ജ്ഞാനത്തിന്റെയും ഉറവിടം എന്നും മനസ്സിലാക്കി ദൈവസന്നിധിയിൽ സമ്പൂർണ്ണമായി സമർപ്പിച്ച് ചുവടു വെയ്ക്കുന്നതാണ് യഥാർത്ഥത്തിൽ ദൈവാശ്രയം.** പലപ്പോഴും സ്വന്തം കഴിവിലും, ബലത്തിലും, നേട്ടങ്ങളിലും പുകഴുന്ന മനുഷ്യൻ, തനിക്ക് കഴിയില്ല എന്ന വാസ്തവം അംഗീകരിക്കണമെങ്കിൽ പരാജയവും ബലഹീനതയും നേരിടണം. മറ്റൊർത്ഥത്തിൽ 'സ്വയം ഒന്നും കഴിയില്ല' എന്ന പരമാർത്ഥം അംഗീകരിക്കുവാനായി ദൈവം പ്രതിസന്ധിയിൽ കൂടി നമ്മെ നയിക്കാം. എല്ലാം അസ്ഥാനത്താകുമ്പോഴാണ് നാം ദൈവത്തിൽ ആശ്രയിക്കുന്നത്. എന്നാൽ എപ്പോഴെല്ലാം നാം ദൈവത്തിൽ ആശ്രയിച്ച് ചുവടു വെക്കുമോ അപ്പോൾ നാം വിജയികളാകും. ദൈവവചനം പറയുന്നു; "യഹോവയിൽ ആശ്രയിക്കുന്നവർ; കുലുങ്ങാതെ എന്നേക്കും നിൽക്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു." (സങ്കീ. 125:1)

ജീവിതത്തിലെ പ്രത്യാശ നഷ്ടപ്പെട്ട് നിരാശയിൽ മുങ്ങിപോകാവുന്ന അവസ്ഥയിൽ ക്രിസ്തുഭക്തനായ പൗലോസ് പറയുന്നു; "എപ്പോഴും സന്തോഷിപ്പീൻ" (ഫിലി. 4:4) മറ്റൊരുവിധത്തിൽ പറഞ്ഞാൽ; യേശു എന്നോടു കൂടെയുള്ളതിനാൽ ഞാൻ എപ്പോഴും സന്തോഷവാനാകും.

*'മിഷനറീസ് ഓഫ് ചാരിറ്റി' (Missionaries of Charity) എന്ന പ്രവർത്തനത്തിന്റെ സ്ഥാപകയായ ആഗ്നസിന്റെ ജീവിതം ഇതിനൊരുദാഹരണമാണ്. യൂഗോസ്ലാവാക്കിയയിൽ ജനിച്ച ഈ യുവതി കൽക്കട്ട തെരുവിലെ നിരാലംബരെ സഹായിക്കുവാൻ തയ്യാറായപ്പോൾ പ്രതിസന്ധികൾ അനവധിയായിരുന്നു. എന്നാൽ സേവനത്തിലൂടെ യേശുവിന്റെ സ്നേഹം അനേകർക്ക് കാട്ടികൊടുത്ത് 'മദർ തെരേസ' എന്ന പേരിന് അവർ യോഗ്യയായത് യേശു തന്നോടൊപ്പം ഉള്ളതിനാൽ മാത്രമായിരുന്നു. യേശുവാണ് എന്റെ വിജയം എന്ന് ഉച്ചസ്തരം ഘോഷിക്കുന്ന മദർ എപ്പോഴും പറയും Jesus you are in my heart, I believe in your tender love for me", (യേശുവേ അങ്ങ് എന്റെ ഹൃദയത്തിൽ ഉണ്ട്. എനിക്കുവേണ്ടിയുള്ള അങ്ങയുടെ സ്നേഹത്തിൽ ഞാൻ വിശ്വസിക്കുന്നു.)*

**ദൈവത്തിൽ ആശ്രയിക്കുന്ന നിങ്ങൾ വിശ്വസിക്കേണ്ട ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.**

യേശു എന്റെ കൂടെയുണ്ട്. ആ യേശുവാണ് എന്റെ വിജയം.

യേശു എന്റെ കൂടെയുള്ളതിനാൽ ഞാൻ പരാജയത്തെ ഭയപ്പെടുകയില്ല.

എല്ലാം പ്രതികൂലം ആയാലും എനിക്കുവേണ്ടി വഴിതുറക്കുവാൻ

യേശു ശക്തനാണെന്ന് ഞാൻ അറിയുന്നു.

എന്റെ പരാജയത്തെപോലും വിജയമാക്കുവാനും എന്റെ നിരാശ

പ്രത്യാശയാക്കുവാനും യേശുവിന് കഴിയും.

ആരെല്ലാം എന്നെ തള്ളികളഞ്ഞാലും എന്റെ യേശു എന്നെ

ഉപേക്ഷിക്കുകയില്ല. അവൻ എന്റെ രക്ഷകനും കർത്താവുമാണ്.

എന്റെ കഴിവുകളും, നേട്ടങ്ങളും, ശക്തിയും, എല്ലാം ദൈവദാനമാണ്. അതിനാൽ ഞാൻ അതിൽ അഹങ്കരിക്കുകയില്ല.

നിങ്ങളുടെ ജീവിതത്തിൽ പ്രതീക്ഷകളും ആഗ്രഹങ്ങളും അനവധിയാകാം. എന്നാൽ അവയെ എങ്ങനെ കരഗതമാക്കാം എന്നത് നിങ്ങൾക്ക് അറിയില്ലായിരിക്കാം. ഒരുപക്ഷേ അറിവുണ്ടെങ്കിൽ സാദ്ധ്യമോ? എന്ന് ചിന്തിക്കുന്നുണ്ടാകാം. എന്നാൽ ഓർക്കുക പലതും നിങ്ങളുടെ സ്വന്ത പ്രയത്നങ്ങൾ കൊണ്ട് നേടുവാൻ കഴിയുകയില്ല. നിങ്ങളുടെ സ്വന്ത അദ്ധ്വാനവും പ്രവൃത്തികളും നിങ്ങളെ പരാജയത്തിൽ കൊണ്ടെത്തിക്കാം. പക്ഷേ ദൈവത്തിൽ ആശ്രയിച്ചാൽ നിങ്ങളുടെ സ്വപ്നങ്ങൾ പൂവണിയും.

*ദൈവാശ്രയത്തോടുള്ള അദ്ധ്വാനമാണ് യഥാർത്ഥ വിജയത്തിലെത്തിക്കുന്നത്.*

ദൈവാശ്രയമില്ലാത്താവൻ അനേക നേട്ടങ്ങൾ നേടിയാലും അവൻ വിജയാളിയാകയില്ല. ജീവിതത്തിലെ യഥാർത്ഥ വിജയം എന്നത്; ദൈവത്തിന്റെ ഏക പുത്രനായ യേശുവിനെ രക്ഷകനും കർത്താവും ആയി അംഗീകരിച്ച് യേശുവിനുവേണ്ടി ജീവിക്കുന്നതാണ്. യേശുവില്ലാത്ത ജീവിതവും വിജയവും വിജയമല്ല. വെറും നേട്ടങ്ങൾ മാത്രം. അനേകം നേട്ടങ്ങൾ നേടിയിട്ട് സ്വന്തം ആത്മാവിനെ നിത്യനരകത്തിലേക്ക് നയിച്ചാൽ എന്തു പ്രയോജനം? ലോകത്തിലെ നേട്ടങ്ങൾ മരണം കൊണ്ടവസാനിക്കുമ്പോൾ, യഥാർത്ഥ വിജയം നേടിയ വ്യക്തിയാണ് നിങ്ങളെങ്കിൽ യേശുവിനൊപ്പം നിത്യത ഉറപ്പാണ്.

**മർത്ത്യമാം വിജയം നേടുവാൻ**
**മനുജാ,**
**വ്യർത്ഥമാം അദ്ധ്വാനം മാത്രം**
**മതിയോ?**
**നിത്യമാം വിജയം കാംഷിക്കുന്നെങ്കിൽ,**
**യേശു തന്നരികെ വന്നണയൂ.**

## തിരഞ്ഞെടുത്തു



**കൊട്ടാരക്കര:** പി.വൈ.പി.എ കൊട്ടാരക്കര സോണൽ പബ്ളിസിറ്റി കൺവീനറായി പാ.രാജൻ ജോർജ്ജ് തിരഞ്ഞെടുക്കപ്പെട്ടു. ഐ.പി.സി കലയപുരം സെന്റെറിലെ ശുശ്രൂഷകനും കേരളസ്റ്റേറ്റ് പി. വൈ.പി.എയുടെ പ്രസിദ്ധീകരണമായ യുവജനകാഹളം അസോസിയേറ്റ് എഡിറ്ററുമാണ്.

## സി. എ. ഭാരവാഹികൾ

അസംബ്ലീസ് ഓഫ് ഗോഡ് പത്തനംതിട്ട സെക്ഷൻ സി. എയുടെ ഭാരവാഹികളായി പാസ്റ്റർ ഷിബു മാത്യു, കുമ്പഴ (പ്രസിഡന്റ്), പാസ്റ്റർ ഷിബു ഫിലിപ്പ് (സെക്രട്ടറി), പാസ്റ്റർ സജിമോൻ. വി. കെ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. പാസ്റ്റർ ജോസ്. കെ. തോമസിന്റെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം നടത്തപ്പെട്ടു. യുവജനങ്ങളുടെ ആത്മീയ ഉണർവ്വിന് നേതൃത്വം നൽകികൊണ്ട് സുവശേഷീകരണം, ക്യാമ്പുകൾ, സെമിനാറുകൾ, താലന്ത് പരിശോധന, സേവനപ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തും.

## കൺവൻഷൻ

**ചാരുംമൂട്:** ചാരുംമൂട് യു. പി. എഫിന്റെ നേതൃത്വത്തിലുള്ള 5- മത് കൺവൻഷൻ 2011 നവംബർ 10,11,12,13 തീയതികളിൽ ചാരുംമൂട് യു. പി. എഫ് നഗറിൽ നടക്കും. ദിവസവും വൈകിട്ട് 6 മണി മുതൽ 9 വരെ നടക്കുന്ന യോഗങ്ങളിൽ റവ. ജോയി പാറയ്ക്കൽ (അങ്കമാലി), റവ. കെ. സി. ജോൺ (നെടുമ്പ്രം), റവ. അനിൽ കൊടിത്തോട്ടം (തിരുവല്ല), റവ. റ്റി. ജെ. ശാമുവേൽ (പുനലൂർ) തുടങ്ങിയവർ വചനശുശ്രൂഷയ്ക്ക് നേതൃത്വം നല്കും. ഗോസ്പൽ സിംഗേഴ്സ് (കൊല്ലം) ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കും.

## ബ്ലസ്സ് നീണ്ടൂർ

ഐ. പി. സി. കുറവിലങ്ങാട് ഏരിയയുടെയും അതിരമ്പുഴ സെഹിയോൻ ഐ. പി. സി. പ്രർത്ഥനാലയത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നീണ്ടൂർ വ്യാപാരഭവനിൽ ഉപവാസ പ്രാർത്ഥനയും ഉണർവ്വ്യോഗങ്ങളും നടന്നു. ബ്ലസ്സ് നീണ്ടൂർ എന്ന പേരിൽ 26,27,28 തീയതികളിൽ നടത്തപ്പെട്ട യോഗങ്ങളിൽ പാസ്റ്റർമാരായ അജീഷ് ആന്റണി, വി. എം. സാമുവേൽ, സുരേഷ് കീഴൂർ എന്നിവർ ശുശ്രൂഷകൾ നിർവ്വഹിച്ചു. പാസ്റ്റർ സുനിൽ വേട്ടമലയും പാസ്റ്റർ പി. പി. ചാക്കോയും നേതൃത്വം നൽകി.

## പുതിയ പ്രവർത്തനം

ഐ. പി. സി. കുറവിലങ്ങാട് ഏരിയയുടെ ഒരു പുതിയ പ്രവർത്തനം നീണ്ടൂരിൽ ആരംഭിച്ചു. സുവി. സി. കെ. സാബു ഇവിടെ പ്രവർത്തിക്കുന്നു.

03 വേദശാസ്ത്ര പഠനം............

യെപ്പറ്റി പല വിധ വ്യാഖ്യാനങ്ങളും, സംശയങ്ങളും നിലവിലുണ്ട്. കത്തോലിക്കാസഭ അംഗീകരിച്ചിരിക്കുന്ന സ്ഥാനമല്ല വേർപ്പെട്ട സഭകൾ കൈക്കൊണ്ടിരിക്കുന്നത്. കർത്താവിന്റെ മരണത്തെ വിളിച്ചറിയിക്കുന്ന ഈ തിരുമേശ ഓർക്കുകയും സ്മരിക്കുകയും അതിലൂടെ കർത്താവിന്റെ ശരീരത്തോടെ ഏകീഭവിക്കുകയാണ് ചെയ്യുന്നത്. **(തുടരും...)**

### ചോദ്യോത്തര വേദി



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

# ജനനനിയന്ത്രണ റിപ്പോർട്ടും ക്രിസ്ത്യാനികളും

**ചോദ്യം:** രണ്ടു കുട്ടികളിൽ കൂടുതലുണ്ടായാൽ ശിക്ഷ നൽകണമെന്ന് ജസ്റ്റിസ് കൃഷ്ണയ്യർ സർക്കാരിന് റിപ്പോർട്ട് കൊടുത്തു. വാർത്ത കേട്ടയുടൻ കത്തോലിക്കാ സഭയും ഓർത്തഡോക്സ് സഭയും പ്രതികരിച്ചു. ജനനനിയന്ത്രണത്തെ സംബന്ധിച്ച് ബൈബിൾ വീക്ഷണം എന്താണ്? ഇതുവരെയുള്ള ലോക വീക്ഷണം എന്താണ്?

**സണ്ണിമുളമൂട്ടിൽ, കുമ്പനാട്**

**ഉത്തരം** : മനുഷ്യസൃഷ്ടിയുടെ ആരംഭത്തിൽ സന്താനങ്ങൾ വർദ്ധിച്ച് പെരുകി ഭൂമിയുടെ മേൽ ആധിപത്യം നേടണമെന്ന് ആദാമിനോടും ഹവ്വായോടും കർത്താവ് പറഞ്ഞിരുന്നു (ഉല്പത്തി 1:28). യെഹൂദന്മാരോടും ജനസംഖ്യ വർദ്ധിപ്പിക്കണമെന്ന് വചനമുണ്ടായിരുന്നു (യിരമ്യാവ് 29:6). **എന്നാൽ നിത്യതയിൽ വാണരുളിയ ദൈവം അക്ഷരീകമായി മനുഷ്യചരിത്രത്തിലേക്ക് പ്രവേശിച്ചപ്പോൾ (പുതിയ നിയമത്തിൽ), സ്വാഭാവിക ജനനത്തിനേക്കാൾ പ്രാധാന്യം വീണ്ടും ജനനത്തിനായി. അപ്പൊസ്തലനായ പൗലോസ് യാത്ര ചെയ്യുമ്പോഴും, തടവിലായിരുന്നപ്പോഴും വീണ്ടും ജനിപ്പിച്ചുകൊണ്ടിരുന്നു (ഫിലമോൻ10).** കർത്താവിനോടുള്ള ഭക്തിയിൽ ജീവിക്കാൻ സാമൂഹിക പ്രതിസന്ധി ഉണ്ടെങ്കിൽ, കൃപയുള്ളവന് ഏകനായി ജീവിക്കാമെന്ന് അപ്പൊസ്തലിക ഉപദേശം ഉണ്ട് (1 കൊരി 7:26-31). കൃപയുള്ളവൾക്കും ഏകയായി ജീവിക്കാം (1 കൊരി 7: 40) ലൈംഗീക ദുർന്നടപ്പുണ്ടായി കർത്താവിന്റെ നാമം ദുഷിക്കപ്പെടാതിരിക്കാൻ മറ്റുള്ളവർ വിവാഹം കഴിക്കണം (1 കൊരി 7:2). പ്രായം കുറഞ്ഞ വിധവമാർ, വീണ്ടും വിവാഹം ചെയ്ത് പുത്രസമ്പത്ത് ഉണ്ടാക്കണമെന്ന് ഉപദേശം ഉണ്ട് (1കൊരി 7:14), വരാൻ പോകുന്ന ഒരു ചെറിയ കാലയളവിൽ 'ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം' എന്ന് കർത്താവ് പറഞ്ഞിട്ടുണ്ട് (മത്തായി 24:19,20). എന്നാൽ **ആരെങ്കിലും ആർക്കെങ്കിലും വിവാഹം വിലക്കുകയാണെങ്കിൽ,** അത് ഭൂതത്തിന്റെ ഉപദേശമാണെന്ന് വചനം വ്യക്തമാക്കിയിട്ടുണ്ട് (1 തിമൊ. 4:1-3). ക്രിസ്തീയ സഭയെ പരിപാലിക്കുന്നവർ വിവാഹിതരായി മാതൃകാ കുടുംബ ജീവിതം നയിക്കുന്നവരായിരിക്കണമെന്ന് കല്പനയുള്ളപ്പോൾ (1തിമൊ.3:5), വിവാഹം വിലക്കി സഭാ ശുശ്രൂഷ ചെയ്യിപ്പിക്കാൻ നിർബ്ബന്ധിക്കുന്നവർ 'കത്തോലിക്കരും' 'ദി പെന്തക്കോസ്തു മിഷൻ' കാരുമാണ്. അവർക്ക് അപ്പൊസ്തലിക ഉപദേശത്തേക്കാൾ പ്രാധാന്യം തങ്ങളുടെ സംഘടനയുടെ നിയമാവലികളാണ്. രണ്ടുലക്ഷം കത്തോലിക്കാ പുരോഹിതർ തങ്ങൾക്ക് വിവാഹം ചെയ്ത് സഭാപരിപാലനം നടത്താൻ സഭ അനുവദിക്കണമെന്ന് എ. ഡി. 2000-ൽ ജോൺപോൾ മാർപാപ്പയ്ക്ക് നിവേദനം നല്കിയതും, മാർപ്പാപ്പ നിവേദനം തള്ളിയതും പത്രവാർത്തയായിരുന്നല്ലോ.

പുതിയനിയമ അപ്പോസ്തോലിക ഉപദേശത്തിൽ, കർത്താവിൽ വിശ്വസിക്കുന്നവന് വിവാഹം കഴിക്കുകയോ കഴിക്കാതിരിക്കുകയോ ചെയ്യാം. കൂടുതൽ സന്താനങ്ങൾ ഉണ്ടാകുകയോ ഉണ്ടാകാതിരിക്കുകയോ ചെയ്യാം. വിശ്വസിക്കുന്നവനും കർത്താവുമായിട്ടുള്ള ബന്ധത്തിൽ ഉണ്ടാകേണ്ട വ്യക്തിപരമായ അനുഗ്രഹങ്ങളും തീരുമാനങ്ങളും ആണ് അതെല്ലാം. അതുകൊണ്ട് ഭാര്യയെ കിട്ടുന്നവന് നന്മ കിട്ടുന്നതും (സദൃ. 18:22) മക്കൾ മേശയ്ക്ക് ചുറ്റും ഒലിവ് തൈകൾ പോലെ നിൽക്കുന്നതും (സങ്കീ. 128:1-3) പുതിയ നിയമത്തിലെ പ്രത്യേക ദൈവീക അനുഗ്രഹങ്ങളല്ല. **അത് വീണ്ടും ജനിക്കാത്തവനും കിട്ടും** (ലൂക്കോ. 6:35) കാട്ടുകള്ളൻ വീരപ്പൻ തരക്കേടില്ലാത്ത കുടുംബജീവിതം നയിച്ചുകൊണ്ടാണ് മോഷണം നടത്തിക്കൊണ്ടിരുന്നത്. **വീണ്ടും ജനിക്കാത്ത** കുറെ മക്കൾ ഒലിവ് തൈകൾ പോലെ വീട്ടിലുണ്ടെങ്കിൽ അത് ഈ കാലഘട്ടത്തിൽ വലിയ ഭാരമാണ്. .

**വിവാഹ/ജനന നിയന്ത്രണം നടത്തിയവരുടെ ചരിത്രങ്ങൾ**

1. ബ്രാഹ്മണ സമുദായമായിരുന്നു കേരളത്തിലെ ഏറ്റവും പ്രബലമായ വിഭാഗം. അവർ 14-ാം നൂറ്റാണ്ട് മുതൽ ഒരു നിയമം നടപ്പാക്കി. ഇല്ലത്തിലെ മൂത്ത പുത്രൻ മാത്രം വിവാഹം കഴിക്കുക. മറ്റുള്ളവർ നായർ കുടുംബങ്ങളിൽ സംബന്ധം ചെയ്ത് കഴിയുക. അതുകൊണ്ട് 99 ശതമാനം ബ്രാഹ്മണ യുവതികളും യുവാക്കളെ കിട്ടാതെ അവിവാഹിതകളായിക്കഴിഞ്ഞു. കാലക്രമേണ ബ്രാഹ്മണ കുടുംബങ്ങൾ (ഇല്ലങ്ങൾ) എല്ലാം നാമാവശേഷമായി. കുടുംബത്തിലെ സ്വത്ത് വിഭജിക്കപ്പെടാതിരിക്കുവാൻ വേണ്ടിയാണ് അവർ ഈ നിയമം നടപ്പാക്കി നശിച്ചത്.

2. ലോകചരിത്രത്തിൽ ആദ്യമായി വിവാഹജീവിതത്തെ എതിർത്തത് ശ്രീബുദ്ധനാണ്. യേശുക്രിസ്തു ജനിക്കുന്നതിന് അറുന്നൂറ് വർഷങ്ങൾക്ക് മുൻപാണത്. ജീവിതം ദുഃഖപൂർണ്ണമാകയാൽ, സന്യസിച്ച് നിർവ്വാണം പ്രാപിക്കാനാണ് അദ്ദേഹം പഠിപ്പിച്ചത്. ലക്ഷക്കണക്കിന് മതാനുയായികൾ സന്യസിച്ചു. കുറെകാലം കഴിഞ്ഞപ്പോൾ ബുദ്ധമതം തകർന്നു തുടങ്ങി.

3. യേശുക്രിസ്തുവിന് അറുനൂറ് വർഷം മുൻപ് ജീവിച്ച മഹാവീരൻ സ്ഥാപിച്ച ജൈനമതവും ഇതേ രീതി പിന്തുടർന്ന് വളർച്ചയില്ലാതായി.

4. ചരിത്രത്തിലെ പ്രധാനപ്പെട്ട സംസ്ക്കാരമാണ് ഗ്രീക്ക് സംസ്ക്കാരം (ബി.സി. 500 - ബിസി 330) യുദ്ധയോഗ്യരായ ചെറുപ്പക്കാർ മാത്രം ജീവിച്ചാൽ മതിയെന്ന് ഗ്രീക്കുകാർ തീരുമാനിച്ചു. യുദ്ധപ്രാപ്തിയില്ലാത്ത ആൺകുട്ടികൾ നശിക്കണമെന്നും, പെൺകുട്ടികളെ ആവുന്നത്ര കൊന്നുകളയണമെന്നുമായിരുന്നു ഗ്രീക്കുകാരുടെ താല്പര്യം. കുടുംബജീവിതം ത്യജിക്കപ്പെട്ടു. ചെറുപ്പക്കാരില്ലാതെ ഗ്രീസ് വിജനമായി. അന്യവംശങ്ങൾ കുടിയേറി പെരുകി. ഗ്രീസ് ഗ്രീസല്ലാതായി.

5. റോമൻ സാമ്രാജ്യത്തിലെ ചിന്താഗതിയും ഗ്രീസിനെപ്പോലെയായി. അവിവാഹിതരെയാണ് റോമാക്കാർ മാന്യന്മാരായി കരുതിയിരുന്നത്. ക്ലബുകളും, വേശ്യാലയങ്ങളും, കായികാദ്യാസവും, കലാസേവനവും മതിയെന്ന് റോമാക്കാർ നിശ്ചയിച്ചു. കുട്ടികളില്ലാതെ ജനസംഖ്യ കുറഞ്ഞപ്പോൾ മറ്റുള്ളവർ കുടിയേറി റോമൻ സംസ്കാരവും അസ്തമിച്ചു.

6. യൂറോപ്പിലെ **വീണ്ടും ജനനാനുഭവമില്ലാത്ത ക്രിസ്ത്യാനികളും** ഗ്രീക്ക് റോമൻ ചിന്താഗതിയിലാണ് നീങ്ങുന്നത്. രാജ്യപുരോഗതിക്ക്, വികസനത്തിന്, ജനസംഖ്യ കുറയ്ക്കണമെന്നുള്ള മാൽത്തൂസിയൻ സിദ്ധാന്തം (A.D 1798) യൂറോപ്പിലെ ക്രൈസ്തവർ സ്വീകരിച്ചു. മാൽത്തൂസിയൻ സിദ്ധാന്തം തെറ്റാണെന്നും **മനുഷ്യനാണ് മൂലധനമെന്നും** യൂറോപ്പ് തിരിച്ചറിഞ്ഞപ്പോൾ സമയം താമസിച്ചുപോയി. നല്ലൊരു ശതമാനം ജനങ്ങളും വൃദ്ധരായി കൊണ്ടിരിക്കുന്നു. വൃദ്ധസദനത്തിലെ ജോലിക്കാർക്കു വേണ്ടി ഇൻഡ്യയിലേക്കാണവർ നോക്കുന്നത്. അത്യാർത്തി, സ്വാർത്ഥത, പങ്കുവെക്കലില്ലായ്മ, പൊങ്ങച്ചം, ധൂർത്ത്, വ്യക്തി സുഖവാദം, ആഢംബര ഭ്രാന്ത്, മദ്യാസക്തി, അമിതഭക്ഷണം, സൗന്ദര്യവത്ക്കരണ ഭ്രാന്ത്, വിവേകരഹിതമായ ജനനനിയന്ത്രണം വഴിയുള്ള മരണസംസ്ക്കാരം, ആത്മഹത്യ പ്രവണത മുതലായവ യൂറോപ്പിലെ പാരമ്പര്യക്രിസ്തീയ കുടുംബങ്ങളെ ഇല്ലാതാക്കുകയും, നഗരങ്ങൾ മറ്റു മതക്കാർ കുടിയേറി ക്രൈസ്തവമയമല്ലാതായിത്തീരുകയും ചെയ്തുകൊണ്ടിരിക്കുന്നു. ക്രിസ്തുമതത്തിന് പറ്റിയ ഈ തകർച്ചയെ സമൂഹ ആത്മഹത്യ (കമ്മ്യൂണൽ സൂയിസൈഡ്) എന്നാണ് യൂറോപ്പിലെ പത്രപ്രവർത്തകർ വിശേഷിപ്പിക്കുന്നത്.

7. കേരളത്തിലെ പാരമ്പര്യ ക്രിസ്ത്യാനികളും സുവിശേഷ വിഹിത സഭകളും ഈ വഴിക്കാണ് നീങ്ങുന്നത്. യഥാർത്ഥ **വീണ്ടും ജനന പ്രവർത്തനം** നടത്തുന്ന ക്രിസ്തീയ വേലക്കാരെ സഹായിക്കാൻ ആളുകൾ കുറവാണ്. സുവിശേഷ ഘോഷണത്തിന് പിരിച്ചെടുത്ത ധനം **പിരിച്ചവൻ** മരിക്കാറായിട്ടും ബാങ്കിൽതന്നെ കിടക്കുന്നു. വേദപുസ്തകവും ബാങ്കിലെ പാസ്ബുക്കും മാറി മാറി നോക്കി ശിതീകരിക്കപ്പെട്ട മുറിയിലിരുന്ന് നെടുവീർപ്പിടുന്നു. സൺഡേസ്കൂളിൽ ഒന്നാം ക്ലാസിലും രണ്ടാം ക്ലാസിലും വേദപുസ്തക സംഭവങ്ങൾ കേൾക്കാൻ കുട്ടികളില്ല. പറക്കമുറ്റിയ കുട്ടികൾ പലരും വാഹനാപകടത്തിൽ മരിച്ചുകൊണ്ടിരിക്കുന്നു. മറ്റുള്ളവർ യു.എസ്, കനഡാ, ആസ്ത്രേലിയ, ന്യൂസിലൻഡ് മുതലായ രാജ്യങ്ങളിൽ എങ്ങനെ കുടിയേറാമെന്ന് സ്വപ്നം കണ്ടും ആലോചിച്ചും നടക്കുന്നു. അതിന് സാധ്യതയില്ലാത്തവർ ഗൾഫിൽ ചെന്ന് ജോലി ചെയ്തശേഷം കുടിയേറ്റത്തിന് ശ്രമിക്കുന്നു. കേരളത്തിൽ തൊഴിൽ ചെയ്യാൻ ചെറുപ്പക്കാരില്ലാത്തതിനാൽ ബംഗാളികൾ, ബിഹാറികൾ, തമിഴ്നാട്ടുകാർ കുടിയേറാൻ തുടങ്ങി. ബട്രാന്റ് റസ്സൽ 1929-ൽ എഴുതിയ **മാര്യേജ് ആൻഡ് മോറൽസ്** എന്ന ഗ്രന്ഥത്തിൽ ഒരു മുന്നറിയിപ്പുണ്ടായിരുന്നു. ജനനനിയന്ത്രണം എല്ലാ വിഭാഗക്കാരും ഒന്നുപോലെ നടപ്പാക്കിയില്ലെങ്കിൽ വർദ്ധിക്കുന്ന വിഭാഗം കുറയുന്ന വിഭാഗത്തെ തിന്നുതീർക്കുമെന്നുള്ളതാണ് ആ മുന്നറിയിപ്പ്. അതുകൊണ്ട് കേവലം ഇൻഡ്യയിൽ രണ്ടു ശതമാനമുള്ള ക്രൈസ്തവർ നൂറുശതമാനം ജനനനിയന്ത്രണം ഏർപ്പെടുത്തണമെന്ന് നിർബ്ബന്ധിക്കുന്നത് ആറ്റിലെ വെള്ളം കുറയ്ക്കാൻ ബക്കറ്റ് കൊണ്ട് വെള്ളം കോരിക്കളയണമെന്ന് പറയുന്നതുപോലെയാണ്. നിയന്ത്രണം ഏർപ്പെടുത്താതെതന്നെ നല്ലൊരു ശതമാനം കേരളത്തിലെ ക്രിസ്ത്യാനി സ്ത്രീകൾക്ക് പ്രസവിച്ച് കുഞ്ഞുങ്ങളെ വളർത്താനുള്ള മനസ്ഥിതിയോ ആരോഗ്യമോ ഇല്ല. തൊഴിൽപരമായ ഉന്നതി പ്രധാനലക്ഷ്യമാക്കുന്നതും അനാരോഗ്യ ഭക്ഷണശീലവും വ്യായാമക്കുറവുമാണ് പ്രധാന കാരണങ്ങൾ.

**അടിക്കുറിപ്പ്:** എന്നാൽ, **'യിസ്രായേൽ മക്കളുടെ എണ്ണം കടൽക്കരയിലെ മണൽപോലെയായിരുന്നാലും ഒരു ചെറിയ ശതമാനം മാത്രമേ വീണ്ടും ജനനം പ്രാപിക്കുകയുള്ളൂ.'** (റോമർ 9:27 സ്വതന്ത്രപരിഭാഷ)

ലേഖനം

# ഭൗമ ഭവനവും നിത്യ ഭവനവും



ബിനോയ്. പി. ജെ., രാജസ്ഥാൻ
09413016306
benoypjl23@gmail.com

"കൂടാരമായ ഞങ്ങളുടെ ഭൗമ ഭവനം അഴിഞ്ഞ് പോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായൊരു കെട്ടിടം ഞങ്ങൾക്ക് സ്വർഗ്ഗത്തിൽ ഉണ്ടെന്ന് അറിയുന്നു." (2 കൊരി. 5:1)

സുഖകരമല്ലാത്ത ജീവിത സാഹചര്യങ്ങളെ നേരിട്ട് കൊണ്ട് ഇഹലോകവാസം കഴിക്കുന്ന ഭക്തന്റെ ഭാവി പ്രത്യാശയാണ് 2 കൊരി. 5:1-10 വരെയുള്ള വാക്യങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നത്. നാലാമധ്യായം മുതൽ തന്നെ കഷ്ടങ്ങളെയും വേദനകളെയും കുറിച്ച് പറഞ്ഞ ശേഷമാണ് (നിരാശയോട് കൂടിയല്ല) സ്വർഗ്ഗത്തിലുള്ള കെട്ടിടത്തെപ്പറ്റി പൗലോസ് പറയുന്നത്.

ഭൗമഭവനം (ഭൂമിയിലെ വീട്) ഒരുനാൾ നശിച്ച് പോകുമെന്നറിഞ്ഞ് കൊണ്ട് തന്നെ പൗലോസ് പറയുകയാണ്. സ്വർഗ്ഗത്തിലുള്ള നിത്യഭവനത്തെക്കുറിച്ച് മിക്ക ആളുകളും വളരെ നിസംഗതയോട് കൂടിയാണ് വായിക്കുകയും കേൾക്കുകയും ചെയ്യുന്നത്. ലോകത്തിൽ പാർക്കുവാനായി ഒരു താൽക്കാലിക ഭവനം പണിയുമ്പോൾ നാം ഏറെ സന്തോഷിക്കാറുണ്ട്. അതിന്റെ പണികൾ പൂർത്തിയാക്കി ഭവന പ്രതിഷ്ഠയൊക്കെ നടത്തി അതിൽ പാർക്കുവാൻ തുടങ്ങുമ്പോൾ എന്തെന്നില്ലാത്ത ഒരു സന്തോഷവും അവാച്യമായ ആത്മനിർവൃതിയും കർമസാഫല്യത്തിന്റെ ആഴമായ ചാരിതാർത്ഥ്യവുമൊക്കെ നാം അനുഭവിക്കാറുണ്ട്.

എന്താണതിന്റെ കാരണം? ഈ ഭവനം എന്റെ സ്വന്തമാണെന്നും, ഞാനാണിതിന്റെ ഉടയവനെന്നും ആരുടെയും ശല്യമില്ലാതെ എന്റെ സൗകര്യം പോലെ ആശ്വാസമായി ഇതിൽ ജീവിക്കാം എന്നൊക്കെയുള്ള ബോധമാണ് നാം പണിയുന്ന വീടിനെക്കുറിച്ച് നമ്മിൽ അഭിമാനമുണർത്തുന്നത്. കൂടെയുള്ള ബന്ധുക്കളും സുഹൃത്തുക്കളും നമ്മോടൊപ്പം സന്തോഷിക്കുന്നുണ്ടെങ്കിലും നമുക്കുള്ള അഗാധമായ ആത്മ നിർവൃതിയും അഭിമാന ബോധവും അവർക്കനുഭവിക്കാൻ കഴിയുന്നില്ല. കാരണം, ഈ വീട് അവർക്കവകാശപ്പെട്ടതോ, അവരുടെ സ്വന്തമോ അല്ല.

കൈപ്പണിയല്ലാത്ത നിത്യവീടിനെക്കുറിച്ച് പൗലോസ് അഭിമാനിക്കുന്നതിന്റെ കാരണവും ഇതരമല്ല. ഞാനതിന്റെ അവകാശിയാകുവാൻ പോകുന്നു എന്ന തികഞ്ഞ ബോധം തനിക്കുണ്ട്. നാം എന്തിനായി വിളിക്കപ്പെട്ടിരിക്കുന്നു എന്നും, അതിന്റെ മഹിമ എന്തെന്നും, ഭൗമഭവനവും നിത്യഭവനവും തമ്മിലുള്ള വ്യത്യാസമെന്തെന്നും ബോധ്യപ്പെടാത്തത് കൊണ്ടാണ് നിത്യമായതിനെക്കുറിച്ച് കേൾക്കുമ്പോൾ സന്തോഷം കൊണ്ട് തുള്ളിച്ചാടുവാൻ നമുക്ക് കഴിയാത്തത്. ഭൗമ ഭവനത്തിൽ ലയിച്ച് അതിന്റെ സുഖലോലുപതയിൽ മുഴുകിക്കഴിയുന്ന ജഡികന് നിത്യഭവനം സന്തോഷം പകരുകയില്ല.

മൃഷ്ടാന്നഭോജനവും, കുടുംബ ജീവിതത്തിലെ ആനന്ദവും, സമൂഹത്തിലെ സ്ഥാനമാനങ്ങളും ലോകത്തിന്റെ പ്രതാപങ്ങളും വലുതായി കാണുന്നവരിൽ നിത്യഭവനം ഒരു തരത്തിലുമുള്ള വികാരത്തെ ഉണർത്തുകയില്ല.

അഴിഞ്ഞ് പോകുന്ന ഈ ഭൗമ ഭവനത്തിൽ തങ്ങൾ ഞരങ്ങിക്കൊണ്ടാണ് ജീവിക്കുന്നത് എന്ന് പൗലോസ് പറയുന്നു. ഭൗതീക ജീവിതത്തിലെ ഞെരുക്കവും പ്രയാസവുമാണ് പൗലോസ് വിവക്ഷിക്കുന്നതെന്ന് നാം കരുതിയേക്കാം. എന്നാൽ പൗലോസ് പുതുജനനം പ്രാപിച്ച അന്ന് മുതൽ ജന്മനാടും സ്വന്തനാടുമൊക്കെയായി കരുതുന്നത് അഴിഞ്ഞ് പോകാത്ത ഭവനമുള്ള സ്വർഗസീയോനെയാണ്. അതുകൊണ്ടാണ് ഞാൻ പരദേശിയാണെന്നു താൻ സമ്മതിക്കുന്നത്. പൗലോസിന്റെയും നമ്മുടെയും കാഴ്ചപ്പാടിലുള്ള വലിയൊരു വ്യത്യാസമാണിത്. ആ കാഴ്ചപ്പാടനുസരിച്ചാണ് നാം നിത്യമായ ഭവനത്തിൽ എത്തുകയോ എത്താതിരിക്കുകയോ ചെയ്യുന്നത്.

"കാഴ്ചയാലല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്." (വാക്യം 7) ഭൗമഭവനത്തെ പൗലോസ് കണ്ടിട്ടുണ്ട്. എന്നാൽ നിത്യഭവനത്തെ കണ്ടിട്ടില്ല. ജഡ നേത്രങ്ങൾ കൊണ്ട് കാണുവാൻ കഴിയുന്ന പണമോ, വാഹനമോ, വീടോ, വയലോ, സമ്പത്തോ ഒന്നിനാലുമല്ല ഞാൻ ജീവിക്കുന്നത് മറിച്ച് ഇതുവരെ കാണാത്തതും വിശ്വാസത്തിൽ മാത്രമുള്ളതുമായ നിത്യ ഭവനത്താലാണെന്ന് പൗലോസ് പറയുന്നു.

പൗലോസിനെ നമ്മിൽ നിന്നും വ്യത്യസ്തനാക്കുന്നതും ഈ കാഴ്ചപ്പാടാണ്. പൗലോസ് ഏതൊന്നിനാൽ ജീവിക്കുന്നില്ലയോ (ഭൗതീക സമ്പത്തുക്കൾ) നാം അവയാലും അവക്കായും ജീവിക്കുന്നത് കൊണ്ടാണ് പൗലോസിന്റെ ജീവലക്ഷ്യമായ നിത്യഭവനം നമുക്ക് വലിയ വിഷയമല്ലാതിരിക്കുന്നത്. കാഴ്ചയിലുള്ളതിൽ സന്തോഷിച്ച് അവയ്ക്കായി ജീവിക്കുന്നവർ കാണപ്പെടാത്തതും ഇപ്പോൾ വിശ്വാസത്തിൽ മാത്രമുള്ളതുമായ നിത്യഭവനത്തിൽ പ്രവേശിക്കുമോ? അറിയില്ല.

ശരീരം വിട്ട് കർത്താവിനോട് കൂടെ ഇരിപ്പാൻ താനിഷ്ടപ്പെടുന്നുവത്രേ! (വാക്യം 8) പച്ചമലയാളത്തിൽ പറഞ്ഞാൽ "ഇന്ന് ഞാനങ്ങ് മരിച്ചാൽ കൊള്ളായിരുന്നു" എന്നർത്ഥം. ഭൗമഭവനവും ഭൗതീക സമ്പത്തുക്കളും ഇവിടുണ്ട്. പക്ഷേ എനിക്കതൊന്നും വേണ്ട. ആഗ്രഹിക്കുന്ന നിത്യ ഭവനം മരിച്ചാലല്ലേ എനിക്ക് കിട്ടൂ. അത് കൊണ്ട് ഇന്ന് മരിച്ച് ക്രിസ്തുവിനോട് ചേരുവാൻ ഞാനിഷ്ടപ്പെടുന്നു.

നമുക്കെത്ര പേർക്ക് ധൈര്യത്തോടെ ഇങ്ങനെ പറയുവാൻ കഴിയും? ഇന്നെന്റെ മരണം വന്നാൽ കൊള്ളായിരുന്നു പോലും! മരണത്തെക്കുറിച്ചുള്ള ഭീതിയോട് കൂടെയൊന്നുമല്ല പൗലോസ് പറയുന്നത്. "ധൈര്യപ്പെട്ട്" എന്ന വാക്ക് കൂടി എട്ടാം വാക്യത്തിൽ താനുപയോഗിക്കുന്നു.

"അത്കൊണ്ട് ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവരാകുവാൻ അഭിമാനിക്കുന്നു." (വാക്യം 9) തന്റെ മരണം ദൈവത്തിന് പ്രസാദമുള്ള കാര്യമാണെന്ന് പൗലോസിനുറപ്പുണ്ട്. നമുക്കോ? ജീവിച്ചിരുന്ന് (ശരീരത്തിൽ വസിച്ച്) ദൈവത്തെ പ്രസാദിപ്പിപ്പാൻ താൻ ആഗ്രഹിക്കുന്നതോടൊപ്പം തന്നെ ഇന്ന് തന്റെ മരണം വന്നാൽ ആ മരണത്തിലും താൻ അഭിമാനിക്കുന്നത്രേ! ഇങ്ങനെയൊന്നും പറയുവാൻ സാധാരണക്കാരന് കഴിയില്ല; പക്ഷേ പൗലോസിന് കഴിയും.

എന്ത് കൊണ്ടാണ് മരണത്തിൽ പൗലോസ് പ്രശംസിക്കുന്നത്? മരിച്ച ശേഷം അമൂല്യമായ ഒരു നിത്യഭവനം ലഭിക്കുമെന്ന അഭിമാനമാണ് പൗലോസിന്. മരണത്തെക്കുറിച്ച് നമുക്ക് ഭയമുണ്ടെങ്കിൽ, അതിനർത്ഥം നിത്യതയെക്കുറിച്ച് നാം ഉറപ്പ് വരുത്തിയിട്ടില്ല എന്നാകാം.

പത്താം വാക്യത്തിൽ അവനവന്റെ പ്രവൃത്തിക്ക് തക്ക പ്രതിഫലത്തിനായി ന്യായാസനത്തിൻ മുമ്പിൽ നിൽക്കുന്നതിനെക്കുറിച്ച് പറയുമ്പോഴും താൻ എന്ത് പ്രതിഫലമാണ് പ്രാപിക്കാൻ പോകുന്നത് എന്ന് പൗലോസിന് തികഞ്ഞ ബോധ്യമുണ്ട്. കാരണം ശരീരത്തിലിരുന്ന് കൊണ്ടും താൻ ദൈവത്തെ പ്രസാദിപ്പിക്കുന്നവനായിരുന്നു.

ശരീരത്തിലിരിക്കുമ്പോൾ ദൈവത്തെ പ്രസാദിപ്പിച്ചാലേ ശരീരം വിടുമ്പോൾ ദൈവപ്രസാദം പ്രാപിപ്പാൻ കഴിയൂ. അങ്ങനെയാണ് നിത്യ ഭവനം പ്രാപിക്കുവാൻ കഴിയുക. പൗലോസിന്റെ വാക്കുകളോട് കൂടെത്തന്നെ നിർത്താം: "പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളത് കൊണ്ട് നാം ജഡത്തിലേയും ആത്മാവിലേയും സകല കൻമഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ച് കൊൾക." (2 കൊരി 7:1)

## ഉപവാസ പ്രാർത്ഥന

**നാലാസുപാര:** പി. എം. ജി. സഭയുടെ അഭിമുഖ്യത്തിൽ മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയും സ്നാനവും നടത്തുവാൻ കർത്താവ് സഹായിച്ചു. പാസ്റ്റർ എസ്. മാത്യു സ്ഥലം സഭാ പാസ്റ്റർ സജി ഫിലിപ്പോസ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## മുഴുരാത്രി പ്രാർത്ഥന

**മാവേലിക്കര :** ഡി. പി. എം. ഇന്ത്യയുടെയും മാവേലിക്കര, കാർത്തികപ്പള്ളി, ചെങ്ങന്നൂർ താലൂക്കുകളിലുള്ള സഭകളുടെ സഹകരണത്തോടെ 2011 ഒക്ടോബർ 21 വെള്ളിയാഴ്ച വൈകിട്ട് 7 .00 മുതൽ മുഴുരാത്രി പ്രാർത്ഥന മാവേലിക്കര ഡി. പി. എം. ഇന്ത്യ പ്രയർ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. പാസ്റ്റർ വർഗ്ഗീസ് ബേബിയും പ്രയർ ടീമും നേതൃത്വം നല്കുന്നു.

## ഡിവൈൻ ഫെസ്റ്റിവൽ

**മാവേലിക്കര:** ഡി. പി. എം. ഇന്ത്യയുടെ മാവേലിക്കര, കാർത്തികപ്പള്ളി, ചെങ്ങന്നൂർ താലൂക്കുകളിലുള്ള സഭകളുടെ സഹകരണത്തോടെ നടത്തപ്പെടുന്ന 8-ാമത് ഡിവൈൻ ഫെസ്റ്റിവൽ 2011 ഡിസംബർ 04 മുതൽ 10 വരെ മാവേലിക്കര കോടിക്കൽ ഗാർഡൻസിൽ വെച്ച് നടത്തപ്പെടുന്നു. ഈ സുവിശേഷയോഗത്തിന്റെ വിപുലമായ ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഈ യോഗത്തിൽ ബ്രദർ ശേഖർ കല്യാൺപൂർ പാസ്റ്റർമാരായ കെ. സി. ജോൺ, റ്റി. ജെ. ശാമുവേൽ, തോമസ് മാമ്മൻ, ബി. മോനച്ചൻ, ബാബു ചെറിയാൻ, റ്റി. ഡി. ബാബു, എബി ഏബ്രഹാം, ജോൺ കെ. മാത്യു, തോമസ് ഫിലിപ്പ്, ഷാജി പോൾ എന്നിവർ വചനപ്രഘോഷണം നടത്തുന്നു. ഗാനശുശ്രൂഷയ്ക്ക് ഷെക്കെയ്ന സിംഗേഴ്സ് പത്തനംതിട്ട, ബ്രദർ ശമുവേൽ വിത്സൻ, ബ്രദർ സുജിത്ത് ബാബു, സിസ്റ്റർ. ഹെലൻ റെയ്ച്ചൽ എന്നിവർ നേതൃത്വം കൊടുക്കുന്നു. പാസ്റ്റർ. വർഗ്ഗീസ് ബേബി ജനറൽ കൺവീനറായും, പാസ്റ്റർ എം. കെ. സ്കറിയ ജോയിന്റ് കൺവീനറായും, ഇവ. ജേക്കബ് വർക്കി കോർഡിനേറ്ററായും, ബ്രദർ ബെന്നി തോമസ് പബ്ലിസിറ്റി കൺവീനറായും ഇവരെ കൂടാതെ വിവിധ കമ്മറ്റികളും പ്രവർത്തിക്കുന്നു.

## റിവൈവൽ – 2011

കായംകുളം, പുതുപ്പള്ളിയിലും സമീപ പ്രദേശത്തുമുള്ള പെന്തെക്കോസ്തു സഭകൾ ഒരുമിച്ച് റിവൈവൽ 2011 എന്ന പേരിൽ ഐക്യ കൺവൻഷൻ നടത്തുന്നു. കുന്നത്തുമുക്ക് അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിനു സമീപം 2011 നവംബർ 10-12 വരെ തീയതികളിൽ നടത്തപ്പെടുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ ബാബുജോർജ്ജ്, സന്തോഷ് തോമസ്, ബെഞ്ചമിൻ തോമസ്, റ്റി. ജെ. സാമുവേൽ എന്നിവർ പ്രസംഗിക്കും സ്പിരിച്ചൽ വേവ് ഗാനങ്ങളാലപിക്കും. പാസ്റ്റർ വർഗ്ഗീസ് ബേബി കോ - ഓർഡിനേറ്ററായും, പാസ്റ്റർ പി. വി. ജോസഫ് ജനറൽ കൺവീനറായും പ്രവർത്തിക്കുന്നു.

### കല്ലുകടി

## സർവ്വേ സർവ്വേ സർവ്വേ...

മാധ്യമങ്ങൾ തെരഞ്ഞെടുപ്പ് സർവ്വേ നടത്തുക സാധാരണം. എന്നാൽ അതിന് ചില നടപടി ക്രമങ്ങളും സംവിധാനങ്ങളുമുണ്ട്. ചർച്ച് ഓഫ് ഗോഡ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ബിലീവേഴ്സ് ജേണൽ നടത്തിയ അഭിപ്രായ വോട്ടെടുപ്പ് സുതാര്യമായി നടത്തിയിരുന്നു. ജനാധിപത്യ സംവിധാനത്തിലൂടെ ഇലക്ഷൻ നടക്കുന്ന ഐ. പി. സിയിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജേണൽ നടത്തുന്ന സർവ്വേ കണ്ടപ്പോൾ മുതൽ വരുന്നു പത്രമായ പത്രങ്ങളിലെല്ലാം സർവ്വേതന്നെ സർവ്വേ. തങ്ങൾക്ക് താൽപര്യമുള്ളവരെയെല്ലാം കുത്തിനിറച്ച് ഫലവും റെഡി. രസകരമായ കാര്യം ഒരു ലക്കം പോലും അറിയിപ്പില്ലാതെ തന്നെ സർവ്വേ നടത്തി ഫലം പ്രഖ്യാപിക്കുന്ന മാന്ത്രികരായി മാറി പത്രക്കാർ. ഒരു കാര്യം യാഥാർത്ഥ്യമായി ഇന്നലെ ജേണൽ ചെയ്തത് ഇന്ന് മറ്റുള്ളവർ അനുകരിക്കുന്നു.

**വസ്തു വില്പനയ്ക്ക്**

കുമ്പനാട്, ഹെബ്രോൻ പുരത്തിന് സമീപം (150 Mtr) 16 സെന്റ് സ്ക്വയർ പ്ലോട്ട് വിൽപ്പനയ്ക്ക്

Contact:
984 616 4946
944 711 4659
974 786 2493

Article



Pastor Chuck Morley,
Atlanta, Georgia, USA

# PROSPER AS YOUR SOUL PROSPERS

Beloved, I wish above all things that thou mayest prosper and be in health, even as thy soul prospereth. (3 John 2)

I love the internet. It has made Bible study exciting to me. It has enabled me to access numerous commentaries and other writings that I do not have in my library. As I began to search what reliable men of God had to say about John's writing, I found that all were together in their interpretation of this verse. Not one of them understood it to mean financial prosperity.

I even found a quote from Jim Bakker, former CEO of Heritage USA and the PTL Network . Two decades ago, before his incarceration, brother Bakker was one on the biggest proponents of the prosperity gospel. I believe he said it the best.

I'd always quoted 3 John 2, saying, "Above all things God wants you to

prosper." I loved that Scripture. It looks great on a TV screen when you're raising funds, and I interpreted it as God wants you to be rich. But when I got to the words of John, I said, "Now this don't make sense." So I took the word prosper apart in the Greek and found out it's made up of two words - the first word means good or well and the second road. It's a progressive word, so it's like a journey. So, here's John saying, basically, "Beloved, I want you to have a good journey through life as your soul has a good journey to heaven." It was a greeting! Building theology on that is like building the church on "Have a nice day."

"Give and it shall be given unto you." When I put that Scripture back into its context, I found Christ was teaching on forgiveness, not on money. He was teaching us that by the same measure that we forgive, we will be forgiven.

I had gotten my sermons from other people. The Bible warns about the

shepherds who get their messages from each other. I think today the reason we have another gospel and another Jesus being preached is because men have gotten their sermons from each other and from motivational teaching. A lot of what's being taught today is simply motivational teaching with a few scriptures put to it. (Jim Bakker, on Prosperity Preaching, taken from site http//:www.gospelcom.net/apologeticsindex/p00.html)

The more I studied the Bible, however, I had to admit that the prosperity message did not line up with the tenor of Scripture... I was deeply grateful that God had not struck me dead as a false prophet! I studied every word of Jesus over a period of two years, and I was convinced that the prosperity message was at best an aberration and at worst "another gospel" contrary to the gospel of Jesus Christ. (Jim Bakker, I Was Wrong Nelson Publishing, pp.533, 543))

The NIV version also helps us to get a little better understanding of this

verse.

Dear friend, I pray that you may enjoy good health and that all may go well with you, even as your soul is getting along well. (3 John 2 NIV)

Article



Rev. Dr. Jason Varghese
M.D., Th.D

# GRACE...God's Redemption At Christ's Expense

What is grace? The dictionary meaning is the exercise of love, kindness, mercy, and favor. It also means the divine favor toward man and the mercy of God as distinguished from His justice.

Grace comes from the Latin word "gratia" meaning favor and kindness, and the Hebrew word "Chen" meaning grace of God.

The popular acronym used when learning about grace in Bible school is that GRACE stands for "God's Redemption at Christ's Expense".

This leads us to the Amazing Grace. This amazing grace is when Jesus Christ displayed for you and me when he died on the cross for our sins. His Amazing grace saved a wretch like me, I once was lost but now I'm found, I was blind but now I see.We as Christians are able to partake in this grace by after accepting Christ as our personal savior and following His Word and taking the water baptism. Welcome to all the new and old partakers of His Amazing Grace. This is a big step in your personal walk with Christ. We all were tied down by chains of sin but have been set free by His grace. We were walking in this world blind to the power of Jesus Christ and the salvation offered through Jesus Christ. We all were lost in the ocean of sin and the secular world, but we were found by the love of Christ. He saved me and you so that we may live eternally with our Heavenly father. How marvelous is the Lord and the compassion He bestows upon us. We have freedom with Christ. All our worries, doubts, and insecurities are in His hands.

In 2 Corinthians 12 we see Apostle Paul writing about grace. 2 Corinthians 12:7-10. "To keep me from becoming conceited because of these surpassingly great revelations, there was given me a thorn in my flesh, a messenger of Satan to torment me. Three times I pleaded with the Lord to take it away from me. But he said to me, "My GRACE IS SUFFICIENT FOR YOU, FOR MY POWER IS MADE PERFECT IN WEAKNESS" Therefore I will boast all the more gladly about my weaknesses so that CHRIST's POWER may rest on me. That is why, for Christ's sake, I delight in weaknesses, insults, in hardships, in persecutions, in difficulties. FOR WHEN I AM WEAK, then I AM STRONG". When you realize that you are weak and unable to do it by yourself, that's when you need to be faithful and depend upon God's grace. Our weakness shows Christ's power and by His grace we are made perfect. And our weakness leads to a deeper dependence on God and His grace. Life can be hard at times. Maybe Satan or a messenger of Satan has come into your life to be a thorn in your side. The thorns that come into your life may pierce your flesh, but they cannot pierce your faith. Remember always that His Grace is always sufficient for us. Our weakness allows us to become dependent upon the Lord. Depend upon Christ in all situations and circumstances and He shall direct your path. If you feel like you have multiple thorns in your life attacking your health, your relationships, and your career…rely on the grace of God. Christ will strengthen you, rebuild your broken relationships and catapult your career to the next level. Continue to pray and have faith that does not falter. God will carry you when you cannot carry on.

Everything that we are and everything we have can be gone in an instant. We can have all the beauty of the world and it can be gone in a moment. We can have all the health, wealth, and intelligence this world has to offer and it can be taken away in a blink of an eye. We must remember that we all are blessed and afforded the pleasures of the world…only because of the grace of God. Be thankful for all God's blessing and do not let anything or anyone be greater than Christ. Our focus should remain upon Jesus Christ.

Also, know that God uses imperfect people. God uses individuals that realize that "I am because of Him". When one understands that everything we achieve and receive is only because of His grace. It is not our own merit, intellect, or strength that we all have come thus far. We have nothing to boast, but boast about the greatness of Christ and how he chose to save a wretch like me.

God will use you for His ministry and bless you beyond your highest aspirations when you give Him the glory and praise Him for everything that you accomplish or attain. Never let go of the promises of God. No matter how many thorns pierce your flesh, know Christ is with you through it all and His Grace is sufficient for you!

# മ്യൂസിക് ഫെസ്റ്റ് സമാപിച്ചു

ജോൺസ്.പി. മാത്യൂസ്., ടെന്നസ്സി



**ചാറ്റനൂഗ (ടെന്നസ്സി):** ചാറ്റനൂഗം എക്യൂമെനിക്കൽ പ്രയർ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ ഒന്നിന് ഹിക്കറി വാലി ക്രിസ്ത്യൻ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന മ്യൂസിക് ഫെസ്റ്റ് അനുഗ്രഹമായി സമാപിച്ചു.

സാമുദായിക വ്യത്യാസമില്ലാതെ വിവിധ സഭാവിഭാഗങ്ങളെ

10

## ഡോ.കോര സംസാരിക്കുന്നു



1. വില്യം ലീയെ അറസ്റ്റു ചെയ്ത് നാടുകടത്തിയതിനെക്കുറിച്ച് കോരയുടെ പ്രതികരണമെന്താണ്? **- ഏബ്രഹാം, ന്യൂയോർക്ക്**

*അറസ്റ്റ് ചെയ്തതും നാടുകടത്തിയതും ശരിയായെന്ന് കോരയ്ക്ക് അഭിപ്രായമില്ല. എന്നാൽ ഒരു വർഷത്തിൽ രണ്ടും മൂന്നും തവണ പിരിവിന് എത്തുന്ന മലയാളി സായിപ്പുമാരെ നാടുകടത്താൻ ഒബാമയ്ക്കു തോന്നിയിരുന്നെങ്കിൽ എന്നൊരാശമാത്രം.*

2. ജേണലിൽ നിന്ന് ആരൊക്കെയോ പോകുന്നെന്ന് ഒരു പത്രത്തിൽ കണ്ടല്ലോ, കോര ഇതൊന്നുമറിഞ്ഞില്ലേ? **- എഫ്. പി. മാത്യു, മണക്കാല**

*കോരയെല്ലാം അറിയുന്നുണ്ട്. ഈ പത്രക്കാരൻ പണ്ട് ആടിന്റെ പുറകെ നടന്ന കുറുക്കനെപ്പോലെ പ്രതീക്ഷയോടെ നടക്കുകയാണ്. പഠിച്ചത് പാടാതിരിക്കാൻ ആവില്ലല്ലോ.*

3. എല്ലാ പത്രത്തിലും ഇലക്ഷൻ സർവ്വേയുടെ ബഹളമാണല്ലോ. **- തോമാച്ചൻ, കുമ്പനാട്**

*വെള്ളത്തിലെ പൂട്ടും കൂട്ടത്തിലെ പാട്ടും എന്ന് തോമാച്ചൻ കേട്ടിട്ടില്ലേ?*

4. കുമ്പനാട്ടെ മാലിന്യ പ്രശ്നം രൂക്ഷമാകുന്നു എന്നാണല്ലോ കേൾക്കുന്നത്. കോര എന്ത് പറയുന്നു. **- പാസ്റ്റർ രാജു, തിരുവല്ല**

*എത്രയോ നാളുകളായി നമ്മൾ പല മാലിന്യങ്ങളെയും സഹിക്കുകയല്ലേ. നാട്ടുകാർക്ക് അത്രയും സഹിഷ്ണത കാണുമോ?*

# പി.സി.എൻ.എ.കെ നാഷണൽ & ലോക്കൽ സംയുക്ത മീറ്റിംഗ്

**ഫിബി ജേക്കബ് (മീഡിയാ കോർഡിനേറ്റർ)**

**ഹാമിൽട്ടൺ:** 2012 ജൂലൈ 5–8 വരെ ഹാമിൽട്ടൺ കോപ്സ് കോളൊസിയം കൺവൻഷൻ സെന്ററിൽ വെച്ച് നടക്കുന്ന പി. സി. എൻ. എ. കെ. മഹാ സമ്മേളനത്തിന്റെ ഒരുക്കങ്ങൾക്കായി നാഷണൽ – ലോക്കൽ കമ്മിറ്റിയുടെ സംയുക്ത മീറ്റിംഗ് 2011 സെപ്റ്റംബർ 10 നു ഒന്റേറിയോയിൽ, ഓക്വില്ലിൽ വെച്ചു നടക്കുകയുണ്ടായി. ഏകദേശം ഏഴുപത്തഞ്ചോളം കമ്മിറ്റി അംഗങ്ങൾ പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കുന്നതുതന്നെ കോൺഫറൻസിന്റെ വിജയത്തിനു കാരണമാകാം.

നാഷണൽ കൺവീനർ പാസ്റ്റർ ഈശോ ഫിലിപ്പിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ 2012 -ൽ നടക്കുന്ന പെന്തെക്കോസ്ത് സമ്മേളനത്തിന്റെ ഭാവിപരിപാടികൾക്ക് രൂപം നൽകി. നാഷണൽ സെക്രട്ടറി കുര്യൻ കോൺഫറൻസിന്റെ വിജയം. പ്രാർത്ഥനയും ആത്മാർത്ഥമായ പ്രവർത്തനവും ആയിരിക്കുമെന്ന് കമ്മിറ്റി അംഗങ്ങളെ ഓർപ്പിക്കുകയുണ്ടായി. തുടർന്ന് അദ്ദേഹം കോൺഫറൻസിന്റെ കരടുരൂപം സദസ്സിൽ അവതരിപ്പിക്കുകയും, നാഷണൽ കമ്മിറ്റി അംഗങ്ങളെ പരിചയപ്പെടുത്തുകയും ചെയ്തു.

നാഷണൽ ട്രഷറാർ ബെന്നി ജോൺ, പ്രവർത്തന വർഷത്തെ ധനവിനിയോഗ ക്രമീകരണങ്ങൾ അവതരിപ്പിച്ചുകൊണ്ട് എല്ലാവരുടെയും ആത്മാർത്ഥ സഹകരണത്തെ ആഹ്വാനം ചെയ്തു.

നാഷണൽ യൂത്ത് കോർഡിനേറ്റർ റെജി ഏബ്രഹാം യൂത്ത് സമ്മേളനത്തിന്റെ കാര്യ പരിപാടികൾ വിശദീകരിക്കുകയും പ്രാർത്ഥനോടെയുള്ള കൂട്ടായ പ്രവർത്തനവും, അനുഗ്രഹിക്കപ്പെട്ട പ്രോഗ്രാമുകളും. ചിലരെയെങ്കിലും ക്രിസ്തുവിനായി ആദായപ്പെടുത്തുവാൻ ഈ കോൺഫറൻസ് മുഖാന്തരം ഇടയാകട്ടെ എന്ന് ആശംസിച്ചു. നാഷണൽ ലേഡീസ് കോർഡിനേറ്റർ കുഞ്ഞൂഞ്ഞമ്മ ജോൺ, സഹോദരി സമ്മേളനത്തിന്റെ പ്രവർത്തനവും, ചിൽഡ്രൻസ് കോർഡിനേറ്റർ ലീനാ ചെറിയാൻ, ബെന്നി ജോസഫ് എന്നിവർ കുട്ടികളുടെ ആത്മീയ പ്രവർത്തന പദ്ധതിയും വിശദീകരിക്കുകയുണ്ടായി.

യോഗാനന്തരം നാഷണൽ – ലോക്കൽ ഭാരവാഹികൾ കോപ്സ് കോളോസിയവും കൺവൻഷൻ സെന്ററുകളും ഹോട്ടലുകളും സന്ദർശിച്ചു. നവംബർ 13നു പാസ്റ്റർ ഷിബു തോമസ് ശുശ്രൂഷിക്കുന്ന ഡാളസ് സിറ്റിയിലുള്ള ശാരോൻ ഫെലോഷിപ്പ് ഓഫ് ഡാലസിൽ വച്ചു നടത്താൻ തീരുമാനിച്ചിരിക്കുന്ന പ്രൊമോഷണൽ മീറ്റിംങ്ങോടെ പി. സി. എൻ. എ. കെ.യുടെ സജീവമായ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കും.

# കൺവൻഷൻ



**ജോയ് തുമ്പമൺ**

**ഹൂസ്റ്റൺ:** ഹൂസ്റ്റണിലുള്ള പെന്തെക്കോസ്ത് സഭകളുടെ സംയുക്ത സംഘടനയായ "പെന്തെക്കോസ്തൽ ഫെലോഷിപ്പ് ഓഫ് ഹൂസ്റ്റൺ" അതിന്റെ വാർഷിക കൺവൻഷനും സംയുക്ത ആരാധനയും ഒക്ടോബർ 19–21 വരെയുള്ള തീയതികളിൽ നടത്തപ്പെട്ടു. ഹൂസ്റ്റണിലും പ്രാന്തപ്രദേശങ്ങളിലുമുള്ള 13 സഭകളുടെ ഐക്യവേദിയാണിത്. സ്റ്റാഫോഡിലുള്ള ലിവിംഗ് വാട്ടർ ചർച്ച് ഓഡിറ്റോറിയത്തിലാണ് മീറ്റിംഗുകൾ നടന്നത്. വെള്ളിയാഴ്ചയും ശനിയാഴ്ചയും രാത്രി 6.30 നു പൊതു മീറ്റിംഗുകളും. 21-ാം തീയതി ഞായറാഴ്ച രാവിലെ 9 മണിയ്ക്കു സഭായോഗവും ഉണ്ടായിരിന്നു. മീറ്റിംഗുകൾക്കു ഹൂസ്റ്റണിലുള്ള സഭാശുശ്രൂഷകന്മാർ നേതൃത്വം കൊടുത്തു.

ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ കോളണ്ടൈറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ്. പി. തോമസ് മുഖ്യ പ്രഭാഷകനായിരുന്നു. ഈ ഫോലോഷിപ്പിന്റെ നേതൃത്വം കൊടുക്കുന്നത് പ്രസിഡന്റ് പാസ്റ്റർ തോമസ് ഏബ്രഹാം, വൈസ് പ്രസിഡന്റ് പാസ്റ്റർ ഏബ്രഹാം തോമസ്, സെക്രട്ടറി ജോർജ്ജ് തോമസ്, ട്രഷറാർ സോളമൻ ഡാനിയേൽ. സോഗ് കോർഡിനേറ്റർ പാസ്റ്റർ ജോൺ. സി. ദാനിയേൽ എന്നിവരാണ്.

യുവജനങ്ങൾക്കായുള്ള പ്രത്യേക മീറ്റിഗുകൾ അതേ സമയം ഇമ്മാനുവേൽ പെന്തെക്കോസ്ത് അസംബ്ലിയിൽ ക്രമീകരിച്ചിട്ടുണ്ട്. ഫെലോഷിപ്പിന്റെ വകയായി പ്രത്യേകം സംഘടിപ്പിച്ചു. ക്വയർ ക്രൈസ്തവ ഭക്തിഗാനങ്ങൾ ആലപിച്ചു.

## കൺവൻഷൻ സമാപിച്ചു

**ജോൺസ്. പി. മാത്യൂസ്, ടെന്നസ്സി.**

**ടെന്നസ്സി:** ചാറ്റനൂഗ ക്രിസ്ത്യൻ അസംബ്ലിയിൽ ജൂബിലിയുടെ ഭാഗമായി സെപ്റ്റംബർ 19 മുതൽ 25 വരെ ബൈബിൾ ക്ലാസ്സും കൺവൻഷനും അനുഗ്രഹമായി നടന്നു. സഭാശുശ്രൂഷകൻ പാസ്റ്റർ വി. പി. ഏബ്രഹാം നേതൃത്വം നൽകിയ യോഗത്തിൽ ഇവാ. വൈക്കിൾ മാത്യൂസ് (വാഷിംഗ്ടൺ) മുഖ്യ പ്രസംഗകനായിരുന്നു. വിവിധ സ്ഥലങ്ങളിൽ നിന്ന് അനേക വിശ്വാസികൾ പങ്കെടുത്തു. ക്രിസ്ത്യൻ അസംബ്ലി ക്വയർ ഗ്രൂപ്പ് ഗാനങ്ങൾ ആലപിച്ചു. സെക്രട്ടറി ഇവാ. തോമസ് ജോൺസൺ നന്ദി പറഞ്ഞു. ആരാധനയോടുകൂടി സമാപിച്ചു.





**രാജൻ ആര്യപ്പള്ളിൽ**

# വോൾസ്ട്രീറ്റ് സമരം

സാമ്പത്തിക അസമത്വത്തിനെതിരെ സാധാരണ ജനങ്ങൾ പ്രതികരിക്കുവാൻ തുടങ്ങിയിരിക്കുന്നു. വോൾസ്ട്രീറ്റ് പിടിച്ചടക്കൽ പ്രസ്ഥാനത്തിൽ അംഗങ്ങളുടെ എണ്ണം ഓരോ ദിവസവും വർദ്ധിക്കുകയാണ്. രണ്ടോ മൂന്നോ ശതമാനം വരുന്ന കോടീശ്വരന്മാർക്കു വേണ്ടി നടത്തുന്ന നിയമ നിർമ്മാണവും സംവിധാനങ്ങളും സാധാരണക്കാരന്റെ അവകാശങ്ങളെ കവർന്നെടുക്കുന്നുവെന്ന് ആരോപണം ശക്തമായിരിക്കുന്നു. വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയും ദാരിദ്ര്യവും അമേരിക്കയെ പിടിച്ചുലയ്ക്കുകയാണ്. സാമ്പത്തിക വ്യവസ്ഥയെ താറുമാറാക്കുന്ന നിലയിലുള്ള ചൈനയുടെ പല നടപടികളിലും ജനം രോഷാകുലരാകുന്നു. സാമ്പത്തിക രംഗത്തെ പിടിച്ചുനിർത്തുവാൻ കഴിയാതെ പോകുന്നത് വരുവാൻ പോകുന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിലും പ്രതിഫലിക്കും എന്നാണ് നിരീക്ഷക മതം.

# ഐ. പി. സി. ഈസ്റ്റേൺ റീജിയൻ സൺഡേ സ്കൂൾ



**ന്യൂയോർക്ക്:** ഇന്ത്യാ പെന്തക്കോസ്തു ദൈവസഭയുടെ വിദേശത്തുള്ള ഏറ്റവും വലിയ റീജിയനായ സൺഡേസ്കൂൾ അസോസിയേഷൻ 9 മുതൽ 16 വയസുവരെ പ്രായമുള്ള വിദ്യാർത്ഥികളിൽ നടത്തിയ മത്സര പരീക്ഷയുടെ വിജയികളെ പ്രഖ്യാപിച്ചു. പെന്റ് ചർച്ച് ഓഫ് ഗോഡ് ന്യൂജഴ്സി, ന്യൂയോർക്ക് ഐ. പി. സി., ന്യൂജഴ്സി ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി എന്നി സഭകൾ ഏറ്റവും ഉയർന്ന മാർക്ക് നേടി ഗ്രൂപ്പ് മത്സരങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. വിജയികൾക്കുള്ള അവാർഡും സർട്ടിഫിക്കറ്റും ന്യൂയോർക്കിലുള്ള ഷാമിനേഡ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന ഐ. പി. സി. ഈസ്റ്റേൺ റീജിയന്റെ 21 -ാമത് വാർഷികസമ്മേളനത്തിനോടനുബന്ധിച്ച് വിതരണം ചെയ്യുമെന്ന് സൺഡേ സ്കൂൾ അസോസിയേഷൻ ഡയറക്ടർ റവ. ആൽവിൻ ഡേവിഡ് അറിയിച്ചു.

മാസച്ചുസറ്റ്സ്, കണക്റ്റിക്കട്ട്, ന്യൂജേഴ്സി, ന്യൂയോർക്ക്, പെൻസിൽവേനിയ, മേരിലാൻഡ് എന്നീ സംസ്ഥാനങ്ങളും വാഷിങ്ടൺ ഡി. സി. യും ഉൾപ്പെടെ ഐ. പി. സി. ഈസ്റ്റേൺ റീജിയൻ സഭകളിൽ നിന്നുള്ള സഭാശുശ്രൂഷകരും ദൈവമക്കളും ഈ റീജിസൻ സമ്മേളനത്തിൽ സംബന്ധിക്കും.

# ഡാളസ്സ് റൈറ്റേഴ്സ് ഫോറത്തിന് പുതിയ സാരഥ്യം

**തോമസ് ചെള്ളേത്ത്**



**ഡാളസ്സ്:** ഒക്ടോബർ 9 ന് മസ്കിറ്റ് ഷാരോൺ ഫെലോഷിപ്പ് ചർച്ചിൽ നടന്ന കേരളാ പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഡാളസ്സ് ചാപ്റ്ററിന്റെ ജനറൽ ബോഡി 2011–13 ലേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. കഴിഞ്ഞ പ്രസിഡന്റ് രാജു തരകന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാസ്റ്റർ വി.ടി. തോമസ് (പ്രസിഡന്റ്), പാസ്റ്റർ ഷാജി .കെ. ദാനിയേൽ (വൈസ് പ്രസിഡന്റ്), തോമസ് ചെള്ളേത്ത് (സെ

☞ 10

ലേഖനം

# നാം നടുവിൽ നിൽക്കേണ്ട മഹാപുരോഹിതൻ

പാസ്റ്റർ ജോസ് വർഗീസ്

ദൈവം തന്റെ ജനത്തെ പരിപാലിക്കേണ്ടതിനായി മൂന്ന് തലത്തിൽ അധികാരവികേന്ദ്രീകരണം നടത്തി. ഭരണത്തിനായി 'രാജാവ്'; ദൈവത്തിന് തന്റെ ജനത്തോട് സംസാരിപ്പാൻ 'പ്രവാചകൻ'; ദൈവത്തിനും ജനത്തിനും നടുവിൽ നിൽപ്പാൻ 'പുരോഹിതൻ'

ഇസ്രയേൽ ജനതയുടെ ഭരണസംവിധാനത്തിന്റെ (Administration) അടിസ്ഥാന ഘടകങ്ങളാണ് ഇവ മൂന്നും. രാജാവിനും പുരോഹിതനും അവർ അനുവർത്തിച്ചുപോരേണ്ട പ്രത്യേകം പ്രത്യേകം ചട്ടങ്ങളും നിയമങ്ങളും നൽകപ്പെട്ടിരുന്നു. എന്നാൽ പ്രവാചകൻമാരുടെ കാര്യത്തിൽ ദൈവത്തിന്റെ "നിയമനങ്ങൾ ( Appointment) വ്യവസ്ഥാപിതമായി കാണുന്നില്ല. കാരണം തനിക്കുവേണ്ടി സംസാരിച്ച പ്രവാചകൻമാരുടെ ലിസ്റ്റിൽ പൗരോഹിത്യ പരമ്പരയിലെ 'യെഹസ്ക്കേലിനെയും' കൃഷിക്കാരനായ ഏലീശായെ, ഇടയനായി ആമോസിനെ ഒറ്റവാക്കിൽ പറഞ്ഞാൽ ദൈവത്തിനുവേണ്ടി എരിയുന്ന ആരെയും അവൻ തന്റെ പ്രവാചകനാക്കും! ഏലിയാവാണ് ഇതിന് ഏറ്റവും ഉത്തമമായ ഉദാഹരണം. തിസ്ബയിൽ നിന്നും ആഹാബിന്റെ കൊട്ടാരത്തിൽ എത്തി ദൈവത്തിനുവേണ്ടി ശബ്ദമുയർത്തിയവൻ, ദൈവം കൽപ്പിച്ചിട്ട് പ്രവചിച്ചവൻ അല്ല ഏലീയാവ്, പിന്നെയോ ദൈവത്തിനുവേണ്ടി കൽപ്പിച്ചവനാണ് അവൻ. ഇന്നും ദൈവം ഏലീയാവുമാരെ പ്രതീക്ഷിക്കുന്നു.

തന്റെ ജനത്തിനും തനിക്കും ഇടയിൽ നിൽക്കേണ്ടവർ ലേവ്യഗോത്രക്കാർ ആയിരിക്കണം എന്ന് ദൈവം കൽപ്പിച്ചു. അവരെ തനിക്കുവേണ്ടി വേർതിരിച്ചു. എന്നാൽ യേശുക്രിസ്തുവിലൂടെ ദൈവം മാനവജാതിയോട് ചെയ്ത 'പുതിയനിയമത്തിൽ' ഈ കൽപ്പനയ്ക്ക് വിശാലമായൊരു പുതുക്കവും പ്രത്യേക ഗോത്രം എന്ന സങ്കുചിത അവസ്ഥയിൽ നിന്നും വിളിച്ചു വേർതിരിക്കപ്പെട്ടവർക്ക് "രാജകീയ പുരോഹിതവർഗ്ഗം" എന്ന സാർവ്വത്രിക അംഗീകാരം നൽകപ്പെട്ടു.(1 pet 2:9) ആകയാൽ വീണ്ടെടുക്കപ്പെട്ടവരേ വിശ്വാസിയും ദൈവത്തിന്റെ പുരോഹിതനാണ്. ഇത് അതിശ്രേഷ്ഠമേറിയ പദവിയാണ്. അതിമഹത്വമേറിയ അധികാരമാണ്. അതുകൊണ്ട് നാം ഈ മഹത്തായ ശുശ്രൂഷയെക്കുറിച്ച് ചില കാര്യങ്ങൾ തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്.

കൃത്യമായി നാം മനസ്സിലാക്കേണ്ട പ്രധാന വസ്തുത ദൈവമാണ് നമ്മുടെ ഓഹരി ( സംഖ്യ:18:20) ഈ ഭൂമിയിൽ യാതൊരുവിധ സ്ഥാവകജംഗമവസ്തുക്കളും ഇല്ലാത്തവർ 'കർത്താവിന്റെ ഭാഷയിൽ ലോകം പകക്കുന്നവർ (Joh.15:17). പക്ഷേ ഈ കാലഘട്ടത്തിലെ പൗരോഹിത്യവർഗ്ഗം സമ്പത്തിന്റെ പിന്നാലെ പരക്കം പായുന്ന കാഴ്ചയാണ് നാം കാണുന്നത്. ദൈവ പൈതലേ നിനക്ക് ഇതു ചേരുന്നതല്ലെന്ന് തിരിച്ചറിയുക.

രണ്ടാമതായി:- മുന്നേ നടക്കേണ്ടവർ ആണ് നാം. ഇടയശുശ്രൂഷ ആടുകളുടെ പിന്നാലെ പോകുന്നതല്ല. മുന്നേ നടക്കുന്നതാണ് (Joh.10:4) എല്ലായ്പ്പോഴും അവർ മുന്നേ നടക്കണം. പഴയനിയമ പുരോഹിതൻമാരും വ്യത്യസ്തമായിരുന്നില്ല. പുരോഹിതർ ആയിരുന്നു യോർദ്ദാനിലേക്ക് ആദ്യം ഇറങ്ങേണ്ടത്. അധികാരത്തിന്റെയും അനുഗ്രഹത്തിന്റെയും ശുശ്രൂഷ. നടുവിൽ നിൽക്കുന്ന ശുശ്രൂഷ! ജനം കടന്നുതീരുവോളം, വിടുതൽ പ്രാപിക്കുവോളം, വിഷയങ്ങൾക്ക് പരിഹാരം ഉണ്ടാകുന്നതുവരെ, സൗഖ്യം ലഭിക്കുന്നതുവരെ, ശുശ്രൂഷകൻ നടുവിൽ നിൽക്കണം. ശുശ്രൂഷകന്റെ വേദനകൾക്കോ വേവലാതികൾക്കോ, വിഷയങ്ങൾക്കോ ഇവിടെ പ്രസക്തിയില്ല. ആടുകൾ പലപ്പോഴും ശുശ്രൂഷകൻ അനുഭവിക്കുന്ന വേദനകളെ നേരിടുന്ന പ്രതികൂലങ്ങളെ അറിയാറില്ല. അല്ല, യഥാർത്ഥശുശ്രൂഷകൻ അത് അറിയിക്കാറില്ല. ദാവീദ് ഒരിക്കൽ ഒരു സിംഹത്തെയും, കരടിയെയും കൊന്ന് തന്റെ ആടുകളെ സംരക്ഷിച്ചു. പക്ഷേ ജീവൻ പണയം വച്ച് മൽപ്പിടുത്തം നടത്തിയ ദാവീദിനെ, മുറിവേറ്റ ദാവീദിനെ, ക്ഷീണിച്ച ദാവീദിനെ ആടുകൾ കണ്ടതുമില്ല, അറിഞ്ഞതുമില്ല. ദാവീദിനു പരിഭവമില്ല കാരണം തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞവൻ ആയിരുന്നു. അവൻ (ആധുനിക ഇടയൻമാരിൽ അധികപങ്കും ആടുകളെ 'കറക്കി' പിടിക്കുന്നവരും 'കറന്ന്' എടുക്കുന്നവരുമാണെന്നത് പരസ്യമായ രഹസ്യം)

മൂന്നാമതായി നാം കാണുന്ന പ്രത്യേകത:- പരാതിയോ, പരിഭവമോ, ഇല്ലാത്തവരും, അതിൽ നിന്നും ഒന്നും പ്രതീക്ഷിക്കാത്തവരുമായിരുന്നു. അഥവാ ആയിരിക്കണം ദൈവത്തിന്റെ പുരോഹിതൻ. സംഖ്യ പുസ്തകം 7:1-10 വരെയുള്ള വാക്യങ്ങളിൽ സമാഗമനകൂടാരത്തിലെ വേലയ്ക്ക് നിയോഗിച്ച ലേവ്യർക്ക് അവരുടെ വേലയ്ക്ക് വേണ്ടി വഴിപാടായി കിട്ടിയ "വണ്ടി" ദൈവം പങ്കുവച്ചുകൊടുക്കുന്നതു കാണുന്നു. ഗർശേന്യർക്ക് രണ്ട് വണ്ടി (V.5) മെരാര്യർക്ക് 4 വണ്ടി (V.10) എന്നാൽ "കെഹാത്യർക്ക് അവൻ ഒന്നും കൊടുത്തില്ല"

ഞങ്ങളും ദൈവവേല ചെയ്യുന്നവർ അല്ലയോ? അന്യായമായാണ് ദൈവം കാണിക്കുന്നതു എന്ന് പരാതിപ്പെടുന്നതു എന്ത്? കാരണം ഞങ്ങളുടെ വിളിയും തെരഞ്ഞെടുപ്പും ദൈവത്തിന്റെ പെട്ടകം തോളിൽ ചുമക്കേണ്ടതിനാണെന്ന സത്യം കെഹാത്യർ തിരിച്ചറിഞ്ഞതുകൊണ്ട് അവർ പരിഭ്രമിച്ചില്ല. മാത്രമല്ല അവർ അതിൽ സംതൃപ്തരും വിശ്വസ്തരുമായിരുന്നു. സമാഗമനകൂടാരത്തെ മനോഹരമാക്കുന്ന എരിഞ്ഞു തീരുന്ന പുറമേയുള്ള വസ്തുക്കളുടെ ശുശ്രൂഷകരായ മെരാര്യരും, ഗർശേന്യരും "വണ്ടിയിൽ സഞ്ചരിക്കുമ്പോൾ" അതു കണ്ട് പരിഭവിക്കാത്ത, പിറുപിറുക്കാത്ത, നിരാശക്ക് വഴിപ്പെടാത്ത കെഹാത്യശുശ്രൂഷകർ ആധുനിക സഭകളിലുണ്ടോ? ഇന്ന് തോൾകൊണ്ടാടകേണ്ട ശുശ്രൂഷകൾക്ക് ആരും ഇല്ലാതെ വരുന്നു. 'വണ്ടി'ക്ക് വേണ്ടിയുള്ള ശുശ്രൂഷകൾക്ക് സമർപ്പിച്ച് തിരക്ക് കൂട്ടുന്നവരാണ് അധികവും. എരിഞ്ഞു തീരുന്ന ശുശ്രൂഷകൾക്കല്ല, എരിതീയിൽ ഉരുകി തെളിയുന്ന ശുശ്രൂഷകൾക്ക് ചുമൽ കൊടുക്കാം പരാതികളില്ലാതെ.

യേശുക്രിസ്തു എന്ന മഹാപുരോഹിതനെ നോക്കൂ. മാനവജാതിയുടെ രക്ഷക്കു വേണ്ടി പിതാവാം ദൈവത്തിന്റെ സന്നിധിയിൽ തന്റെ ജീവനെ മറുവിലയായി കൊടുത്തിട്ട് നടുവിൽ നിൽക്കുകയാണ് നമുക്കുവേണ്ടി. മാനവകുലത്തിന് കർമ്മം കൊണ്ട് നേടാനാകാത്തതു കാൽവറിയിൽ സൗജന്യമായി നൽകികൊണ്ട്, അവരിൽനിന്നും ഒന്നും പ്രതീക്ഷിക്കാതെ, സകലത്തിന്റെയും വീണ്ടെടുപ്പ് പൂർത്തിയാകുവോളം നമുക്കായി നിലകൊള്ളുന്ന മഹാപുരോഹിതനാണ് കർത്താവായ യേശു. അവനാണ് നമ്മുടെ മാതൃക; ആകയാൽ ആ ചുവടുകളാണു നാം പിൻതുടരേണ്ടത് (1Pet 2:21) കാരണം നാം ആ മഹാപുരോഹിതന്റെ പിൻതുടർച്ചക്കാരാണ്, അവന്റെ പ്രതിനിധിയാണ്.

# വയനാട്ടിൽ സുവിശേഷ വിരോധികൾ വർദ്ധിക്കുന്നു

പാ. സജി കണ്ണാടിക്കൽ

സുവിശേഷവേലയ്ക്ക് കാര്യമായ എതിർപ്പുകൾ ഇല്ലാതിരുന്ന ജില്ലയാണ് വയനാട്. എന്നാൽ ഇപ്പോൾ വളരുന്ന സഭകൾക്കും ആത്മാർത്ഥമായി വേലചെയ്യുന്ന സുവിശേഷകന്മാർക്കും എതിർപ്പ് വർദ്ധിച്ചുവരുന്നു. കഴിഞ്ഞ രണ്ട് മാസത്തിനിടയിൽ വയനാട് ജില്ലയിൽ 11 സുവിശേഷവിരോധികൾ അതിമൃഗിയമായി മർദ്ധിക്കുകയുണ്ടായി.

പാസ്റ്റർ ഒ. ജെ. തോമസ്, പാ. പ്രാൻസിസ്, പാ. ജെയ്സൻ, പാ. ജോയി വർഗ്ഗീസ്, പാ. ഷാജി, വിൻസൻ, ജോണി, റോബിൻ, സാം തോമസ്, രാജു, ഷിന്റോ, സിന്ദു എന്നിവർക്കാണ് മർദ്ദനമേറ്റത്. ഇവരെ ബിലീവേഴ്സ് ജേണൽ റിപ്പോർട്ടർ പാ. സജി കണ്ണാടിക്കൽ സന്ദർശിച്ചു. ഇതിൽ ചിലർ സ്വതന്ത്രമായും മറ്റുചിലർ മുഖ്യധാര സഭകളിലും സുവിശേഷ വേല ചെയ്യുന്നവരാണ്. ഇതിൽ പലരും ഉപദ്രവിക്കപ്പെട്ടത് ആരോടും പറയാതിരുന്നു. എന്നാൽ മറ്റുചിലർ സഹായത്തിനായി അവരുടെ സെന്റർ പാസ്റ്ററെയും മറ്റു ചുമതലപ്പെട്ടവരെയും ഉടൻ തന്നെ വിവരമറിച്ചു. ഉടനെ അവർ ദൈവദാസനെ സന്ദർശിച്ചു. എന്നാൽ തുടർന്നുള്ള വാക്കുകളും പ്രവർത്തികളുമാണ് രസകരം മർദ്ദനമേറ്റ് അവശനിലയിലായ ദൈവദാസന്മാരോട് സംരക്ഷണത്തിനുപോലും അധികാരികളിൽ പരാതിപ്പെടുവാൻ അവർ സമ്മതിച്ചില്ല. പനിയോ മറ്റെന്തെങ്കിലും രോഗമോവന്നാൽ ആശുപത്രിയിലേക്ക് ഓടുന്ന വ്യക്തികൾ. പാവപ്പെട്ട സുവിശേഷകന്മാർക്ക് ഉപദ്രവമേൽക്കുമ്പോൾ പ്രാർത്ഥിച്ചാൽ മതി എന്നു പറയുന്നതിന്റെ അർത്ഥം മനസിലാക്കുവാൻ കഴിയുന്നില്ല. ഫീൽഡിൽ വേലചെയ്യുന്നവർക്ക് അടികിട്ടിയാൽ ഞങ്ങൾക്ക് എന്താ എന്ന ചിന്തയും കാഴ്ചപ്പാടും അനങ്ങാപ്പാറനയവും നേതൃത്വത്തിലിരിക്കുന്നവർ മാറ്റേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഇന്ത്യയുടെ ഭരണഘടനയിലുള്ള എല്ലാ അവകാശങ്ങളും പെന്തെക്കോസ്തുകാർക്കും ഉള്ളതാണ് എന്ന കാര്യം നാം മറക്കരുത്. നമ്മുക്ക് ലഭിക്കേണ്ട അവകാശ സംരക്ഷണങ്ങൾ നേടിയെടുക്കുന്നതിന് ഒന്നിച്ച് നിന്ന് പ്രവർത്തിക്കാം. ചെറിയവരും വലിയവരും എന്ന ചിന്തമാറ്റി വച്ച് ഒത്തൊരുമയോടെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. മർദ്ദനമേറ്റ് കഴിയുന്ന ദൈവദാസന്മാരെ ഓർത്ത് നമുക്ക് പ്രാർത്ഥിക്കാം.

# അഗപ്പെ ഗോസ്പൽ മിഷൻ ജനറൽ കൺവൻഷൻ

**നിലമ്പൂർ:** അഗപ്പെ ഗോസ്പൽ മിഷന്റെ 17-മത് ജനറൽ കൺവൻഷൻ 2012 ജനുവരി 26 മുതൽ 29 വരെ നിലമ്പൂർ അഗപ്പെ ഹിൽസിൽ നടക്കും.

കൺവൻഷന്റെ ഒരുക്കങ്ങൾക്കായി ജനറൽ സെക്രട്ടറി ജോസഫ് ഇടക്കാട്ടിലിന്റെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

കൺവൻഷനുകളോട് അനുബന്ധിച്ച് ശുശ്രൂഷാ സമ്മേളനം, സഹോദരി സമ്മേളനം, യുവജന സമ്മേളനം, സ്നാന ശുശ്രൂഷ, സുവിശേഷ റാലി എന്നിവയും ഉണ്ടായിരിക്കും. അനുഗ്രഹീത ദൈവദാസന്മാർ ദൈവവചനം ഘോഷിക്കുന്നതാണ്.

# ലഹരി വിരുദ്ധ ബോധവൽക്കരണറാലി



പാസ്റ്റർ കെ.സി. ബാബു പ്രസംഗിക്കുന്നു. കെ.സി. വർഗ്ഗീസ്, പാസ്റ്റർമാരായ ചെറിയാൻ ഫിലിപ്, ആന്റണി വെളിയനാട് എന്നിവർ സമീപം.

**വെച്ചൂച്ചിറ:** യു.പി.എഫിന്റെ ആഭിമുഖ്യത്തിൽ മദ്യവിരുദ്ധ ബോധവൽക്കരണയോഗങ്ങൾ സംഘടിപ്പിച്ചു. ഒക്ടോബർ 1-ാംതീയതി ശനിയാഴ്ച രാവിലെ 9-ന് വെച്ചൂച്ചിറ ബസ്സ്റ്റാന്റിൽ പാസ്റ്റർ കെ.എം. സാംകുട്ടി പ്രാർത്ഥിച്ചു ആരംഭംകുറിച്ചു.

യു.പി.എഫ്. പ്രസിഡന്റ് ശ്രീ. വി.എസ്. വർഗ്ഗീസ്, സെക്രട്ടറി പാ. സി.വി. ഫിലിപ്പോസ്, പാ. ചെറിയാൻ ഫിലിപ്പ്, ബ്രദർ സി.എ. വർഗ്ഗീസ് തുടങ്ങിയവർ നേതൃത്വം നൽകി. ലഹരിമരുന്നുകൾക്ക് അടിമകളാകുന്നവരെ മാത്രം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന പെരുമ്പാവൂരിലെ ജീവൻ ഇന്റർ നാഷണൽ മിനിസ്ട്രിയുടെ സഹകരണം ഉണ്ടായിരുന്നു. ജീവന്റെ പ്രസിഡന്റ് ആന്റണി വെളിയനാട്, ജീവന്റെ ഡയറക്ടർ എക്സിക്യൂട്ടീവ് ബോർഡ് മെമ്പർ പാസ്റ്റർ കെ.സി. ബാബു എന്നിവർ പ്രധാന പ്രസംഗകർ ആയിരുന്നു.

പാസ്റ്റർമാരായ ചെറിയാൻ ഫിലിപ്പ്, കെ.എം. സാംകുട്ടി, ഇ.ജെ. തോമസുകുട്ടി, എബ്രഹാം തോമസ് തുടങ്ങിയവർ സന്ദേശങ്ങൾ നൽകി. ബ്രദർ സ്റ്റാൻലി എബ്രാഹാം ഗാനങ്ങൾ ആലപിച്ചു.

കാലികം

# വൈകി വന്ന വകതിരിവ് – നരച്ചതല ശോഭയുള്ള കീരിടം



സജി നെടുങ്കണ്ടം

കീടനാശിനിയുടെ അമിത പ്രയോഗം നിമിത്തം നാം കഴിക്കുന്ന ഭക്ഷണം നമ്മുടെ ജീവൻ നിലനിർത്തുന്നതോടൊപ്പം തന്നെ മരണത്തിലേയ്ക്കുള്ള അകലവും കുറയ്ക്കുന്നു. ഓരോ കണ്ടുപിടുത്തങ്ങളും രാജ്യങ്ങൾ തമ്മിൽ മത്സരിക്കാനും; താൽക്കാലിക ആവശ്യങ്ങളിൽ നമ്മെ താങ്ങി നിർത്തുകയും ചെയ്യുന്നു. ഉദാഹരണത്തിന് നമ്മുടെ അഞ്ചു വിരലുകളിൽ ഒതുക്കി ഉപയോഗിക്കുന്ന മൊബൈൽ ഫോൺ; ലോകത്തെ അഞ്ചുവിരലുകളിൽ ഒതുക്കിയിരിക്കുന്നുവെന്ന് കണ്ടുപിടുത്തം തെളിയിക്കുന്നു. എത്ര അകലെ ഇരിക്കുന്ന ഒരു ആളുമായിട്ടും അടുത്തിരുന്നു സംസാരിക്കുവാൻ തക്ക അവസരം ഒരുക്കിത്തരുന്ന ഈ മൊബൈൽ വീരൻ; ചിലവർഷം കൂടികഴിയുമ്പോൾ ഇത്രയും കാലം മാരക വിപത്തിന്റെ റിങ്ങ്ടോൺ ആണ് നമ്മുടെ നെഞ്ചിൽ കിടന്ന് പാടിയത് എന്ന് തിരിച്ചറിയേണ്ടിവരും. ചില പഠനങ്ങൾ ഇപ്പോൾ തന്നെ അതിലേയ്ക്ക് വിരൽ ചൂണ്ടുന്നുണ്ട്. അതികം താമസിയാതെ മരണത്തിലേയ്ക്കുള്ള യാത്രയ്ക്കായി ഒരു മിസ്ഡ് കോളായും ഇവനിലെ റിങ്ങ്ടോൺ വൈബ്രേഷനായി നമ്മെ ഇക്കിളിപ്പെടുത്തിയേക്കാം. എന്നിരുന്നാലും ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ബുദ്ധിയുള്ള തലച്ചോറിന്റെ ഉടമയെ കണ്ടിരുന്നെങ്കിൽ കാര്യമായിട്ട് തന്റെ കൈപിടിച്ചൊന്നു കുലുക്കുകയും മിസ്ഡ്കോൾ വിടുവാൻ തന്റെ നമ്പർ ഒന്നു വാങ്ങുകയും ചെയ്യാമായിരുന്നു. ഇനി മൊബൈൽ ഫോൺ ഇല്ലാത്ത ഒരു കാലമോ ഒരു നിമിഷമോ നമ്മുക്ക് ഓർക്കാൻ കൂടി വയ്യാ.

കണ്ടുപിടുത്തങ്ങൾ എത്ര പെരുകിയാലും വളരെ പ്രചാരത്തിൽ ഇവയെല്ലാം മാർക്കറ്റുകൾ കീഴ്പ്പെടുത്തിയാലും വെളുത്ത മുടി കറുപ്പിക്കുന്ന ഡൈയുടെ കടന്നുവരവാണ് മുതിർന്ന പൗരന്മാർക്ക് ഇന്ന് പ്രസരിപ്പും പ്രചോദനവും നൽകുന്നത്. ഡൈയുടെ കണ്ടുപിടുത്തം ഇത്ര കണ്ട് വിജയിച്ചതിനാൽ സർക്കാരു ബസിലെ സീനിയർ സിറ്റിസൺ സീറ്റുകൾ ഇന്ന് ആർക്കും വേണ്ടാതെ വെറുതെ കിടക്കുന്നു. വിലകൂടിയതും വില കുറഞ്ഞതുമായ ഈ കറുപ്പിക്കൽ രാജാവ് വയസന്മാരുടെ ഇടയിലും ചെറുകിളവന്മാരുടെ ഇടയിലും സ്റ്റാറായി വിലസുന്നു. ഉപയോഗിക്കുവാനുള്ള എളുപ്പവും ദോഷം വരുത്തുമോ എന്നു പരീക്ഷിക്കുവാൻ സ്വന്തം ചെവിയുടെ പുറകിൽ തന്നെ പുരട്ടി പരീക്ഷിക്കുവാനുള്ള അവകാശവും ഈ കരീവീരനെ ജനകീയനാക്കി മാറ്റിയിരിക്കുന്നു. യൗവ്വനം നിലനിർത്തി പ്രസരിപ്പ് നൽകുന്ന ഈ കൊച്ചു ടാർ പാട്ടകൾ മാർക്കറ്റുകളിൽ ഇന്ന് സുലഭം. ഈ ഡൈകുട്ടന്റെ വരവുനിമിത്തം പല മുത്തച്ഛന്മാർക്കുവരെ വിവാഹ ആലോചന പോലും ലഭിക്കുന്നു എന്നതും ശ്രദ്ധേയമാണ്. പെന്തെക്കോസ്തുകാരുടെ ഇടയിലും ഈ മിടുക്കന് നല്ല മാർക്കറ്റാണ് എന്ന് തെളിഞ്ഞിരിക്കുന്നു. ഇന്നലെവരെ ചെറുപ്പക്കാരനായി ചുറുചുറുക്കോടെ സ്റ്റേജിൽ മിന്നിയ പലരും ദീർഘ നാളത്തെ ഉപയോഗത്തിന്റെ അനന്തര ഫലമായി വന്ന അലർജിമൂലം; യൗവ്വനം കഴുകനെപ്പോലെ പുതുകിവരികയല്ല; മറിച്ച് യൗവ്വനം കിഴവനെപ്പോലെ പഴയ രൂപത്തിലേയ്ക്ക് ചിറകു തളർന്ന് നടന്നുകൊണ്ട് യഥാർത്ഥ രൂപം പുറത്തുകൊണ്ടുവന്നിരിക്കുന്നു.

വൈകിയാണെങ്കിലും ഈ കരിഭീകരൻ ഉപഭോക്താവിനെ വകതിരിവ് പഠിപ്പിക്കുന്നു. സത്യത്തിൽ ഒരുപോലെ ആശ്രയിക്കുന്ന ഈ കരിമരുന്ന് പ്രയോഗത്തിന് മാർക്കറ്റ് കൂടിയെന്നു മാത്രമല്ല നമ്മുടെ പല ഭക്തന്മാരെയും ക്ഷമകൂടി പഠിപ്പിക്കുന്നുണ്ട് എന്ന ഗുണം ഈ കരിമരുന്നിന് മാത്രമുള്ളതാണ്. എങ്ങനെയാണെങ്കിലും അരമണിക്കൂർ എങ്കിലും ഇവനേയും തേച്ച് അനങ്ങാതെ ഇരിക്കാതെ നിവൃത്തിയില്ലല്ലോ. ബ്യൂട്ടി പാർലറുകളിൽ പെന്തെക്കോസ്തു സാന്നിധ്യം ഈ അടുത്തിടയിൽ കൂടിയതിനു പിന്നിലും ഈ കരിവീരൻ തന്നെയാണ്. മുപ്പത്തിഅഞ്ചിൽ തിളങ്ങിയിരുന്ന പല പ്രമുഖരും എഴുപതുകളുടെ ചുക്കിചുളിവുകൾ ഞങ്ങൾക്കുണ്ടെന്നു തെളിയിക്കുന്ന അവസ്ഥയിൽ സൃഷ്ടിതാവിന്റെ തിരുക്കരത്തിലേയ്ക്ക് ഡൈയ് ഉപേക്ഷിച്ച് മടങ്ങിവന്നിരിക്കുന്നു. ചില സഭകളിലെ പാസ്റ്റർമാർക്ക് അലർജ്ജി കഠിനമായപ്പോൾ തനതായ ശൈലിയിലേയ്ക്ക് മടങ്ങിയതിനാൽ; സ്വന്തം വിശ്വാസികൾ പോലും ആളെ തിരിച്ചറിയാതെ അകന്നുനിന്നു. എന്തായിരുന്നാലും ഈ കരിവീരനു പിന്നിലെ കറുത്തകരം ഒന്നു കണ്ടിരുന്നെങ്കിൽ ഷെയ്ക് ഹാന്റ് കൊടുക്കാമായിരുന്നു. ഒരിക്കൽ വിലാപയാത്രയിൽ എവിടെയോ തൂക്കിയ കുറിപ്പ് ഓർമ്മപ്പെടുത്തിക്കൊണ്ട് ഇവിടെ അവസാനിപ്പിക്കാം. “ഇന്നു ഞാൻ നാളെ നീ”. ഇതും ഓർമ്മയിൽ ഇരിക്കട്ടെ. ഈ കരീവീരനിലെ അലർജ്ജി പരത്തുന്ന കെമിക്കൽ നിമിത്തം വൈകിയാണെങ്കിലും വചനത്തിന്റെ സത്യം നമുക്ക് തിരിച്ചറിയാൻ കഴിയുന്നു. അതുകൊണ്ട് ഓർക്കുക; “നരച്ചതല ശോഭയുള്ള കിരീടമാകുന്നു. (സദൃ. 16:31) ഈ കിരീടം എല്ലാവർക്കും ഒരു പോലെ സ്വന്തം.

## നേതൃത്വ പരിശീലനം

2011 ഡിസംബർ 9 വെള്ളിയാഴ്ച രാവിലെ 9 മണിമുതൽ 11 ഞായറാഴ്ച വൈകുന്നേരം 4 മണിവരെ തിരുവനന്തപുരം, മണ്ണന്തല, മാർത്തോമ സ്റ്റഡി സെന്ററിൽ തിമഥി നേതൃത്വ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നു.

ക്രിസ്തീയ നേതൃത്വം, സുവിശേഷീകരണത്തിനുള്ള വിവിധ മാധ്യമങ്ങൾ, ദൗത്യം, സുവിശേഷീകരണം വിവിധ തലങ്ങളിൽ, ഗൃഹവിചാരകത്വം, കുട്ടികളുടെ ഇടയിലുള്ള സുവിശേഷീകരണം, വിജയത്തിലേക്കുള്ള പടവുകൾ, സംഘടനാപാടവം, വേദപുസ്തക വ്യാഖ്യാന രീതി, ശിഷ്യത്വം, കൗൺസലിംഗിന്റെ ആവശ്യകതയും മാർഗ്ഗവും തുടങ്ങി വിവിധ വിഷയങ്ങളിൽ മേജർ വി. ഐ. ലൂക്ക്, രാജൻ. ജെ. ആഷേർ, ഏബ്രഹാം ഫിലിപ്പോസ്, രജി മൂലേടം, റെനി വെസ്ലി, സുനിൽ സക്കറിയ, ബിജു ഈപ്പൻ, ജോർജ്ജ് പി. സ്കറിയ, അനിൽ കുമാർ ആർ. കെ., എബി. പ്രിൻസ് തോമസ്, സജി കുമാർ, ജിജി സക്കറിയ, സാജു ജോൺ തുടങ്ങിയ ദൈവദാസന്മാർ ക്ലാസ്സുകൾ നയിക്കുന്നു. പ്രസ്തുത ക്യാമ്പിൽ പങ്കെടുക്കാൻ താല്പര്യപ്പെടുന്നവർ 2011 നവംബർ 15 ന് മുൻപ് ക്യാമ്പ് കോർഡിനേറ്ററെ മുൻകൂറായി വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## വേദവിഹാരം സാഹിത്യസെമിനാർ




**തൃശ്ശൂർ:** മഹാകവി കെ. വി. സൈമൺ സാറിന്റെ വേദവിഹാരം എന്ന മഹാകാവ്യം 80 വർഷങ്ങൾ പിന്നിട്ടതിന്റെ പേരിൽ മഹാകവി കെ. വി. സൈമൺ സാഹിത്യ സെമിനാർഒക്ടോബർ 6 ന് വ്യാഴാഴ്ച തൃശ്ശൂർ സാഹിത്യഅക്കാദമി ഹാളിൽ പി. ഐ. ഏബ്രഹാം (കാനം അച്ചൻ) ഉദ്ഘാടനം ചെയ്തു. ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ പ്രസിഡന്റ് ശ്രീ. ജെ. സി. ദേവ് പ്രബന്ധം അവതരിപ്പിച്ചു. സൈമൺ സാറിന്റെ ഗാനങ്ങളുടെ പ്രബന്ധം ടോണി. ഡി. ചൊവ്വൂക്കാരൻ നിർവ്വഹിച്ചു. സുവിശേഷകൻ കെ. വി. ഐസക്ക്, പാസ്റ്റർ ഇ. ജെ. വർഗ്ഗീസ്, പാസ്റ്റർ പി. ജെ. നെൽസൺ, പാസ്റ്റർ ലാസർ മുട്ടത്ത്, സുവിശേഷകൻ റോയ് മീൻപാറ, സുവിശേഷകൻ കെ. എസ്. ഗോപാലകൃഷ്ണൻ, റ്റി. പി. ജോർജ്ജ്, സാംകുട്ടി ജോൺ കുമ്പനാട് തുടങ്ങിയവർ ആശംസകളറിയിച്ചു. സാജൻ. സി. ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ കുഞ്ഞുമോൻ ജോസഫ് സ്വാഗതവും പാസ്റ്റർ ജോഷി. എസ്. എ. നന്ദിയും പ്രകാശിപ്പിച്ചു.

## പ്രാർത്ഥന സെമിനാർ

**കോട്ടയം:** പ്രാർത്ഥന ജീവിതത്തിന്റെ വർദ്ധിച്ചു വരുന്നപ്രാധാന്യത ദൈവജനത്തെ ബോദ്ധ്യപ്പെടുത്താൻ റവ. സാം. സി. സാമുവേൽ കേരളത്തിലുടനീളം പ്രാർത്ഥനയെക്കുറിച്ചുള്ള ധ്യാനയോഗങ്ങളും സെമിനാറുകളും (School of Prayer) നടത്തുവാൻ താൽപ്പര്യപ്പെടുന്നു. കഴിഞ്ഞ 40–ൽ പ്പരം വർഷങ്ങളായി ഇന്ത്യഎവരി ഹോം ക്രൂസേഡിന്റെ കേരള ഡയറക്ടർ, സൗത്തിന്ത്യ ഡയറക്ടർ എന്നീ നിലകളിലും, ഇപ്പോൾ ഉത്തരേന്ത്യൻ സുവിശേഷീകരണ സംഘടനയായ ഓപ്പറേഷൻ അഗപ്പെയുടെ ചെയർമാനായും കർത്തൃ ശുശ്രൂഷയിലായിരിക്കുന്ന റവ. സാം. സി. സാമുവേൽ മലയാളികളായ ദൈവമക്കൾക്കു സുപരിചിതനാണ്.

നിരവധി വർഷങ്ങളായി പ്രാർത്ഥനയെക്കുറിച്ചുള്ള പഠന ക്ലാസ്സുകൾ ഭാരതത്തിലും വിവിധ രാജ്യങ്ങളിലുമായി നടത്തിയതിന്റെ ഫലമായി പ്രാർത്ഥന ജീവിതമുള്ള ഒരു തലമുറയെ ദൈവസഭയിൽ എഴുന്നേൽപ്പിക്കുവാൻ ഇദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള ധ്യാനയോഗങ്ങളോ പഠന ക്ലാസ്സുകളോ ബൈബിൾ കോളേജുകൾ, സഭകൾ, ഭവനങ്ങൾ എന്നിവിടങ്ങളിൽ ക്രമീകരിക്കുവാൻ താൽപ്പര്യമുള്ള ദൈവജനം ഓപ്പറേഷൻ അഗപ്പെയുടെ കോട്ടയത്തുള്ള ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## ഏകദിന പ്രവർത്തന ക്യാമ്പ്




**കൊട്ടാരക്കര:** മേഖല പി. വൈ. പി. എയുടെ നേതൃത്വത്തിൽ പുനലൂർ സെന്ററിൽ കുറ്റിക്കോണം ഐ. പി. സി. സഭയിൽ ഏകദിന പ്രവർത്തനക്യാമ്പ് സെന്റർ പി. വൈ. പി. എ. പ്രസിഡന്റ് പാ. അനി ജോയിയുടെ അദ്ധ്യക്ഷതയിൽ മേഖല പി. വൈ. പി. എ. പ്രസിഡന്റ് പാ. സാജൻ ഈശോ ഉദ്ഘാടനം ചെയ്തു. പാ. മാർക്ക് എൻ തങ്കച്ചൻ, ബ്രദർ കെ. ബി. ബിനു, പാ. ബിജു റ്റി. ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. ഇവാ. സാംകുട്ടി ജോൺ, സജി ഫിലിപ്പ് എന്നിവർ നേതൃത്വം നൽകി.

## അസംബ്ലീസ് ഓഫ് ഗോഡ് യുവജന ക്യാമ്പ് സമാപിച്ചു



**അടൂർ:** ദൈവത്തിനുവേണ്ടി ഭാരതത്തിൽ വൻകാര്യങ്ങൾ ചെയ്യുവാൻ യുവാക്കൾ തയ്യാറാവണമെന്നും അതിനുവേണ്ടി കാലാനുസൃതമായി മനസ്സ് പുതുക്കി രൂപാന്തരപ്പെടണമെന്നും അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സെക്രട്ടറി റവ. ബാബു ജോർജ് ആഹ്വാനം ചെയ്തു. സഭയുടെ യുവജന (സി.എ.) സമ്മേളനം സെപ്റ്റംബർ 7 ന് അടൂർ മാർത്തോമാ യൂത്ത് സെന്ററിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സമ്മേളനത്തിൽ യുവജനവിഭാഗം പ്രസിഡന്റ് പാസ്റ്റർ ജി. ജോൺസൺ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി പാസ്റ്റർ ടി.എസ്. സ്റ്റുവർട്ട് സ്വാഗതവും ട്രഷറർ ജിനു വർഗീസ് നന്ദിയും പറഞ്ഞു.

# സഹായം തേടുന്നു



ബഥേൽ ഗോസ്പൽ അസംബ്ലി വയനാട് സെക്ഷനിൽ അരിവയൽ സഭയുടെ പാസ്റ്ററായ എ. കെ. മുരളിയുടെ മകൻ 20 വയസ്സുള്ള സാം. കെ. മുരളി ആഗസ്റ്റ് 27 ന് വാഹനാപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു. അപകടത്തിൽ തോളെല്ലിനും പൊട്ടലുണ്ട്. കൂടാതെ വലതു കാൽ മുട്ടിനു താഴെ അറ്റുപോയ നിലയിലുമാണ്. കാലിലെ അസ്ഥികൾ പൂർണ്ണമായും തകർന്ന നിലയിൽ സ്വകാര്യ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട യുവാവ് ഡോക്ടർമാരുടെ തീവ്രപരിചരണത്തിലൂടെ അപകടനിലതരണം ചെയ്തു വരുന്നു. ഇതിനകം തന്നെ നിരവധി ശസ്ത്രക്രിയകൾ വേണ്ടി വന്നു. ദീർഘവർഷങ്ങളായി ഹൈന്ദവ മാർഗ്ഗത്തിൽ നിന്നും വിശ്വാസത്തിൽ വന്ന് കർത്തൃശുശ്രൂഷയിലായിരിക്കുന്ന പാസ്റ്റർ മുരളിയും കുടുംബവും സ്വന്തമായി യാതൊരു വരുമാന മാർഗ്ഗമില്ലാതെ വിശ്വാസത്താൽ കർത്തൃവേലചെയ്യുന്നവരാണ്. സഭാശുശ്രൂഷയോടുള്ള ബന്ധത്തിൽ ലഭിക്കുന്ന തുച്ഛമായ വരുമാനം നിത്യവൃത്തിക്കു പോലും തികയുകയില്ല. ഈ അവസ്ഥയിൽ നേരിട്ട അത്യാഹിതത്തിൽ എന്തു ചെയ്യണമെന്നറിയാതെ പകച്ചിരിക്കുകയാണ് ഈ കുടുംബം. ദൈവമക്കളുടെ സഹായമായി ലഭിച്ച 3 സെന്റ് സ്ഥലത്തുള്ള ഒരു ചെറിയ ഭവനത്തിലാണ് ഇവർ കഴിഞ്ഞു വരുന്നത്. ഇതിനകം നടന്ന 4 ഓപ്പറേഷനുകൾക്കായി ഏകദേശം 3.50 ലക്ഷത്തോളം രൂപ ചിലവഴിച്ചു കഴിഞ്ഞിരിക്കുന്നു. സ്നേഹനിധികളായ ദൈവമക്കളുടെയും ദേശവാസികളുടെയും സഹായ ഫലമായാണ് ഇതുവരെയുള്ള കാര്യങ്ങൾ നടന്നു വരുന്നത്. ഇനിയും മാസങ്ങൾ നീണ്ടുനിൽക്കുന്ന ചികിത്സാച്ചെലവുകൾ എങ്ങനെയെന്ന് നെടുവീർപ്പുകയാണ് ഈ കുടുംബം.

ബിലീവേഴ്സ് ജേണൽ വായനക്കാരുടെ സന്മനസ്സ് ഈ കുടുംബത്തിനു ഒരു സഹായമാകുമെന്നതിനാൽ നിങ്ങളുടെ ചെറുതും വലുതുമായ സംഭാവനകൾ ഈ കർത്തൃദാസന്റെ പേരിൽ എത്തിക്കുവാൻ അപേക്ഷിക്കുന്നു.

**അഡ്രസ്സ്**

പാസ്റ്റർ എ. കെ. മുരളി
ഗ്രേയ്സ് ഭവൻ, മന്തൊണ്ടിക്കുന്ന്
സുൽത്താൻ ബത്തേരി പി. ഒ, വയനാട് 673 592
ഫോൺ നമ്പർ – 9947394233

**A/C No:- 67056889643**
**SBT Sultan Bathery**

# ഡിവൈൻ ഫെസ്റ്റിവൽ

**മാവേലിക്കര:** ഡി. പി. എം. ഇന്ത്യയുടെ മാവേലിക്കര, കാർത്തികപ്പള്ളി, ചെങ്ങന്നൂർ താലൂക്കുകളിലുള്ള സഭകളുടെ സഹകരണത്തോടെ നടത്തപ്പെടുന്ന 8-ാമത് ഡിവൈൻ ഫെസ്റ്റിവൽ 2011 ഡിസംബർ 04 മുതൽ 10 വരെ മാവേലിക്കര കോടിക്കൽ ഗാർഡൻസിൽ വെച്ച് നടത്തപ്പെടുന്നു. ഈ സുവിശേഷയോഗത്തിന്റെ വിപുലമായ ഒരുക്കങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ഈ യോഗത്തിൽ ബ്രദർ ശേഖർ കല്യാൺപൂർ പാസ്റ്റുമാരായ കെ. സി. ജോൺ, റ്റി. ജെ. ശാമുവേൽ, തോമസ് മാമ്മൻ, ബിമോനച്ചൻ, ബാബു ചെറിയാൻ, റ്റി. ഡി. ബാബു, എബി ഏബ്രഹാം, പാസ്റ്റർ ജോൺ കെ. മാത്യു, പാസ്റ്റർ തോമസ് ഫിലിപ്പ്, ഷാജി പോൾ എന്നിവർ വചനപ്രഘോഷണം നടത്തുന്നു. ഗാനശുശ്രൂഷയ്ക്ക് ഷെക്കെയ്ന സിംഗേഴ്സ് പത്തനംതിട്ട, ബ്രദർ ശമുവേൽ വിത്സൻ, ബ്രദർ സുജിത്ത് ബാബു, സിസ്റ്റർ. ഹെലൻ റെയ്ച്ചൽ എന്നിവർ നേതൃത്വം കൊടുക്കുന്നു. പാസ്റ്റർ. വർഗീസ് ബേബി ജനറൽ കൺവീനരായും, പാസ്റ്റർ എം. കെ. സ്കറിയ ജോയിന്റ് കൺവീനറായും, ഇവ. ജേക്കബ് വർക്കി കോർഡിനേറ്ററായും, ബ്രദർ ബെന്നി തോമസ് പബ്ലിസിറ്റി കൺവീനറായും ഇവരെ കൂടാതെ വിവിധ കമ്മറ്റികളും പ്രവർത്തിക്കുന്നു.

# നിത്യതയിൽ

### അന്നമ്മ കോശി



**പന്തളം(മാന്തുക):** കാഞ്ഞിരമണ്ണിൽ വീട്ടിൽ പരേതനായ മാത്യു കോശിയുടെ ഭാര്യ അന്നമ്മ കോശി (84) ഒക്ടോബർ 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 8:30 ന് നിര്യാതയായി. സംസ്കാരം നടത്തി. മക്കൾ: അന്നമ്മ നൈനാൻ, ഏലിയാമ്മ ഏബ്രഹാം, മറിയാമ്മ തോമസ്, കോശി മാത്യു, മോഹൻ കാഞ്ഞിരമണ്ണണ്ണിൽ, സൂസൻ ജോസഫ് (യു. എസ്.എ).

### പാസ്റ്റർ എം. ഐ. തോമസ്



**ന്യൂയോർക്ക്:** പുതുപ്പള്ളി, കുമരംകോട്, മാമ്മൂട്ടിൽ പാസ്റ്റർ എം. ഐ. തോമസ് (കുഞ്ഞുകുട്ടി -75) നിര്യാതനായി. ശവസംസ്കാരം ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയുടെ കാർമ്മികത്വത്തിൽ പോർട്ട് വാഷിംഗ്ടണിലുള്ള നാസോ നോൾസ് സെമിത്തേരിയിൽ നടന്നു.

ഭാര്യ: സാറാമ്മ കോട്ടയം കഞ്ഞുക്കുഴി ആലുംമൂട്ടിൽ കുടുംബാംഗമാണ്. മക്കൾ ജെസ്സി, ജോയ്സ്, ബ്ലെസ്സി, പരേതനായ പ്രേയ്സ് (യു. എസ്. എ) മരുമക്കൾ ജിബി, അഗസ്റ്റിൻ, ജോൺ ജോൺ (ബിനു)

ഒക്ടോബർ 11 ചൊവ്വാഴ്ച വൈകുന്നേരം 6 മുതൽ ഗാർഡൻ സിറ്റിയിലെ പാർക്ക് ഫ്യൂണറൽ ഹോമിൽ പൊതുദർശനം നടന്നു. മധ്യപ്രദേശിലെ ഗ്വാളിയാറിലെ ഐ. പി. സി. സഭയുടെ സ്ഥാപകനും, ദീർഘകാലം സഭയുടെ ശുശ്രൂഷകനുമായിരുന്നു പരേതൻ.

### അമ്മിണി തോമസ്



**ഫീനിക്സ്:** റാന്നി കരിയാംപ്ലാവ് പടിഞ്ഞറ്റേതിൽ അമ്മിണി തോമസ് (72 വയസ്സ്) അരിസോണയിൽ വെച്ച് നിത്യതയിൽ ചേർക്കപ്പെട്ടു. ഭാർത്താവ് സി. വി. തോമസ്സ്, മക്കൾ ലിസി എം.ഫിലിപ്പ്, ഡെയ്സി തോമസ്, ജോൺ തോമസ്. മരുമക്കൾ: മോൻസി ഫിലിപ്പ്. പാസ്റ്റർ മാത്യു തോമസ് (റെജി), ഷൈനി തോമസ്, കൊച്ചുമക്കൾ: അശിഷ്, ക്രിസ്റ്റി, പ്രീതി, ജോന.

അരിസോണയിലെ ഇന്റർ നാഷണൽ അസംബ്ലി ഓഫ് ഗോഡ് ചർച്ച് അംഗമാണ്.

ശവസംസ്കാര ശുശ്രൂഷ ഒക്ടോബർ 12-ാം തീയതി വാലി ഓഫ് ദി സൺ ഫ്യൂണറൽ ഹോം സെമിത്തേരിയിൽ നടന്നു.

### മത്തായി ചാക്കോ



**ചാറ്റനൂഗ (ടെന്നസ്സി) :** റാന്നി വെച്ചൂച്ചിറ വലിയ കാലായിൽ മത്തായി ചാക്കോ (90) നിര്യാതനായി. ടൈനർ ചർച്ച് ഓഫ് ഗോഡ് അംഗമായിരുന്നു. 15-ാം തീയതി ക്ലീവ്ലാന്റ് ഹിൽ ക്രൈസ്റ്റ് സെമിത്തേരിയിൽ പാസ്റ്റർ സി. സി. തോമസിന്റെ നേതൃത്വത്തിൽ റവ. കെ. ജെ. മാത്യു ശുശ്രൂഷകൾ നിർവ്വഹിച്ചു. മക്കൾ: ഏലിയാമ്മ ഉമ്മൻ, ഗ്രേസി മാത്യു, ലീലാമ്മ വർഗീസ് (ന്യൂഡൽഹി), ലിസി തോമസ്, ആലീസ് മാത്യു, രാജൻ ചാക്കോ, തോമസ് ചാക്കോ, വിൽസി ജോൺസൺ, ജേർളി തോമസ് (യു. എസ്.എ)

ജാമാതാക്കൾ: പാ. എ. സി. ഉമ്മൻ, എം. റ്റി. മാത്യു, ബാബു വർഗ്ഗീസ് (ന്യൂഡൽഹി), പാ. ഫിലിപ്പ് തോമസ്, തോമസ് മാത്യു, സജിനി രാജൻ, സാലമ്മ ചാക്കോ, ജോൺസൺ ഏബ്രഹാം, ഷാബു തോമസ് (യു. എസ്. എ)

### ലില്ലി



**കായംകുളം:** ദി പെന്തെക്കോസ്ത് മിഷൻ ഡപ്യൂട്ടി ചീഫ് പാസ്റ്റർ വെസ്ലി പീറ്ററിന്റെ മാതാവും പുതുപ്പള്ളി പായിക്കാട്ട് പരേതനായ വി. പീറ്ററിന്റെ ഭാര്യയുമായ ലില്ലി (84) ഒക്ടോബർ 17 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം പിറ്റേന്ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം ടി. പി. എം. സഭാ സെമിത്തേരിയിൽ ചീഫ് പാസ്റ്റർ വിൽസൺ ജോസഫിന്റെ നേതൃത്വത്തിൽ നടത്തി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിയ സെന്റർ പാസ്റ്റർമാരും ശുശ്രൂഷകരും സംസ്കാര ശുശ്രൂഷയിൽ പ്രസംഗിച്ചു.

പുതുപ്പള്ളി ടി. പി.എം. സഭയുടെ ആദ്യകാല വിശ്വാസിയായ പരേതസുവിശേഷം അറിയിക്കുന്നതിൽ ആതീവ താല്പര്യവും ദൈവീക രോഗശാന്തിയിൽ അവസാനത്തോളം നിലനിൽക്കുകയും ചെയ്തു. മക്കൾ: റെജി. ഐവി, പരേതനായ സജി. മരുമക്കൾ: ജോയി ഡേവിഡ്സൺ.

### അന്നമ്മ സ്കറിയ



**ഒക്‌ലഹോമ:** കല്ലിശ്ശേരി തലപ്പാലാ മലയിൽ പരേതനായ ടി. കെ. സ്കറിയായുടെ ഭാര്യ ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് ലേഡീസ് മിനിസ്ട്രീസ് സജീവ പ്രവർത്തക അന്നമ്മ സ്കറിയായുടെ (75) സംസ്കാരം 21ന് വെള്ളിയാഴ്ച 12ന് ന്യൂ ഇൻഡ്യാ ദൈവസഭാ സെമിത്തേരിയിൽ നടക്കും. തുണ്ടിയിൽ കുടുംബാംഗമാണ്. മക്കൾ: വത്സമ്മ, സുമ, സാബു (യു. എസ് എ), ഇവാഞ്ചലിസ്റ്റ് ഷിബു (അഡ്മിനിസ്ട്രേറ്റർ, ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ്), മരുമക്കൾ: റോയിച്ചൻ, ജോർജ്ജ്കുട്ടി, സിനി (യു. എസ്. എ), ബിനി (ചിങ്ങവനം)

### അമ്മിണി



പുൽപ്പള്ളി അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗമായ ചെല്ലിക്കാട്ട് ചന്ദ്രന്റെ ഭാര്യ അമ്മിണി (48) ഒക്ടോബർ 17 ന് നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം ഏ. ജി. സെമിത്തേരിയിൽ നടത്തി. പാസ്റ്റർ ഗീവർഗ്ഗീസ് പി. വൈ. ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പാസ്റ്റേഴ്സ് റ്റി. ഒ. സാബു, വിജയദാസ്, തോമസ് പി. എ., പി. വി. ജോയ്, എം. സി. ജോണി എന്നിവർ അനുശോചനം അറിയിച്ചു. ബിലീവേഴ്സ് ജേണലിനുവേണ്ടി പുൽപ്പള്ളി ഏരിയ കോ - ഓർഡിനേറ്റർ പാസ്റ്റർ സജി കണ്ണാടിക്കൽ അനുശോചനം അറിയിച്ചു. മക്കൾ: കൃഷ്ണൻ, മണി. മരുമക്കൾ: ബിന്ദു.

## 06 മ്യൂസിക് ഫെസ്റ്റ് സമാപിച്ചു....

ഏകോപിച്ച് നടത്തിയ രണ്ടാമത്തെ മ്യൂസിക് ഫെസ്റ്റാണ്. സിറ്റിയിലുള്ള എല്ലാ സഭകളും പങ്കെടുക്കുകയും മനോഹരഗാനങ്ങളാപിക്കുകയും ചെയ്തു. ഇവാ. ജോയിസ്. പി. മാത്യൂസും, ബ്രദർ ജോയി വർഗ്ഗീസും പശ്ചാത്തല സംഗീതം ഒരുക്കി.

ഉദ്ഘാടനം റവ. ജോയി ജോസഫ് നിർവ്വഹിച്ചു. ഫാദർ ജോർജ്ജ് കിളിച്ചുമല മുഖ്യ സന്ദേശം നൽകി. ബ്രദർ ജോയി ഏബ്രഹാം നന്ദി പറയുകയും പാസ്റ്റർ കെ. ജെ. മാത്യുവിന്റെ സമാപന പ്രാർത്ഥനയോട് ഈ വർഷത്തെ മ്യൂസിക് ഫെസ്റ്റിന് സമാപനം കുറിച്ചു. അടുത്ത വർഷം സമീപ പ്രദേശങ്ങളിലെ പട്ടണങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ മ്യൂസിക് ഫെസ്റ്റ് നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് സംഘാടകർ അറിയിച്ചു.

## 07 ഡാളസ്സ് റൈറ്റേഴ്സ് ഫോറത്തിന് .....

ക്രട്ടറി), ഷാജി മണിയാറ്റ് (ട്രഷറാർ) എന്നിവർക്കു പുറമെ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗഹങ്ങളായി പാസ്റ്റർ ഷിബു തോമസ് , സാം മാത്യുവും നാഷണൽ കമ്മറ്റിയിൽ നിന്നും എസ്സ്. പി. ജേയിംസ്, രാജു തരകൻ എന്നിവരും 2011 -13 കാലയളവിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. കരുത്തുറ്റ നാഷണൽ കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന അമേരിക്കയിലെ ഏറ്റവും ശക്തമായ യൂണിറ്റാണ് ഡാളസ്സ്. വിമർശനങ്ങളെ സധൈര്യം നേരിടുവാനും, സത്യസന്ധതയോടും ശക്തമായും ക്രിസ്തീയ എഴുത്തുകാരെയും യുവജനങ്ങളെയും പ്രോത്സാഹിപ്പിക്കുവാൻ പുതിയ കമ്മിറ്റി തീരുമാനം എടുത്തു. ഈ യോഗത്തിനോടനുബന്ധിച്ച് പുതിയ പ്രസിഡന്റ് പാസ്റ്റർ വി. ടി. തോമസ്സിന്റെ അദ്ധ്യക്ഷതയിൽ കഴിഞ്ഞ വർഷത്തെ സെക്രട്ടറിയായി പ്രവർത്തിച്ച് ഈ മാസം 18 ന് ഇൻഡ്യായിലേക്ക് മിഷനറി പ്രവർത്തിന് പോകുന്ന റവ. തോമസ്സ് മുല്ലക്കലിന് യാത്രയയപ്പും എല്ലാവിധ ആശംസയും പ്രാർത്ഥനയും നേരുകയുണ്ടായി.

12 കൈയ്യിലിരിക്കുന്ന ബൈബിൾ....

ക്കൂടുകളോട് നമ്മൾക്കുള്ള മനോഭാവം എങ്ങനെയാണ്. നാം ഇതിൽ നിന്നും കണ്ടെത്താൻ കൊതിക്കുന്നത് എന്താണ്?

തിരുവചനത്തിന്റെ മുമ്പിൽ കണ്ണീർ പ്രവാഹങ്ങളൂറ്റി അതിലെ താളുകൾ പിൻതലമുറകളിൽ കുതിർന്ന് പോയിട്ടുണ്ട്. വചനമർമ്മങ്ങൾ ആർത്തിയോടെ ഭക്ഷിക്കാനുള്ള വ്യഗ്രതയിൽ അതിലെ അഗ്രങ്ങളിൽ തുപ്പലിന്റെ ഈർപ്പം പിടിച്ചിട്ടുണ്ട്. വിരലുകളിലൂടൂർന്നിറങ്ങിയ വിയർപ്പു തുള്ളികളാൽ താളുകളുടെ അതിർത്തികളിലെ നിറവും പുതുമയും നഷ്ടപ്പെട്ടിട്ടുണ്ട്. അപ്പവും വെള്ളവും കൊണ്ട് തീർക്കാനാവാത്തൊരു മഹാതൃഷ്ണ നമ്മൾക്കുണ്ടായിരുന്നെങ്കിൽ കണ്ണുകൾക്ക് കാലുകളുടെ നിയോഗം നൽകുക... വചനമെന്ന പാതയിലൂടെ നമ്മൾക്ക് നയനച്ചുവടുകൾ വെച്ച് നീങ്ങാം. അധരത്തിൽ ഈ വചനം അഗ്നിയായും, വാളായും, ചുറ്റികയായും രൂപപ്പെടുമ്പോൾ ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനം നമ്മൾക്ക് ദർശിക്കാനാവും. നമ്മുടെ അധരങ്ങൾ വറ്റിക്കിടക്കുന്നൊരു മഹാനദിയാണ്. വചനം അതിലൂടെ ഒഴുക്കാരംഭിക്കട്ടെ.

ഈ തിരുവചനം കരങ്ങളിലെടുത്തപ്പോൾ നിശബ്ദരായിരുന്ന പലരിലൂടെയും യഹൂദാഗോത്രത്തിലെ ബാലസിംഹം ഗർജ്ജിച്ചു. രാജ്യങ്ങളെ ഇളക്കുകയും, സിംഹാസനങ്ങളെ മറിച്ചിടുകയും പാപന്ധകാരത്തിന്റെ ഇരുണ്ട കാടുകളിൽ കൊടുങ്കാറ്റഴിച്ച് വിടുകയും ചെയ്ത ഗർജ്ജനമായത് മാറി. ഈ സിംഹം നമ്മിൽ നിശബ്ദനായിരിപ്പാൻ ആഗ്രഹിക്കുന്നില്ല. രാവിന്റെ നിശബ്ദയാമങ്ങളിൽ പ്രാർത്ഥനാ പോരാളികളെ ഉണർത്തിയ പ്രഭാഷണങ്ങൾ പുസ്തകത്താളുകളിൽ നാം വായിച്ചിട്ടുണ്ട്. ദൈവീക അധികാരത്താൽ ജനതകൾക്ക് മേൽ ദൈവത്തിന്റെ അഗ്നി പകർന്ന യോദ്ധാക്കൾ ഇവിടെ ജീവിച്ചിരുന്നു. പാപഭൂഖണ്ഡങ്ങളിൽ കാൽവറിയുടെ രക്ത ഉറവ തുറന്ന മാനസാന്തരത്തിന്റെ ദൂത് വാഹികൾ നമ്മൾക്ക് മുന്നോടിയായ് നടന്നുപോയി. വചനഘോഷണത്തിന് വേണ്ടി ജീവൻ പണയം വെച്ചവരെ ദൈവം തന്റെ കരമാക്കി മാറ്റി. ഇനി ദൈവം അടുത്ത ഊഴം നമ്മൾക്ക് സമ്മാനിക്കുന്നു. തന്റെ ശുശ്രൂഷകരെ കാറ്റ് പോലെയും അഗ്നിജ്വാലപോലെയും ആക്കിമാറ്റുന്നവൻ നിങ്ങൾക്കായ് കാത്തിരിക്കുന്നു.

വചനവും ജീവിതവും ഒരേ പഥത്തിൽ നീങ്ങുമ്പോൾ ചരിത്രത്തിന്റെ ഭാഗമാകുന്ന ആ ശുശ്രൂഷ നമ്മിലൂടെ ആരംഭിക്കുകയായ്. ഒരു ജന്മദിന സമ്മാനമായ് ഒരു കുട്ടിക്ക് ഒരു ബൈബിൾ നൽകി. അവർ ആ ബൈബിൾ വാങ്ങിയിട്ട് പറഞ്ഞു ഇതിൽ എന്തെങ്കിലും ഒരു വാക്ക് എഴുതിത്തരണം. അദ്ദേഹം അതിന്റെ ആദ്യം പേജിൽ ഇങ്ങനെ എഴുതി.

"ഈ വചനം നീ വ്യാഖ്യാനിക്കുന്നത് നിന്റെ
ജീവിതം കൊണ്ടായിരിക്കട്ടെ!"

വചനത്തോട് മായം കലർത്താത്ത വിശ്വസ്തന്മാർ ഉദയം ചെയ്യുമ്പോൾ! ദൈവത്തിനായുള്ള ആവേശത്താൽ ജ്വലിക്കുന്നവർ രംഗപ്രവേശം ചെയ്യുമ്പോൾ! ആ വ്യക്തി നിങ്ങളായ് മാറുമ്പോൾ ഈ യുഗം പറയും യഹൂദാ ഗോത്രത്തിലെ ബാലസിംഹം നിങ്ങളിലൂടെ ഗർജ്ജിച്ച് തുടങ്ങിയിരിക്കുന്നു. കേവലം കരങ്ങളിൽ മാത്രം ഇരിക്കുന്ന ആ ബൈബിൾ മടക്കുക. ജീവിതത്തിൽ അതിനെ നിവർത്തുക.. സാക്ഷാൽ വചനമായവൻ നമ്മിലൂടെ ശബ്ദിച്ച് തുടങ്ങട്ടെ!

# ദിശ 2011

കോഴിക്കോട് ദിശ മൾട്ടിമീഡിയ എക്സിബിഷന്റെ പ്രയർകാർഡ് പ്രകാശനം ഒക്ടോബർ 1ന് കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ് ഓഡിയോ വിഷൻ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. ദിശ ഓർഗനൈസിംഗ് ടീം ചെയർമാൻ പ്രൊഫസർ പി. പി. സ്കറിയ പാസ്റ്റർ ബാബു ഏബ്രഹാമിന് പ്രയർകാർഡിന്റെ മാതൃക നൽകിയാണ് പ്രകാശനം നിർവ്വഹിച്ചത്.

സുവിശേഷ പ്രവർത്തനരംഗത്ത് പുതിയ ചുവടുവെപ്പിന് ആരംഭം കുറിച്ച ദിശ മൾട്ടിമീഡിയ എക്സിബിഷൻ അനേക വിശ്വാസികളുടെ പ്രാർത്ഥനയുടെ ഫലമായി മലബാറിന്റെ തലസ്ഥാനമെന്നറിയപ്പെടുന്ന കോഴിക്കോടും നടക്കുവാനുള്ള ക്രമീകരണങ്ങളുടെ ആരംഭമായിട്ടാണ് പ്രയർകാർഡ് പുറത്തിറക്കിയത്. നവംബർ 26- 30 വരെ കോഴിക്കോട് മറൈൻ ഗ്രൗണ്ടിൽ വെച്ചാണ് 5 ദിവസം നീണ്ടുനിൽക്കുന്ന ദിശ 2011 മൾട്ടിമീഡിയ ബൈബിൾ എക്സിബിഷൻ നടക്കുന്നത്.

## കവിത



സജി സീതത്തോട്

## കൊയ്ത്തുപാടം

പാടമെല്ലാം വിളഞ്ഞു - കൊയ്ത്തിനു
കാലം സമാഗതമായ്
ചാഞ്ഞിടുന്നു വരമ്പിൽ - ഫലഭാര-
മേറും കതിർക്കുലകൾ

ഏന്തുവിൻ സ്നേഹിതരേ - കരങ്ങളിൽ
മൂർച്ചയേറുമരിവാൾ
പോയിടാമൊത്തുചേർന്ന്- നമ്മൾക്കു
കൊയ്തിടുവാൻ വയലിൽ

വേല വളരെയുണ്ടേ - ചെയ്തിടാൻ
വേലക്കാരോ ചുരുക്കം.
" പോരുവിനേവരുമേ - നിങ്ങളെൻ
പാടത്തു കൊയ്ത്തിനായി."

വീട്ടുവാതിൽക്കലെത്തി - വിളിക്കുന്നു
വേലക്കുടയവൻ താൻ
തുംഗപ്രതിഫലങ്ങൾ - നൽകിടാൻ
സന്നദ്ധ ചിത്തമോടെ...

ഈ ശുഭ സന്ദർഭത്തെ- ഇന്നു നീ
പാഴിലാക്കീടരുതെ.
നാളെയാവാമെന്നു നീ - നീളത്തിൽ
നാളുകൾ നീക്കിടല്ലേ,

ഇമ്പമാർന്ന സ്വരത്തിൽ - യജമാന-
നേവരേയും വിളിപ്പൂ
ആ ക്ഷണം സ്വീകരിച്ച് - പോയിടാൻ
ആരുണ്ട് സ്നേഹിതരേ..?

01 ജനറൽ കൺവൻഷൻ .....

## ഏ.ജി....

ക്കുന്ന സംയുക്ത സഭായോഗം ജനുവരി 22 ഞായർ രാവിലെ 9 ന് ആരംഭിക്കും. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി വിപുലമായ കമ്മറ്റി ഓഗസ്റ്റ് 20 ന് പുനലൂരിൽ കൂടിയ സഭാ പ്രസ്ബിറ്ററി തെരഞ്ഞെടുത്തു.

ജനറൽ കോർഡിനേറ്റർ പാസ്റ്റർ തോമസ് ഫിലിപ്പ് ; ഗാനശുശ്രൂഷ ഏ.ജി. ക്വയർ; പന്തൽ പാസ്റ്റർ സാം പി. ദാനിയേൽ; കൺവീനർ പാസ്റ്റർ റ്റി. വി. ജോർജ്ജുകുട്ടി; പബ്ലിസിറ്റി പാസ്റ്റർ കെന്നഡി പോൾ (കൺവീനർ), പാസ്റ്റർ സി.ഐ. പാപ്പച്ചൻ, പാസ്റ്റർ ബാബു ജോർജ്ജ് ചിറ്റാർ, ബ്രദർ ജോർജ്ജുകുട്ടി; മീഡിയ കമ്മറ്റി ബ്രദർ ഷാജൻ ജോൺ ഇടയ്ക്കാട് (കൺവീനർ), പാസ്റ്റർ പി. ബേബി,, പാസ്റ്റർ റ്റി. വി. തങ്കച്ച; വാളണ്ടിയേഴ്സ് പാസ്റ്റർ ജെ പി. ബോവസ് (കൺവീനർ), പാസ്റ്റർ പ്രകാശ് ജോൺ, പാസ്റ്റർ ജിനു കെ. വർഗീസ്; അക്കോമഡേഷൻ പാസ്റ്റർ ജോൺസൻ ജി. സാമുവൽ (കൺവീനർ), പാസ്റ്റർ എം. പി. തോമസ്; ലൈറ്റ് ആന്റ് സൗണ്ട് പാസ്റ്റർ കെ. വൈ. വിൽഫ്രഡ് രാജ്; പ്രാർത്ഥന പാസ്റ്റർ സി.ജെ. സാമുവൽ (കൺവീനർ), പാസ്റ്റർ കെ.എസ്. സുരേഷ്, പാസ്റ്റർ റജി വർഗീസ്, പാസ്റ്റർ പി.ഡി. ജോൺസൻ; ട്രാൻസ്പോർട്ടേഷൻ പാസ്റ്റർ എം. എ. ഫിലിപ്പ് (കൺവീനർ), പാസ്റ്റർ ജോസ് കെ. തോമസ്, ബ്രദർ സാം ജോർജ്ജ്; തിരുവത്താഴം പാസ്റ്റർ തോമസ് മാത്യു (കൺവീനർ), പാസ്റ്റർ എ. രാജൻ, പാസ്റ്റർ സാം റ്റി. ബേബി; സ്നാനം പാസ്റ്റർ ബാബു വർഗീസ് (കൺവീനർ), പാസ്റ്റർ കെ. ജോയി, പാസ്റ്റർ കെ. വൈ. വിൽഫ്രഡ് രാജ്; അഷേഴ്സ് പാസ്റ്റർ ഗീവർഗീസ് തോമസ് (കൺവീനർ), പാസ്റ്റർ തോമസ് ഏബ്രഹാം, പാസ്റ്റർ വി. സാമുവൽ; സ്റ്റേജ് അറേജ്മെന്റ് പാസ്റ്റർ കെ. പി. ചെറിയാൻ (കൺവീനർ), പാസ്റ്റർ സജി ഏബ്രഹാം; ഹെൽത്ത് പാസ്റ്റർ വർഗീസ് ജോൺ (കൺവീനർ), പാസ്റ്റർ അലക്സാണ്ടർ സാമുവൽ ഫിനാൻസ് കമ്മറ്റി പാസ്റ്റർ കെ. ജോയി (കൺവീനർ), പാസ്റ്റർ ബാബു വർഗീസ്, പാസ്റ്റർ ബിജു ദാനം, ബ്രദർ എൻ. ഏബ്രഹാം, ബ്രദർ ജോർജ്ജ് ജോൺ, ബ്രദർ ഏബ്രഹാം പോൾ, ബ്രദർ ഡേവിഡ് ശാമുവൽ, ബ്രദർ ആൽബർട്ട് ജെ., ബ്രദർ വർഗീസ് കെ. ഡാനിയേൽ; സാമൂഹ്യസേവനം ഡിസ്ട്രിക്ട് സി.എ. ഡിപ്പാർട്ട്മെന്റ്

## ചർച്ച് ഓഫ് ഗോഡ്

ളുടെ ഗ്രാജുവേഷൻ എന്നിവ നടക്കും. 'എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും' എന്നതാണ് കൺവൻഷൻ തീം. കൺവൻഷന്റെ നടത്തിപ്പിനായി വിപുലമായ ആലോചനായോഗം ഒക്ടോബർ 18 ഉച്ചയ്ക്ക് 3 മണിയ്ക്ക് സഭാ ആസ്ഥാനമായ മുളക്കുഴയിൽ നടന്നു.

## ശാരോൻ

എ. വർഗ്ഗീസ്, എം. എം. ജോൺ (ക്വയർ), ജേക്കബ് ജോർജ്ജ് (അക്കോമഡേഷൻ), ഏബ്രഹാം മന്ദമരുതി, തോമസ് മാത്യു (വോളന്റിയർ), കെ. ഇ. ജോർജ്ജുകുട്ടി (ട്രാൻസ്പോർട്ടേഷൻ), സി. വി. ജോൺ, ബോസ് എം. കുരുവിള (അറേഞ്ചുമെൻസ്), ശാരോൻ ക്വയർ ഗാനശുശ്രൂഷയ്ക്കു നേതൃത്വം വഹിക്കും.

## ഫിലദെൽഫ്യാ

(വൈസ് പ്രസിഡന്റ്), കെ. ഒ. വർഗ്ഗീസ് (ജനറൽ സെക്രട്ടറി), സിസ്റ്റർ മേരി മാത്യൂസ്, പാസ്റ്റർ ഫിന്നി ഫിലിപ്പ്, പാസ്റ്റർ പോൾ മാത്യൂസ് തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ പ്രസംഗിക്കും. സിസ്റ്റർ സംഗീതയുടെ നേതൃത്വത്തിലുള്ള ഫിലദൽഫിയ ക്വയർ ഗാനങ്ങളാലപിക്കും. കൺവൻഷനോടുബന്ധിച്ച് ശുശ്രൂഷകസമ്മേളനം ഫിലദൽഫിയ ബൈബിൾ കോളേജ് ബിരുദദാനം, മെഡിക്കൽ ക്യാമ്പ് എന്നിവ നടക്കും.

ഡോ. തോമസ് മാത്യു തുടക്കം കുറിച്ച നവാപൂർ കൺവൻഷൻ മൂന്നു പതിറ്റാണ്ടു പിന്നിടുമ്പോൾ ഭാരതത്തിലെ ഏറ്റവും വലിയ ആത്മീയ സംഗമങ്ങളിലൊന്നായി മാറിക്കഴിഞ്ഞു. വിവിധ ഗോത്രങ്ങളിലിൽ നിന്നും ഭാഷകളിൽ നിന്നുമായി പതിനായിരങ്ങൾ പങ്കെടുക്കുന്നു. ഈ ആത്മീയ സംഗമത്തിന്റെ സംഘാടകർ ഫിലദെൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി ആയിരത്തിലധികം സഭകൾ ഫിലദെൽഫിയ ഫെലോഷിപ്പിനുണ്ട്.

# പെന്തെക്കോസ്തു മിഷൻ അന്തർദേശീയ യുവജനക്യാമ്പ്

ചാക്കോ കെ. തോമസ്

ചെന്നൈ: ദി പെന്തെക്കോസ്തു മിഷൻ സഭയുടെ അന്തർദേശീയ യുവജനക്യാമ്പ് നവംബർ 17-20 വരെ ചെന്നൈ ഇരുമ്പല്ലിയൂർ കൺവൻഷൻ സെന്ററിൽ നടക്കും. സിലോൺ, ഓസ്ട്രേലിയ, മലേഷ്യ, അമേരിക്ക, ദുബായ് തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്നും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള 15000-ൽ പരം യുവതിയുവാക്കൾ ക്യാമ്പിൽ പങ്കെടുക്കും. ദുഷ്ടശക്തികൾക്ക് എതിരായുള്ള യുദ്ധം എന്നതാണ് ക്യാമ്പിന്റെ ചിന്താവിഷയം.

പെന്തെക്കോസ്തു മിഷൻ സഭയുടെ ഏറ്റവും വലിയ യുവജന ക്യാമ്പാണിത്. ക്യാമ്പിൽ പങ്കെടുക്കുന്ന യുവതി യുവാക്കൾക്ക് താമസവും ഭക്ഷണ സൗകര്യവും കൺവൻഷൻ സെന്ററിൽ ഒരുക്കിയിട്ടുണ്ട്. സഭയുടെ പ്രധാന ശുശ്രൂഷകർ ക്യാമ്പിന് നേതൃത്വം നൽകും.

# പാസ്റ്റർ ബാബു ജോർജിന് അനുമോദനം

ഇടയ്ക്കാട്: സൗത്ത് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ബാബു ജോർജിന് ജന്മനാടിന്റെ അനുമോദനം. ഇടയ്ക്കാട് അസംബ്ലീ ഓഫ് ഗോഡ് സഭയിൽ നടന്ന അനുമോദന സമ്മേളനം ഐ.പി.സി ജോയിന്റ് സെക്രട്ടറി പാസ്റ്റർ ബഞ്ചമിൻ വർഗീസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ഒ.സാമുവേൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സി.വൈ. തങ്കച്ചൻ, പാസ്റ്റർ തോമസ് ജോസഫ്, പാസ്റ്റർ ടി.ജി. ശാമുവേൽ, ജി. തോമസ്, പാസ്റ്റർ അലക്സ്, പാസ്റ്റർ ജോസ് വർഗീസ് (ഐ.പി.സി.), ഷാജൻ ജോൺ ഇടയ്ക്കാട്, ടി.ഐ. എബ്രഹാം, പി.ഒ. ജോൺ, പാസ്റ്റർ ജെയിംസ് യോഹന്നാൻ, പാസ്റ്റർ തോമസ് മാത്യു, ബ്രദർ ജെയിംസ് പി, ബ്രദർ ജോയി തുടങ്ങിയവർ പ്രസംഗിച്ചു.

25 October 2011
Vol: 04, Issue: 20
RNI. No. KERMAL/2008/26530
Postal Reg. No. KL/TLA225/2009-11
Posted on 25 the OCTOBER 2011 at RMS Thiruvalla

Believers Journal

BELIEVERS JOURNAL
P.O. Box: 31, Manjadi P.O
Thiruvalla, Kerala - 689 105
Office: 9349276586, Mob: 9447368795
beljourn@gmail.com,www. beljourn.com

ലേഖനം

# കൈയ്യിലിരിക്കുന്ന ബൈബിൾ മടക്കുക!



ക്രിസ്റ്റി. പി. ജോൺ,
പള്ളിക്കുന്നേൽ - 9048417533

*നിന്റെ നിശ്വാസങ്ങളുടെ*
*പൊരുൾ തേടിയാണീയാത്ര*
*ഞങ്ങളിൽ ആത്മാക്കൾക്കത്*
*ജീവോർജ്ജമാണ്*
*ജ്വലിക്കുന്ന സൂര്യനും*
*ഊർജ്ജം നിൻ വാക്ക്*
*നിൻ വാക്ക് ഘോഷിക്കും*
*നാക്ക് സർവ്വം നന്ദിതം.*

അറുപത്താറു നിലവറകളിൽ കൊയ്ത്തു കൂട്ടാവുന്ന ധാന്യമല്ല ദൈവം! പിന്നെങ്ങനെ അവൻ അറുപത്താറു പുസ്തകത്തിന്റെ ഉള്ളടരുകളിൽ ഒതുങ്ങും? അവിടുന്ന് എങ്ങും ഒതുങ്ങുന്നില്ല. സർവ്വശൂന്യതകളെയും കവിഞ്ഞുതുടുമ്പുമാറാക്കുന്ന പരിപൂർണ്ണൻ. ആകാശം എന്ന വാക്കിനെ ചുവരിലെഴുതാം പേപ്പറിൽ പകർത്താം വിശദീകരണങ്ങൾ നൽകാം. എന്നാൽ ആകാശം ആ പേപ്പറിൽ തീരുന്നില്ല. കൺതുറന്ന് ആ അനന്തവിഹായുസ്സിനെ സവിസ്തരം വീക്ഷിക്കുക. അറുപത്താറു ലിഖിതങ്ങളിൽ അവിടുത്തെ വാങ്ങ്മയ ചിത്രം ലഭ്യമാണ്. ക്രിസ്തുവിൽ അതിന്റെ ദൃശ്യത പൂർണ്ണമാണ്. പിതാവിൽ നിന്നുള്ള ആ ദിവ്യ തേജസ്സ് പുത്രനാം ക്രിസ്തുവിൽ നാം അതുപോലെ തന്നെ കാണുന്നു.

കരങ്ങളിലിരിക്കുന്ന വേദലിഖിതങ്ങളിൽ നാം തിരയുന്നത് എന്താണ്? തിരുവചനത്തിൽ ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാന്മാർ അവനെ കണ്ടെത്തും. അന്വേഷിച്ചാൽ കണ്ടെത്തുന്ന ഗുപ്തനിധിയാണ് ദ്രഹ്മയാണ് ക്രിസ്തു. തിരുവചന വീഥികളിൽ സ്വയ നിലപാടുകളുടെ പിന്നാലെ ഗമിക്കുന്നതാണ് അപകടമാവുന്നത്. തിരുവചനമെന്ന മഹാസമുദ്രത്തിൽ പരിശുദ്ധാത്മാവാം കാറ്റ് നാമെന്ന പായ്ക്കപ്പലിനെ ചലിപ്പിക്കട്ടെ. നാം അവനെ കണ്ടെത്തുക തന്നെ ചെയ്യും. മനുഷ്യ ജ്ഞാനത്തിന്റെ വടക്കുനോക്കി യന്ത്രങ്ങൾ നമ്മുടെ ദിശതെറ്റിച്ചേക്കാം. ജ്ഞാനത്തിന്റെ വശീകരണ വാക്കുകൾക്കപ്പുറത്ത്, ദൈവമെന്ന സമസ്യാപുരണത്തെ നാം കണ്ടെത്തുമ്പോൾ തമ്മിലൂടെ വചനം സംസാരിച്ച് തുടങ്ങും. ബോറൻ പ്രഭാഷണങ്ങൾ കൊണ്ട് കേൾവിക്കാർക്കിടയിൽ കഷായം വിളമ്പുമ്പോൾ മറുഭാഗത്ത് ചിലർ ശാരോനിൽ പനിനീർ പുഷ്പത്തെ കേൾവിക്കാർക്കു നൽകുന്നു. എന്തുകൊണ്ടിത് എല്ലാവർക്കും ആകുന്നില്ല. മറ്റൊരു വ്യക്തിക്കത് സാധ്യമെങ്കിൽ നമ്മൾക്കും അത് സാധ്യമാണ്. പൂത്തുനില്ക്കുന്ന ആ പനിനീർ പുഷ്പത്തെ തേടി ധ്യാനത്തിന്റെ വൃന്ദാവനത്തിൽ ചെല്ലുന്നവർക്കേ അത് ലഭ്യമാകൂ..

ഒന്നുപയോഗിച്ച ഡിസ്പോസിബിൾ ഗ്ലാസ്സുകളിൽ പിന്നീടാരും ചായ വിളമ്പാറില്ല. ചൂട് വഹിപ്പാൻ അതിനാകില്ല എന്നത് തന്നെ കാരണം. പെൻഷൻ പറ്റിയ പ്രസംഗകുറിപ്പുകൾ അച്ചടിച്ച് വിൽക്കുന്നതും അത് ഉപയോഗിച്ച് ജനത്തെ വിഡ്ഢികളാക്കുന്നതും വലിയൊരു സാമൂഹ്യ വിപത്താണ്. അന്യന്റെ ആനയെ നാം തങ്കചങ്ങലയാൽ തളച്ച് കെട്ടിയാലും അത് നമ്മുടെ താവില്ല.

“പ്രാ” എന്ന പേരിൽ (പ്രസംഗം) പുറത്തിറക്കിയ ചവറുകൾക്കൊക്കെ മൂന്നും നാലും പതിപ്പുകൾ ഉണ്ടായത് ശുശ്രൂഷാവൃന്ദത്തിന്റെ അലസത കൊണ്ട് മാത്രമാണ്. അപ്പോസ്തലരുടെ പ്രസംഗത്തിൽ ആത്മരക്ഷയും അത്ഭുതങ്ങളും നടന്നു. അതേ ബൈബിൾ പ്രസംഗിക്കുന്ന നമ്മൾക്കെന്ത് കൊണ്ടിത് സാധ്യമാവുന്നില്ല? നാം വചനത്തിൽ പ്രസംഗങ്ങൾ തിരയുന്നു. അവർ ദൈവശക്തിയെ തിരഞ്ഞു. നാം ഇപ്പോൾ ശുശ്രൂഷിക്കുന്ന ഒരു നിലവാരം ആണോ ദൈവം നമ്മിൽ നിന്നും കൊതിക്കുന്നത്? ബലഹീനരിലൂടെ ദൈവം വെളിപ്പെടുത്താനാഗ്രഹിക്കുന്ന തന്റെ സർവ്വശക്തി വർണ്ണതാതീധമാണ്. ഭോഷന്മാരുടെ അധരങ്ങളിലൂടെ ദൈവം വിളംമ്പരം ചെയ്യുന്ന സ്വർഗ്ഗീയ ജ്ഞാനം ലോകത്തിന്റെ മുഖം താഴ്ത്തതക്കതാണ്. കുലഹീനവും നികൃഷ്ടവുമായതിലൂടെ വെളിപ്പെടുന്ന ദൈവപ്രവർത്തി ഭൂമിയെ കീഴ്മേൽ മറിക്കും വിധമാണ്.

ഒരു പ്രസംഗകൻ ഇങ്ങനെ പറഞ്ഞു. “നിങ്ങളാരും ഇനി ബൈബിൾ വായിക്കരുത് പകരം നമ്മൾക്കിത് ധ്യാനിക്കാം. വേദപഠനകാലത്ത് ഒരു അദ്ധ്യാപകൻ ഇങ്ങനെ പറഞ്ഞു. “നിങ്ങൾ ഇത് കണ്ണുകൊണ്ടും വായ്ക്കൊണ്ടും ഹൃദയം കൊണ്ടും വായിക്കണം”. ആത്മനിയോഗത്തിന്റെ ഈ അക്ഷര

11

**ക്രിസ്റ്റി. പി. ജോൺ**
**പള്ളിക്കുന്നേൽ പി. ജെ. ജോൺ, ലിസ്സി ദമ്പതികളുടെ മൂത്തമകൻ, വാഴൂർ സ്വദേശി, സഭാ ശുശ്രൂഷകൻ, പ്രഭാഷകൻ, എഴുത്തുകാരൻ, സംഘാടകൻ, യുവജന പ്രവർത്തകൻ, ഗായകൻ, കാർട്ടൂണിസ്റ്റ് എന്നീ നിലകളിൽ ക്രൈസ്തവ രംഗത്ത് വളർന്നുവരുന്ന യുവ എഴുത്തുകാരൻ!**

**നമ്മുടെ പെന്തെക്കോസ്തുകാർക്ക് എന്തുപറ്റി.**
**വീഴ്ച സംഭവിച്ചതെവിടെ?**
**ഒരു മടങ്ങിവരവ് അനിവാര്യമോ?**
**ദൈവവചന വെളിച്ചത്തിൽ ഒരു വിശകലനം**

**അടുത്ത ലക്കം മുതൽ വായിക്കുക**

## വിചാരണ




# ഐ. പി. സിയെ നയിക്കാൻ ഇവരിലാര്?

### ജനറൽ

പ്രസിഡന്റ്
1. റവ. വത്സൻ ഏബ്രഹാം
2. റവ. കെ. എം. ജോസഫ് ✱
3. റവ. കെ. ജോയി ✱

വൈസ് പ്രസിഡന്റ്
1. റവ. ബേബി വർഗ്ഗീസ്
2. റവ. ജോർജ്ജ് ഉമ്മൻ
3. റവ. കെ. എം. ജോസഫ്

ജനറൽ സെക്രട്ടറി
1. റവ. കെ. സി. ജോൺ
2. റവ. കെ. ജോയി
3. റവ. ജേക്കബ് ജോൺ

ജോയിന്റ് സെക്രട്ടറി
1. റവ. സാം ജോർജ്ജ്
2. റവ. വിൽസൺ ജോസഫ്
3. റവ. തോമസ് ഫിലിപ്പ്

ട്രഷറാർ
1. പി. എം. ഫിലിപ്പ് ✱
2. കുര്യൻ ജോസഫ് ✱
3. കെ. റ്റി. ജോഷ്വാ

### കേരളാ സ്റ്റേറ്റ്

പ്രസിഡന്റ്
1. റവ. കെ. സി. തോമസ്

വൈസ് പ്രസിഡന്റ്
1. റവ. സണ്ണി കുര്യൻ
2. റവ. ഫിലിപ്പ്. പി. തോമസ് ✱
3. പ്രൊഫ. റ്റി. സി. കോശി

സെക്രട്ടറി
1. റവ. ബാബു ചെറിയാൻ
2. റവ. ഫിലിപ്പ്.പി. തോമസ്
3. റവ. എം. പി. ജോർജജുകുട്ടി

ജോയിന്റ് സെക്രട്ടറിമാർ
1. റവ. ഷിബു നെടുവേലിൽ
2. റവ. രാജൂ പൂവക്കാല
3. റവ. ബി. മോനച്ചൻ

വിശ്വാസികൾ
1. പി. എം. ഫിലിപ്പ്
2. സണ്ണി മുളമൂട്ടിൽ ✱
3. എൽ. കെ. റോയി

ട്രഷറാർ
1. കുര്യൻ ജോസഫ്
2. സണ്ണി മുളമൂട്ടിൽ
3. വർഗ്ഗീസ് മരത്തിനാൽ

അഭിപ്രായ സർവ്വേയിൽ നിങ്ങൾക്കും പങ്കെടുക്കാം. ഈ - മെയിൽ, വെബ്സൈറ്റ്, എസ്. എം. എസ്., പോസ്റ്റൽ സംവിധാനങ്ങളിലൂടെ നിങ്ങൾക്കും വോട്ടെടുപ്പിൽ പങ്കാളിയാകാം.

**E-mail**
beljourn@gmail.com
**Website**
www.beljourn.com
**Mobile**
+91 902 046 1909
**Address**
P.O. Box. No. 31
Manjadi P.O
Thiruvalla - 689 105

✱ ഒരേ പേരുകൾ തന്നെ ഒന്നിലധികം സ്ഥാനങ്ങളിലേക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd. Eloor For Goodnews Printing Press Kottayam1 (Kerala ) Editor - Samkutty Mathew.